കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2023 ഒക്ടോബർ
വില ₹25




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




വിത്ത്
**പാർവതി**
(ചിത്രപുസ്തകം)
വില ₹50



കാടും കനവും
**സിനാഷ**
(നോവൽ)
വില ₹80



അച്ഛൻ പറഞ്ഞ കഥകൾ
**ജ്യോതിലക്ഷ്മി നമ്പ്യാർ**
(നോവൽ)
വില ₹160




ലഹരിക്കെതിരെ പടയൊരുക്കം
**ഡോ. ബി പത്മകുമാർ**
വില ₹150



സിദ്ധാർത്ഥനും ഉമ്മച്ചിയും
(നോവൽ)
ദിജി ചാലപ്പുറം
വില ₹130



താളമിടാം പാട്ടുപാടാം
(കവിത)
വട്ടപ്പറമ്പിൽ പീതാംബരൻ
വില ₹80



ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള
(ജീവചരിത്രം)
എൻ എസ് സുമേഷ്കൃഷ്ണൻ
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471 - 233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**

**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**

**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**

**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2023**
**വില ₹25**
**വാർഷികവരിസംഖ്യ ₹250**

## ഉള്ളടക്കം



## കങ്കാരു

**സച്ചിദാനന്ദൻ**

6

വയറിനു മീതേ സഞ്ചിയിലാരോ-
മിഴികളടച്ചു കിടപ്പൂ.
ഇങ്ങിനെയുണ്ടോ പിള്ളത്തൊട്ടിൽ
എങ്ങിനെ ലോലം, സ്വച്ഛം!


## ചില കൊമ്പുകഥകൾ

**വിജയകുമാർ ബ്ലാത്തൂർ**

8

കൊമ്പെന്നു തോന്നുന്നതെല്ലാം കൊമ്പാവണമെന്നില്ല. മാനിനും ആനയ്ക്കും കടന്നലിനും കാളയ്ക്കും ഒക്കെ കൊമ്പുണ്ട് എന്നു പറയും. പക്ഷേ ഇതെല്ലാം എങ്ങനെയാണ് വ്യത്യസ്തമാവുന്നത്?





## ആദിത്യ എൽ 1

**അനുരാഗ് എസ്**

26

ചന്ദ്രയാനു പുറകേ നമ്മൾ സൂര്യനെക്കുറിച്ചും പഠിക്കാൻ പോകുന്നു. അതും അങ്ങ് ബഹിരാകാശത്ത്. സൂര്യനെക്കുറിച്ച് പഠിക്കുന്നതെന്തിനാണ്? ഭൂമിയിൽനിന്ന് സൂര്യനെക്കുറിച്ചു പഠിച്ചാൽ പോരേ?

**മാറുന്ന പാട്ട്**.............................. 7
എൻ പി ചന്ദ്രശേഖരൻ
**അതിജീവനം**..............................7
രാവുണ്ണി
**ചില മധുരമനോഹര സൂക്കേടുകൾ**..........................12
അരുൺ രവി
**ഭാഷാവിചാരം**..............................17
സാബു കോട്ടുക്കൽ
**തെയ്യം പറഞ്ഞ കഥകൾ**.............18
ഡോ. രാജാ വാര്യർ
**ബ്ലാക്ക്‌വെൽ ദ്വീപിലെ ജയിൽ**......22
ഒ ഹെൻറി, പുനരാഖ്യാനം: സനൽ പി സണ്ണി
**വെള്ളപ്പക്ഷിയുടെ കാലുകൾ**......30
പുനരാഖ്യാനം: രാഹുൽ എസ്
**വിമാനം**..................................31
ശ്രീജിത്ത് അരിയല്ലൂർ
**കടലിലൊരു കാട്**.........................32
ശ്രീപ്രസാദ് വടക്കേപ്പാട്ട്
**കടുവയും അണ്ണാനും**.................36
പള്ളിയറ ശ്രീധരൻ
**എന്റെ ഇന്ത്യ**.................................38
**കർഷകന്റെ കരച്ചിൽ**................40
കെ എൻ കുട്ടി കടമ്പഴിപ്പുറം
**വിരുന്നൊരുക്കുന്ന വസന്തം**......41
സിജിത അനിൽ
**ഇളംതളിര്**..............................42
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**...........46

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**രശ്മി രാഘവൻ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

**e-mail : thaliru@ksicl.org,
director@ksicl.org**

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**



വര: ബോബി എം പ്രഭ

# മറ്റുള്ളവരെക്കൂടി പരിഗണിക്കാം

അന്താരാഷ്ട്ര അഹിംസാദിനമാണ് ഒക്ടോബർ 2. അഹിംസ എന്ന ആശയത്തിലൂന്നിയ സമരങ്ങളിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തരുന്നതിൽ മുൻപന്തിയിൽനിന്ന മഹാത്മാഗാന്ധിയുടെ ജന്മദിനം. ഈ അന്താരാഷ്ട്രദിനത്തിന്റെ ആരംഭം 2007ലായിരുന്നു. വിദ്യാഭ്യാസത്തിലൂടെയും പൊതുജനാവബോധത്തിലൂടെയും അംഹിസയുടെ പ്രാധാന്യത്തെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

ഹിംസ, അത് ഏതു രൂപത്തിലായാലും മനുഷ്യവിരുദ്ധമാണ്. രാഷ്ട്രീയസാമൂഹ്യമാറ്റങ്ങൾക്കുള്ള എളുപ്പവഴിയായി ഹിംസ ഉപയോഗിച്ചുവന്നിരുന്നു. ഇന്നും പലയിടത്തും അത്തരം അക്രമങ്ങൾ കാണാം. അവകൂടി ഇല്ലാതാക്കുകയാണ് അന്താരാഷ്ട്ര അഹിംസാദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരങ്ങൾക്കെതിരെ ബ്രിട്ടീഷുകാർ പ്രയോഗിച്ചതും അക്രമങ്ങൾതന്നെയാണ്. അതിനെതിരെയാണ് അഹിംസ എന്ന മാർഗത്തിലൂടെ ഗാന്ധിജി സമരം ചെയ്തതും നമ്മൾ സ്വാതന്ത്ര്യം നേടിയെടുത്തതും.

ഇന്ത്യ ഗാന്ധിജിയിലൂടെ ലോകത്തിനു നൽകിയ സമാധാനസന്ദേശമാണ് അഹിംസ. യുദ്ധങ്ങളും കലാപങ്ങളും

ലോകത്തെ പലയിടങ്ങളെയും കലുഷിതമാക്കുമ്പോഴൊക്കെ അഹിംസയ്ക്ക് പ്രാധാന്യം കൈവരുന്നു.

ലോകബഹിരാകാശവാരവും ഒക്ടോബറിലാണ്. പ്രപഞ്ചം മനുഷ്യരുടെ പൊതുസ്വത്താണ് എന്ന ആശയമാണ് ബഹിരാകാശവാരം മുന്നോട്ടുവയ്ക്കുന്നത്. സമാധാനപരമായ ആവശ്യങ്ങൾക്കായി മാത്രം ബഹിരാകാശത്തെ ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ ലോക രാജ്യങ്ങൾ അംഗീകരിച്ച ഒരു ഉടമ്പടിയുണ്ട്. ബഹിരാകാശത്തെയും മറ്റു ജ്യോതിർഗോളങ്ങളെയും യുദ്ധാവശ്യങ്ങൾക്കായി ഉപയോഗിക്കില്ലെന്നും, ബഹിരാകാശം ഏതെങ്കിലും രാജ്യത്തിനു മാത്രമായി അവകാശപ്പെട്ടതല്ലെന്നും പൊതുസ്വത്താണെന്നും പ്രഖ്യാപിക്കുന്ന ഉടമ്പടി. അഹിംസ എന്ന ആശയത്തിന്റെ മറ്റൊരു രൂപമാണിത്. പ്രപഞ്ചാദ്ഭുതങ്ങൾക്കു മുന്നിൽ ഹിംസയ്ക്ക് സ്ഥാനമില്ലെന്ന് മനുഷ്യർ പ്രഖ്യാപിക്കുന്ന ഉടമ്പടി! ഒക്ടോബർ 4 മുതൽ 10വരെ നടക്കുന്ന ലോക ബഹിരാകാശവാരത്തിന്റെ ഭാഗമായി നിങ്ങൾ മാറണം. ഇന്ത്യയുടെ ചന്ദ്രയാനും ആദിത്യയുമെല്ലാം അതിനു പ്രേരകശക്തിയാവട്ടേ!

ഈ ലോകം കുട്ടികളുടേതാണ് എന്നു പറയാറുണ്ട്. ഇന്നത്തെ കുട്ടികളാണ് നാളെയെ നയിക്കേണ്ടത്. അതിനാൽ അഹിംസയുടെ പ്രാധാന്യം ഏറ്റവും കൂടുതൽ ഉൾക്കൊള്ളാൻ നിങ്ങൾക്കാവണം. മറ്റുള്ളവരെക്കൂടി പരിഗണിക്കലാണ് അഹിംസ. അതിനാൽ കൂട്ടുകാർക്കിടയിലുള്ള കുഞ്ഞുകുഞ്ഞു വഴക്കുകൾ പരിഹരിച്ചുകൊണ്ട് അന്താരാഷ്ട്ര അഹിംസാദിനത്തിൽ ഓരോ കുട്ടിക്കും പങ്കാളിയാവാം.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**സ്പേസ് ട്രീറ്റി എന്നറിയപ്പെടുന്ന അന്താരാഷ്ട്ര ഉടമ്പടി ലോകസമാധാനത്തിനുള്ള ഒരു കരാർ കൂടിയാണ്. പ്രപഞ്ചം ഒരു രാജ്യത്തിന്റെയും പൊതുസ്വത്തല്ല എന്നു പ്രഖ്യാപിക്കുന്ന ഉടമ്പടി. അഹിംസ എന്ന ആശയത്തിന്റെ മറ്റൊരു രൂപം എന്ന് അതിനെ വിളിക്കാം. അന്താരാഷ്ട്ര അഹിംസാദിനവും ലോക ബഹിരാകാശവാരവും ഒരുമിച്ചുവരുന്ന ഒക്ടോബറിൽ സമാധാനത്തിന്റെ സന്ദേശവാഹകരായി നമുക്കോരോരുത്തർക്കും മാറാം.**

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

# കൈത

**ശാസ്ത്രീയനാമം: പണ്ടാനസ് കൈത**
(Pandanus kaida))

കൈതയുടെ ഇലകൾ നിലത്തുവിരിച്ച് ആഹാരം കഴിക്കാറുണ്ട്. ഹൃദ്യമായ ഗന്ധമുള്ളതുകൊണ്ട് കൈതപ്പൂക്കൾ അലങ്കാരത്തിനായി ഉപയോഗിക്കുന്നു.

### ഔഷധഗുണങ്ങൾ
ഇലയുടെയും വേരിന്റെയും നീര് മതിഭ്രമമുള്ളവരെ കുളിപ്പിക്കാനും ധാരകോരാനും ഉപയോഗിക്കുന്നു. വേരുകഷായം വയറിളക്കം മാറ്റുന്നു. വേരുനീര് വേർപെടുത്തിയാൽ വാതനാശിനിയായ എണ്ണ ലഭിക്കും.



*ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*

# കങ്കാരു

സച്ചിദാനന്ദൻ

ചാടിച്ചാടി നടപ്പൂ പുല്ലും
കാരിക്കാരിക്കങ്കാരു.
ചെവികൾ കൂർപ്പിച്ചങ്ങോട്ടിങ്ങോ-
ട്ടുരുളും തലയും കണ്ണും.

വയറിനു മീതേ സഞ്ചിയിലാരോ-
മിഴികളടച്ചു കിടപ്പൂ.
ഇങ്ങിനെയുണ്ടോ പിള്ളത്തൊട്ടിൽ
എങ്ങിനെ ലോലം, സ്വച്ഛം!

ഒന്നു കിടക്കണമതിലെന്നല്ലോ
അമ്മുവിനിപ്പോൾ മോഹം.
പുല്ലിൽ ചാടി നടന്നിടുമമ്മ,
ഒന്നിച്ചുയരും ഞാനും!

കൂർപ്പിക്കും ചെവി, കാറ്റിൻ താരാ-
ട്ടൊപ്പിയെടുത്തു മയങ്ങും.

അമ്മുവിനിങ്ങനെയുണ്ടാക്കാമോ
അമ്മേ പട്ടിൻ തൊട്ടിൽ?
എന്നെയുമേറ്റി നടന്നീടാമോ
പുല്ലിൽ, പുഴയോരത്തിൽ?

എങ്കിൽ കടലുകടന്നൊരു നാടിൻ
ചിഹ്നമതായ്* നാമുയരും!



*കങ്കാരു അധികവും
കാണപ്പെടുന്നത്
ഓസ്ട്രേലിയയിലാണ്.
ആ ഭൂഖണ്ഡത്തിന്റെ
പ്രതീകവുമാണത്.

വര: വെങ്കി

കവിത

# മാറുന്ന പാട്ട്

**എൻ പി ചന്ദ്രശേഖരൻ**



“ആമ്പിള്ളേർ - പെമ്പിള്ളേർ പാടാനാരുണ്ട്?
ആപ്പാട്ട് ഞങ്ങൾക്കറിയാം പാടാം.
എന്നാൽപ്പാട് പാടിക്കളിക്ക്.”

“ആമ്പിള്ളേരെങ്ങനെയുണ്ടായീ?
വമ്പും ഡംഭും വാശീം പകയും
ചേറും ചെളിയും കൂട്ടീട്ട്.

പെമ്പിള്ളേരെങ്ങനെയുണ്ടായീ?
കുശുമ്പും കുനുറും നീളൻ നാവും
പേനുള്ള തലയും ചേർന്നിട്ട്.”

“ആ പാട്ടു മാറ്റാൻ കാലമായീ
വേറേ പാട്ടു പാടാൻ നേരമായീ
പാടാം പാടാം പാടാം പാടാം:

ആമ്പിള്ളേരെങ്ങനെയുണ്ടായീ?
പെമ്പിള്ളേരുണ്ടായ കാവീന്ന്
പെമ്പിള്ളേരുണ്ടായ മരത്തീന്ന്!

പെമ്പിള്ളേരെങ്ങനെ ഉണ്ടായി?
ആമ്പിള്ളേരുണ്ടായ കൊമ്പീന്ന്
ആമ്പിള്ളേരുണ്ടായ ഞെട്ടീന്ന്!”

വര: സുധീർ പി വൈ



കവിത

# അതിജീവനം

**രാവുണ്ണി**

കടലു കാണുമ്പോൾ പകച്ചുനിൽക്കുന്ന
മാനുഷരെങ്ങനെയക്കരെയെത്തുവാൻ?
ഓരോ തിരയും മുറിച്ചു മുന്നേറണം
പതറാത്ത കൈയാൽ പങ്കായമേന്തണം

തമസ്സു ചുറ്റിലും വളഞ്ഞു നിൽക്കുമ്പോൾ
പകച്ചു നിൽക്കാതെ ചൂട്ടായി മാറണം
കുന്നത്തു വെച്ച വിളക്കെന്ന പോലവേ
ചുറ്റും വെളിച്ചം വിതച്ചു പടർത്തണം

തീക്കാറ്റു വീശും മണൽക്കാട്ടിൽ മാരിയായ്
തുള്ളിക്കൊരു കുടം പെയ്യുവാനാവണം
പ്രളയത്തിലാണ്ടാണ്ടു മുങ്ങുന്ന ഭൂമിയെ
തൂവെയിൽകൈയാൽ തുണയ്ക്കുവാനാകണം

ഏഴകൾക്കെപ്പൊഴും തുഴയായി മാറണം
വീണുപോവുന്നോർക്കു തുണയായി നിൽക്കണം
അന്യരായാരുമേയില്ലാതെയാവണം
ഞാനെന്നഹന്തയുമില്ലാതെയാവണം.



വര: അഞ്ജന തെക്കിനിയിൽ



# ചില കൊമ്പു കഥകൾ

വിജയകുമാർ ബ്ലാത്തൂർ

'ഇയാൾക്കെന്താ കൊമ്പുണ്ടോ' എന്ന ചോദ്യത്തിൽ കൊമ്പുള്ള ആൾക്ക് മറ്റുള്ളവർക്കില്ലാത്ത ചില പ്രത്യേകാവകാശങ്ങളുണ്ട് എന്ന ധ്വനി ഉണ്ട്. 'ഞാൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്' എന്ന ശൈലിയിലെ കൊമ്പ്, ചിലരുടെ പിടിവാശികളെ കളിയാക്കാൻ വേണ്ടി മാത്രമുള്ളതാണെങ്കിലും ഇവിടത്തെ കാട്ടു മുയലുകളുടെ (Hare) കുത്തനെ പിടിച്ച കൊമ്പുപോലെ തോന്നുന്ന നീളൻ ചെവികളുടെ രൂപം മൂലം ചിലപ്പോൾ അവരെ 'കൊമ്പൻ' എന്നും വിളിക്കാറുണ്ട്. കൊമ്പെന്നു വിളിക്കുന്നതെല്ലാം കൊമ്പാവണമെന്നില്ല! അങ്ങനെ കുറെ കൊമ്പുകഥകൾ ഇന്നറിയാം!

ആഫ്രിക്കയിൽ കാണപ്പെടുന്ന ഇംപാല എന്ന കലമാൻ. അര മീറ്റർ മുതൽ ഒരു മീറ്റർവരെ വലിപ്പമുള്ള കൊമ്പുകളാണ് ആൺ ഇംപാലകൾക്കുള്ളത്.
ഫോട്ടോ: Muhammad Mahdi Karim / Wikimedia Commons

**മാ**നുകളും അവരുടെ ബന്ധുക്കളും ഉൾപ്പെടുന്ന സെർവിഡെ കുടുംബത്തിൽ(**Cervidae**)പ്പെട്ടവർക്കാണ് നമ്മൾ കൊമ്പുകൾ കാണാറ്. എന്നാൽ അത് ആന്റ്ലെർ എന്ന തരം കൊമ്പാണ്. തലയോടിന്റെ ഭാഗമായി സാധാരണയായി ആൺമാനുകൾക്ക് തലയിൽ ഉണ്ടാകുന്ന ഒരു അവയവം ആണിത്. ഇണകളെ ആകർഷിക്കാനും എതിരാളികളോടു പൊരുതാനുമാണ് ഇത് ഉപയോഗിക്കുന്നത്. അസ്ഥി, കാർട്ടിലേജ്, ഫൈബർ കലകൾ ഒക്കെച്ചേർന്ന് ഉണ്ടാകുന്ന ഇത്തരം കൊമ്പിൽ തൊലി, നെർവുകൾ, രക്തക്കുഴൽ എന്നിവയും ഉണ്ട്. ശാഖകളായി വളരുന്ന ഈ കൊമ്പുകൾ ആൺമയിലിന്റെ പീലികൾപോലെ ഒരോ വർഷവും പൊഴിഞ്ഞുപോകുകയും വീണ്ടും വളരുകയും ചെയ്യും.

എന്നാൽ ബൊവിഡെ (**Bovidae**) വിഭാഗത്തിൽപ്പെടുന്ന സസ്തനികളായ ആടുകൾ, പശു, എരുമ, പോത്ത്, കാട്ടുപോത്ത് തുടങ്ങിയവയുടെ കൊമ്പുകൾ സ്ഥിരമായുള്ളതാണ്. ഉള്ളിൽ അസ്ഥിയാണുണ്ടാകുക. അതിന്റെ പുറത്ത് നമ്മുടെ നഖഭാഗങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന കെരാറ്റിൻ എന്ന വസ്തുകൊണ്ട് പൊതിഞ്ഞതാണ് ഇവരുടെ കൊമ്പുകൾ. ഇത് ആന്റ്ലെർ കൊമ്പുകൾപോലെ പൊഴിയുന്നതല്ല. അതിനാൽ ഈ കൊമ്പുകളെ ഹോൺസ് എന്നാണ് പറയുക. ആണിലും പെണ്ണിലും ഇത്തരം കൊമ്പുകളുണ്ടാകും. ഇവ നീണ്ടും ചുരുണ്ടും വളഞ്ഞും ഒക്കെയുള്ള രൂപത്തിൽ കാണാമെങ്കിലും ഇവയ്ക്ക് ശാഖകളുണ്ടാവില്ല.



▲
റെഡ് ഡിയറിന്റെ കൊമ്പ്. ആന്റ്ലെർ എന്നു വിളിക്കപ്പെടുന്ന ഈ കൊമ്പ് ഇടയ്ക്ക് പൊഴിഞ്ഞുപോവുകയും പുതിയവ മുളച്ചുവരികയും ചെയ്യും.
ഫോട്ടോ: Bill Ebbesen / Wikimedia Commons

കൊമ്പ് ശരിക്കും നെറ്റിയിലാണ് വേണ്ടതെങ്കിലും ആനയുടെ കൊമ്പ് വായിലാണല്ലോ. ഏഷ്യൻ ആനകളിൽ ആണിന് മാത്രമാണ് കൊമ്പുള്ളത്. അതിനാൽ തലയെടുപ്പുള്ള കൊമ്പൻ എന്ന് കേട്ടാൽ വലിയ കൊമ്പുള്ള ആൺ ആന എന്നേ ചിന്ത വരൂ. എന്നാൽ ആഫ്രിക്കൻ ആനകളിൽ ആണിനും പെണ്ണിനും കൊമ്പുണ്ട്. ആനകളുടെ മേൽത്താടിയിലെ രണ്ടാം ഉളിപ്പല്ലുകളാണ് കൊമ്പുകൾ ആകുന്നത്. അവ ജീവിതകാലം മുഴുവൻ വളർന്നുകൊണ്ടിരിക്കും. എല്ലാ ജീവികൾക്കും ഭക്ഷണം കടിക്കാനും ചവയ്ക്കാനും വിഴുങ്ങാനും ഒക്കെ സഹായിക്കുന്ന അവയവമാണല്ലോ പല്ലുകൾ. ആനയുടെ കൊമ്പായ ഈ പല്ലുകൾ വായയും വിട്ട് പുറത്തേക്കു നീണ്ടതിനാൽ അവകൊണ്ട് അങ്ങിനെ ഉപകാരം ഇല്ല. പഴയകാലത്ത് ചില പുരുഷന്മാർ ഗമയ്ക്കു വേണ്ടി കൊമ്പൻമീശ പിരിച്ചുകാണിക്കുന്നതുപോലെ മറ്റ് ആനകളുടെയും വലിയ ഇരപിടിയരുടെയും മുന്നിൽ കൊമ്പനാനകൾ തങ്ങളുടെ കൊമ്പിന്റെ പത്രാസ് കാണിച്ച് പേടിപ്പിക്കുന്നുണ്ടാവാം. ഇണകളെ ആകർഷിക്കാനും, കുഞ്ഞുങ്ങളേയും മറ്റും ആക്രമിക്കാൻ വരുന്ന പുലി-കടുവകൾ പോലുള്ളവയെ കുത്തിയോടിക്കാനും ഈ കൊമ്പ് സഹായിക്കും. മണ്ണിൽ കുഴിച്ച് വെള്ളം കണ്ടെത്താനും വേരുകളും കിഴങ്ങുകളും പുറത്തെടുക്കാനും മരത്തിന്റെ തൊലി അടർത്താനും എതിരാളികളായ ആനകളെയും മറ്റു മൃഗങ്ങളെയും നേരിടാനും മേൽക്കോയ്മ സ്ഥാപിക്കാനും ഭാരം എടുത്തു മാറ്റാനും വഴിയൊരുക്കാനും ഒക്കെ കൊമ്പ് സഹായിക്കുന്നുണ്ട്. മനുഷ്യർ ഇടംകൈ- വലംകൈയർ ആകുന്നതുപോലെ ഇവരിലും ഇടം കൊമ്പ്-വലംകൊമ്പന്മാർ ഉണ്ട്. എന്തായാലും ഈ കൊമ്പാണ് ആനകളുടെ ശാപവും. കരകൗശലവസ്തുക്കൾ നിർമ്മിക്കാൻ വേണ്ടി മാത്രമായി ആനക്കൊമ്പ് കൈക്കലാക്കാൻ വേട്ടക്കാരായ മനുഷ്യർ കൊന്നുതീർത്തത് ലക്ഷക്കണക്കിന് ആനകളെയാണ്.



▶ ആഫ്രിക്കൻ ആന. മേൽത്താടിയിലെ രണ്ടാം ഉളിപ്പല്ലുകളാണ് ആനകളുടെ കൊമ്പുകളായി വളർന്നിട്ടുള്ളത്.

ഫോട്ടോ: Muhammad Mahdi Karim / Wikimedia Commons


ആനകൾക്കു മാത്രമല്ല ഇത്തരത്തിൽ വായിൽനിന്ന് കൊമ്പുള്ളത്. കാട്ടുപന്നികൾ, വാൽറസ് തുടങ്ങിയവയ്ക്ക് ഇതുപോലെ കോമ്പല്ലുകൾ വായിൽനിന്ന് പുറത്തേക്കു നീണ്ട് കൊമ്പുപോലെ വളരും. പന്നിയുടെ കൊമ്പിനെ അതിനാൽ തേറ്റ എന്നും പറയാറുണ്ട്. ഈ തേറ്റകൊണ്ടുള്ള ആക്രമണം കടുത്തതാണ്. പേരിൽ മാനുണ്ടെങ്കിലും ശരിക്കും മാനുകളുടെ വിഭാഗത്തിൽ പെടാത്തവരാണ് ഹിമാലയത്തിലും മറ്റും കാണുന്ന കസ്തൂരിമാൻ. തലയിൽ കൊമ്പില്ലെങ്കിലും ഇവരുടെ വായിൽ നിന്ന് പുറത്തേക്കു നീണ്ട കോമ്പല്ല് ഉണ്ട്.

▶



ഫോട്ടോ: Николай Усик / Wikimedia Commons





ഫോട്ടോ: Circe Denyer / PublicDomainPictures.net

ഇതുകൂടാതെ ജിറാഫിനെപ്പോലുള്ള ചില സസ്തനികളുടെ തലയിലും കൊമ്പുപോലുള്ള സംവിധാനം ഉണ്ട്. ഓസികോൺസ് (Ossicones) എന്നാണ് അതിനു പേര്. അസ്ഥിവളർച്ചയായി തലയിലുള്ള ഈ കൊമ്പുകൾ പക്ഷേ തൊലിയും രോമങ്ങളുംകൊണ്ട് മൂടീട്ടാണുണ്ടാകുക.

കൂട്ടമായി ആക്രമിക്കുന്ന സ്വഭാവമുള്ള കടന്നലുകൾക്ക് ഹോണെറ്റ് എന്ന് ഇംഗ്ലീഷിൽ പേരുണ്ടെന്നേ ഉള്ളു - പക്ഷേ അവർക്ക് തലയിൽ കൊമ്പില്ല. ശരീരത്തിന്റെ പുറകിലുള്ള വിഷമുള്ള് കൊണ്ടാണ് ഇവർ കുത്തി ആക്രമിക്കുന്നത്. അതു തന്നെ പെൺപ്രാണികൾക്ക് മരത്തിലും മറ്റും കുത്തി അടർത്തിയോ തുരന്നോ വിടവുണ്ടാക്കി മുട്ട ഇടാൻ സ്ഥലം ഒരുക്കാനുള്ള ഓവി പൊസിറ്റർ എന്ന അവയവം പരിണമിച്ചതാണ്.

സോഷ്യൽ വാസ്പുകളിലെ മുട്ടയിടാത്ത - പ്രജനന ശേഷി ഇല്ലാത്ത പെൺകടന്നലുകൾക്ക് കൂടാക്രമിക്കുന്നവരെ ഓടിച്ചുവിടാനുള്ള സഹായ അവയവമായി അതു മാറി. തേനീച്ചകളുടേതു പോലെ ഒറ്റ കുത്തിൽ ആ മുള്ള് പറിഞ്ഞ് അറ്റു പോവില്ല. അതിനാൽ പെൺകടന്നലുകൾക്ക് എത്രയോ തവണ ഒരാളെ കുത്താനാവും.

കഥ

# ചില മധുരമനോഹര സൂക്കേടുകൾ!

**അരുൺ രവി**



വര: രശ്മി രാഘവൻ

മാധവൻ മാമന്റെ മാധുരി ബേക്കറിയിൽ മധുരപല ഹാരങ്ങൾക്ക് മാത്രമായി ഒരു കണ്ണാടിമാളികയുണ്ടായിരുന്നു.

അവിടുത്തെ മിസ്സ് യൂണി വേഴ്സ് ആയ, മഞ്ഞമഞ്ഞാ മഞ്ഞച്ച മധുരക്കുഞ്ഞി ലഡു മോൾക്ക്, ഒരു ദിവസം രാവിലെ യെണീറ്റ് കണ്ണാടി നോക്കിയപ്പോ ചെറുങ്ങനെ ഒരു സംശയമു ണ്ടായി...

“അയ്യയ്യോ.. തടിയൊരല്പം കൂടീട്ടില്ലേ? മാത്രവുമല്ല, മഞ്ഞപ്പും ലേശം കൂടീട്ടുണ്ട്... ഇനി വല്ല മഞ്ഞപ്പിത്തവുമാണോ?”

“അതെങ്ങനാ.. എപ്പഴും ആ കണ്ണാടിക്കൂട്ടിൽ കേറി ചുരുണ്ടു കൂടിയിരിപ്പല്ലേ. എന്തേലും ഒരു വ്യായാമം ഉണ്ടോ?”

സങ്കടം പറഞ്ഞു ചെന്നപ്പോ അടുത്തിരുന്ന ജിലേബിയമ്മായി യുടെ വക ഒരു പരിഹാസവും കുറ്റപ്പെടുത്തലും!

“ഹോ.. നിങ്ങള് വലിയ വ്യായാമക്കാരി. പണ്ട് എണ്ണയിൽ ചുട്ടെടുക്കുന്ന സമയത്ത് കിടന്ന് ഞെളിപിരി കൊണ്ടതിന്റെ കുറച്ച് വളവും തിരിവും ഉണ്ടെന്നല്ലാതെ, നിങ്ങള് ആ ഇരിപ്പിൽനിന്ന് അന ങ്ങാറുണ്ടോ? പോയി ഷുഗറും പ്രെഷറും ടെസ്റ്റ് ചെയ്യാലറിയാം, വലിയ വ്യായാമത്തിന്റെ മഹത്വം.” - ലഡുമോള് വയലന്റായി.

ജിലേബിയമ്മായി ആ മറുപടി പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അവര് തളർന്നു പോയതൊന്നു മില്ല. ലഡുമോളെ ബോഡി ഷെയിമിങ്ങ് ചെയ്യാനായി, അയ ലത്തിരുന്ന് കാറ്റു കൊള്ളുകയാ യിരുന്ന അരിയുണ്ടമുത്തശ്ശിയെ അമ്മായി വിളിച്ചുവരുത്തി.

‘ന്റെ മോളേ... നമ്മള് സ്വന്തം ആരോഗ്യമൊക്കെ നോക്കണ്ടേ...’ ന്ന് അരിയുണ്ട മുത്തശ്ശി പറഞ്ഞ തേയുള്ളൂ,

‘ലേശം നിറവ്യത്യാസം മാത്ര മേയുള്ളൂ... നമ്മള് രണ്ടാളും ഏതാണ്ട് ഒരേ വലിപ്പത്തിൽ തന്നെയാ, ന്റെ മുത്തശ്ശീ’ന്ന് ലഡുമോള് തിരിച്ചടിച്ചു.

‘അയ്യോ... അയ്യയ്യോ... വയ സ്സായ എന്നെ ഈ പെങ്കൊച്ച് ഇങ്ങനെയൊക്കെ പറയാമോ?’ എന്നും പറഞ്ഞ് അരിയുണ്ട മുത്തശ്ശി വലിയ വായിലേ കര യാനും തുടങ്ങി.

സംഗതി എന്തായാലും പെട്ടെന്ന് ചൂടുകേറി. മാധവൻ മാമന്റെ മാധുരി ബേക്കറിയിലെ മധുരപലഹാരങ്ങൾക്കിടയിൽ അങ്ങനെ മസ്സിലും മാസ്സും മാര കവിഷയമായി മാറി!

അച്ചപ്പം, അട, അവലോസ് പൊടി, ഉണ്ണിയപ്പം, ഓട്ടട, പഴം പൊരി, കിണ്ണത്തപ്പം, കുമ്പിളപ്പം, കൊഴുക്കട്ട, നെയ്യപ്പം, മുട്ടമാല, ഉന്നക്കായ്, പഴംപോള, സുഖി യൻ, ഹൽവ, അലുവ, കേക്ക്, കുക്കി, പേഡ, മൈസൂർ പാക്ക്, ശർക്കരവരട്ടി, മധുരസേവ, ബോളി, ബാദുഷ, ഗുലാബ് ജാമുൻ, എള്ളുണ്ട, ഉണ്ടമ്പൊരി തുടങ്ങി കപ്പലണ്ടി മിട്ടായിവരെ യുള്ള എല്ലാവരും നിമിഷനേരം കൊണ്ട് ആരോഗ്യതല്പരർ ആയി. അതിന്റെ ഭാഗമായിത്തന്നെ, തങ്ങളുടെ പള്ളയിലെ സിക്സ് പാക്ക് എവിടെ എന്ന അന്വേ ഷണം തുടങ്ങിവയ്ക്കുകയും

ചെയ്തു. ആ കുഞ്ഞിക്കടയിൽ വട്ടമിട്ടിരുന്ന് സൊറ പറയുകയായിരുന്ന അവരുടെയെല്ലാം ഭാവം 'ടപ്പേ'ന്നാണ് മാറിയത്.

പലരും സ്വന്തം ഫിറ്റ്നെസ്സ് കണ്ട് ഫയ- സോറി -ഭയചകിതരാവുകയും 'ആ നിലവിളി ശബ്ദമിട്ട് എന്നെ ആശുത്രീലേക്ക് കൊണ്ടുപോവോ...'ന്ന് നിലവിളിക്കുകയും ചെയ്തു.

എന്നാൽ, ശർക്കരവരട്ടി, എള്ളുണ്ട, കപ്പലണ്ടി മിട്ടായി, മൈസൂർപാക്ക്, മധുരസേവ തുടങ്ങിയ മസ്സിലത്തികളും മസ്സിലന്മാരും അല്പം അഹങ്കാരത്തിലായിരുന്നു. മിസ്റ്റർ പോഞ്ഞിക്കരയാവാൻ തയ്യാറെടുക്കുകയായിരുന്ന ഉണ്ണിയപ്പം 'ഭാരതമെന്നാൽ പാരിൻ നടുവിൽ കേവലമൊരു പിടി മണ്ണല്ലാ...' എന്ന പാട്ടുമിട്ട് മ്യൂസിക് വിത്ത് ബോഡിഷോ പോലും തുടങ്ങി..

അങ്ങനെ, ഫിറ്റ്നെസ് ഇല്ലാത്ത മധുരപലഹാരങ്ങളും ഫിറ്റ്നൊസ്സു'ള്ള മധുരപലഹാരങ്ങളും അവരവരുടേതായ രീതിയിൽ അലമ്പാൻ തുടങ്ങി.

ഒടുവിൽ അവലോസുപൊടിയാണ് ഒരു പ്രതിവിധി നിർദേശിച്ചത്.

"അല്ലാന്റെ പുള്ളേരേ... നിങ്ങളിങ്ങനെ ബഹളം വയ്ക്കാണ്ട് ഒരു ഡാക്കുറെ കണ്ട് കാര്യം പറഞ്ഞാപ്പോരേ? അസുഖങ്ങള് വല്ലോമുണ്ടേല് അങ്ങോരു ശരിയാക്കിത്തരൂല്ലേ?"

"അയിന് അവലോസങ്കിളിന് ഡോക്ടർമാരെയാരേലും പരിചയമുണ്ടോ?" സുഖിയൻ സംശയം ചോദിച്ചു.

"എനിക്കറിയാവുന്നൊരാളുണ്ട്. ഇടയ്ക്കൊക്കെ എന്റെ ലിവറും കിഡ്നിയും ഒക്കെ ടെസ്റ്റ് ചെയ്യാൻ വരുന്നൊരു കമ്പൗണ്ടരാ, അയാളെ വിളിച്ചു ചോദിക്കാം." അവലോസങ്കിള് മറുപടി പറഞ്ഞു.

"ആ എന്നാൽ പെട്ടെന്നാട്ടേ..." പേഡ സാറിന് തിടുക്കമായി.

അങ്ങനെയാണ് പ്രശസ്ത കമ്പൗണ്ടർ ഉറുമ്പുകേശവൻ സ്ഥലത്തെത്തിയത്.

അവലോസുപൊടികളുടെ ഷുഗറ് പരിശോധിക്കാനായി ശേഖരിച്ച സാമ്പിളുകളിൽ ചെറുകിട തിരിമറി കാണിച്ചു എന്നതിന്റെ പേരിൽ പഴയ സ്ഥാപനത്തിൽനിന്ന് പിരിച്ചുവിട്ടിരുന്നെങ്കിലും, ഫ്രീലാൻസർ ആയി ഉറുമ്പുകേശവൻ തന്റെ ആരോഗ്യസേവനങ്ങൾ തുടരുന്നുണ്ടായിരുന്നു. മധുരപലഹാരങ്ങളുടെ ഈ പ്രശ്നമറിഞ്ഞ ഉടൻതന്നെ ഉറുമ്പുകേശവൻ കർമ്മനിരതനായി.

വന്നയുടനെ അദ്ദേഹം ഓടിനടന്ന് സാമ്പിളുകൾ ശേഖരിച്ചു. എന്നുവച്ചാൽ പലഹാരപ്പൊടികൾ കപ്പുകുപ്പാന്ന് തിന്നു!!! വയറു നിറഞ്ഞ് തലകറങ്ങിപ്പോയ അദ്ദേഹം കുറച്ചുനേരം വിശ്രമിച്ച ശേഷം തന്റെ കണ്ടെത്തലുകൾ വിശദീകരിക്കാൻ തുടങ്ങി.

"ലഡുവിനും ജിലേബിക്കും മുട്ടമാലയ്ക്കും പഞ്ചാരേടെ അസുഖം ക്രമാതീതമായി കൂടുതലാണ്. ഗുലാബ് ജാമുന് ജലദോഷം മൂത്ത് മൂക്കൊലിപ്പ് ആയിക്കഴിഞ്ഞു. അച്ചപ്പത്തിനും അവലോസുപൊടിക്കും വാതത്തിന്റെ അസ്കിത കലശ്ശലാണ്. സുഖിയന് ജീവിതശൈലീ രോഗങ്ങൾ ബാധിക്കാൻ പോകുന്നു. കിണ്ണത്തപ്പത്തിന് കണ്ണുദീനവും, പഴംപോളയ്ക്ക് പ്രഷറും ഉണ്ട്. ഓട്ടടയ്ക്ക് ഓട്ടോ ഇമ്യൂൺ ഡിസീസ് ആവാൻ സാധ്യതയുണ്ട്. അലുവയ്ക്ക് ഫാറ്റി ലിവർ കൂടുതലാണ്. ബോളി ഉടൻ തന്നെ സ്കാൻ എടുക്കണം. മധുരസേവ ഈ പോക്കു പോയാൽ അവനെ നാട്ടുകാർ കൈവയ്ക്കും. അരിയുണ്ടയ്ക്ക് അൽഷൈമേഴ്സും ബാദുഷയ്ക്ക് അകാലവാർദ്ധക്യവുമാണ്. മറ്റുള്ളവർക്കും കലശ്ശലായ പ്രശ്നങ്ങളുണ്ട്. "

തന്റെ ഭാരത്തിന്റെ പത്തുമടങ്ങ് മധുരം അകത്തു ചെന്നതിന്റെ മോഹാലസ്യത്തിൽ നിന്ന് പുറത്തുവരാതെതന്നെ ആ ഉറുമ്പുവിദ്വാൻ എങ്ങനെയൊക്കെയോ അസുഖവിവരങ്ങൾ ആ ഹതഭാഗ്യരോട് പങ്കുവച്ചു.

മധുരപലഹാരങ്ങളുടെയിടയിൽ മൗനം പടർന്നു.

കണ്ണുദീനം വന്ന കിണ്ണത്തപ്പം കണ്ണുതിരുമ്മിയും മറ്റുള്ളവർ കണ്ണുതിരുമ്മാതെയും കരഞ്ഞു. ഫാറ്റിലിവറുള്ള അലുവ, നോർമൽ ലിവറുള്ള ഹൽവയെ നോക്കി നെടുവീർപ്പിട്ടു. കൊഴുക്കട്ട കഴക്കൂട്ടത്തുള്ള തന്റെ കുഞ്ഞമ്മ വിഷുക്കട്ടയെ വിഷമത്തോടെ കാര്യങ്ങൾ ഫോൺ വിളിച്ചറിയിക്കാൻ പോയി.

ആകെ ശോകമൂകവ്യാകുലവൻകിടകലിപ്പു സീനായി!!!

മധുരം കഴിച്ച് ബോധം പോയി പിച്ചും പേയും പറഞ്ഞ ഉറുമ്പുകേശവന് അല്പനേരം കഴിഞ്ഞു ബോധം തിരിച്ചുവന്നപ്പോഴാണ് കാര്യങ്ങളുടെ കിടപ്പ് മനസ്സിലായത്. താൻ താമസിക്കുന്ന ആശുപത്രിപ്പടിയിലെ ചായക്കടയിൽ ചായ കുടിക്കാൻ വരുന്ന ഡോക്ടർമാർ

**ലഡുവിനും ജിലേബിക്കും മുട്ടമാലയ്ക്കും പഞ്ചാരേടെ അസുഖം ക്രമാതീതമായി കൂടുതലാണ്. ഗുലാബ് ജാമുന് ജലദോഷം മൂത്ത് മൂക്കൊലിപ്പ് ആയിക്കഴിഞ്ഞു. അച്ചപ്പത്തിനും അവലോസുപൊടിക്കും വാതത്തിന്റെ അസ്കിത കലശ്ശലാണ്. സുഖിയന് ജീവിതശൈലീ രോഗങ്ങൾ ബാധിക്കാൻ പോകുന്നു.**

പറയുന്നത് കേട്ടു പഠിച്ച എന്തൊക്കെയോ വാക്കുകൾ എടുത്തു പ്രയോഗിച്ചതാണ് അബദ്ധമായത്. വെറുതേ തള്ളി മറിച്ച ഈ പേരൊക്കെ കേട്ട് ഇവന്മാർ ആകെ തകർന്നിരിപ്പാണ്.

'ഇനിയെങ്ങാൻ സത്യം പറഞ്ഞാൽ പണിയാവും. ആ ഉണ്ടമ്പൊരിയാണേൽ അറിയപ്പെടുന്നൊരു ഗുണ്ടയാണ്. ബാദുഷയാണേൽ അധോലോക നായകനും... അയാൾക്കാണ് ഞാൻ അകാലവാർദ്ധക്യം എന്നു പറഞ്ഞത്.. എന്റെ ഉറുമ്പുകാട്ടിലമ്മേ... ഇനിയെന്തോ ചെയ്യും!'

'ഇരുട്ടുകാട്ടിലെ കുരുട്ടുബുദ്ധികൾക്ക് വരട്ടുതത്വം പറഞ്ഞു കൊടുക്കുന്ന ഈ ഉറുമ്പുകേശവനാണോ ഐഡിയകൾക്ക് പഞ്ഞം! ഈ മണ്ടന്മാരെ ഇനിയും പറ്റിക്കാം.' അവൻ കരുതി. എന്നിട്ട് മധുരപലഹാരങ്ങളോട് പറഞ്ഞു:

"അതേ.. നിങ്ങളിങ്ങനെ വിഷമിക്കുകയൊന്നും വേണ്ട.. എല്ലാത്തിനും പരിഹാരം ഉണ്ടാക്കാല്ലോ.. നിങ്ങളുടെ ഭാഗ്യത്തിനാണ് എന്നെത്തന്നെ വിളിക്കാൻ തോന്നിയത്. വല്ല ഡോക്ടർമാരെയും വിളിച്ചിരുന്നെങ്കിൽ അവർ വല്ല മരുന്നൊക്കെ തന്ന് നിങ്ങളെ വീണ്ടും അസുഖക്കാരാക്കിയേനേ... ഈ കമ്പൗണ്ടർ കേശവനുണ്ടല്ലോ, ജൈവത്തിന്റെ ആളാ... ഒരു പ്രശ്നവുമില്ല!

നിങ്ങളെയെല്ലാരേം ശരിപ്പെടുത്തുന്നതുവരെ ഞാനേ ഇവിടെത്തന്നങ്ങ് താമസിക്കാം. എന്നും എന്റെ വക ഒരുഴിച്ചിൽ, പിന്നെ സാമ്പിളെടുത്ത് ടെസ്റ്റിങ്, പിന്നെ നിങ്ങള് വ്യായാമം ചെയ്യണം. പിന്നേം ടെസ്റ്റിങ്. എല്ലാം ജൈവടെസ്റ്റിങ്ങാണ്, നോ കെമിസ്ട്രി!"

ഉണ്ടമ്പൊരിക്ക് എന്തോ പന്തികേട് തോന്നി. എന്നാലും മറ്റുള്ളവരുടെ വിശ്വാസം കണ്ട് അവനൊന്നും മിണ്ടാൻ പോയില്ല. ലഡുമോൾക്കും എന്തോ ശരിയല്ലായ്മ തോന്നി. പക്ഷേ അവളും ഒന്നും മിണ്ടിയില്ല. ബാദുഷയ്ക്ക് ഉറുമ്പുകേശവനെ കണ്ടപ്പോത്തന്നെ പിശകുണ്ടെന്ന് തോന്നിയിരുന്നു. എന്നിട്ടും അയാളും ഒന്നും പറഞ്ഞില്ല.

അങ്ങനെ, മാധുരി ബേക്കറിയിലെ മധുരപലഹാരക്കൂട്ടിൽ ഉറുമ്പുകേശവൻ സുഖവാസം തുടങ്ങി. എന്നും രാവിലെ, ഓടിനടന്ന് സാമ്പിള് തീറ്റ, പിന്നെ, പാവങ്ങളെ പറഞ്ഞു പേടിപ്പിക്കൽ, അതു കഴിഞ്ഞ് ബോധം കെട്ട് കിടന്നുറങ്ങൽ... വീണ്ടും സാമ്പിളു തീറ്റ...

ഒന്നു രണ്ട് ദിവസങ്ങൾ കഴിഞ്ഞപ്പോത്തന്നെ, ഉണ്ടമ്പൊരിക്കും ബാദുഷയ്ക്കും ലഡുക്കുഞ്ഞിക്കും കാര്യങ്ങൾ ഏതാണ്ട് തിരിഞ്ഞു തുടങ്ങി. എന്നാലും കൃത്യമായ തെളിവുകളില്ലാതെ ഒന്നും ചെയ്യാൻ പറ്റില്ലല്ലോ... കാത്തിരിക്കുകതന്നെയെന്ന് അവർ വിചാരിച്ചു.

കൈയിലിരിപ്പിന്റെ മഹത്വം കാരണം അവനെ മറ്റ് ഉറുമ്പുകൾ അടുപ്പിക്കാത്തതിനാൽ, ഉറുമ്പുകേശവന്റെ ഉഡായിപ്പു മുഴുവൻ ഒറ്റയ്ക്കാണ്. അതുകൊണ്ടുതന്നെ, അവനെ സംബന്ധിച്ചിടത്തോളം ഇതൊരു ബമ്പർ ലോട്ടറിയായിരുന്നു. തീരാത്ത മധുരത്തിന്റെ ഒരു മലയല്ലേ മുന്നിൽ. എത്ര തിന്നാലും പിന്നേം ബാക്കി. ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെ, വന്നതിനെക്കാൾ എത്രയോ മടങ്ങ് അവന്റെ തടി കൂടി... കഴുത്തുവരെ ഭക്ഷണംവന്ന് നിറഞ്ഞിരുന്നാലും പിന്നേം തീറ്റ തന്നെ തീറ്റ!

അങ്ങനെയൊരു ദിവസം രാവിലത്തെ സാമ്പിൾ ശേഖരണമൊക്കെ കഴിഞ്ഞ് കേശവൻ കമ്പൗണ്ടർ വിശ്രമിക്കാൻ പോയ സമയത്താണ് നമ്മുടെ അവലോസങ്കിൾ ഓടിപ്പാഞ്ഞു വന്നത്... വന്നപാടെ അവലോസങ്കിൾ എല്ലാരേം വിളിച്ചുകൂട്ടി. എന്നിട്ട് പറയാൻ തുടങ്ങി:

"അതേ... പുള്ളേരേ, ഒരു കാര്യംണ്ട്. നിങ്ങക്കെല്ലാം അറിയൂല്ലേ, ഞങ്ങള് അവലോസ് പൊടികൾക്ക് ഒരു സംഘടനയുണ്ടെന്ന്. അവരു തരുന്ന കാശു വച്ചിട്ടാണ് നമ്മള് ഈ അസുഖത്തിന്റെ ടെസ്റ്റ് ഒക്കെ ചെയ്യോണ്ടിരുന്നത് കേട്ടാ. പിന്നേ, ഇന്ന് ഞങ്ങള് അവലോസുപൊടികളുടെ ആത്മീയാചാര്യൻ അലിയാരുകുഞ്ഞിന്റെ ഒരു മെസ്സേജ് വന്നാരുന്ന് കേട്ടാ. വാട്സാപ്പിലാരുന്നേ... അങ്ങേര് പറയുവാന്നേ..."

"എന്റെ അവലോസങ്കിളേ, ഈ വളച്ചുതിരിച്ചു പറയാതെ, കാര്യം പെട്ടെന്ന് പറ," പേഡസാർ ചൂടായി.

"ആ... അതാണ്. ആ ഉറുമ്പുകേശവൻ കള്ളനാ! അത്രേയുള്ളൂ. അവന് ഒരു ചികിത്സയും അറിഞ്ഞൂടാ... അവൻ നമ്മളെ പറ്റിക്കുവാ."

വീണ്ടും ശ്മശാനമൂകത!

ഒട്ടും വൈകാതെ, ഉണ്ടമ്പൊരിയും ലഡുക്കുഞ്ഞിയും ചാടിവീണു.

"ഞങ്ങൾക്കന്നേ അറിയുമായിരുന്നൂ... ഇനി ആ കള്ളനെ വച്ചോണ്ടിരുന്നൂടാ. എവിടെ അവൻ?"

**ഉണ്ടമ്പൊരിക്ക് എന്തോ പന്തികേട് തോന്നി.. എന്നാലും മറ്റുള്ളവരുടെ വിശ്വാസം കണ്ട് അവനൊന്നും മിണ്ടാൻ പോയില്ല. ലഡുമോൾക്കും എന്തോ ശരിയല്ലായ്മ തോന്നി. പക്ഷേ അവളും ഒന്നും മിണ്ടിയില്ല. ബാദുഷയ്ക്ക് ഉറുമ്പുകേശവനെ കണ്ടപ്പോത്തന്നെ പിശകുണ്ടെന്ന് തോന്നിയിരുന്നു. എന്നിട്ടും അയാളും ഒന്നും പറഞ്ഞില്ല.**




അധോലോകബാദുഷ തന്റെ കോട്ടും സൂട്ടും എടുത്തണിഞ്ഞു. കിണ്ണത്തപ്പം കണ്ണുതിരുമ്മിയെണീറ്റു. ഓട്ടട ഓടിപ്പാഞ്ഞു വന്നു. കൊഴുക്കട്ട വഴക്കിനായൊരുങ്ങി.

"എവിടെ? എവിടെ? അവനെവിടെ?"

ആകെ ബഹളം... ഉറുമ്പു കേശവനെ മാത്രം കാണുന്നില്ല.

അധികം കഴിയുന്നതിനു മുന്നേ, ഉറുമ്പുകേശവനെ തന്റെ തോളിലേറ്റി മിസ്റ്റർ പോഞ്ഞിക്കരയായ ഉണ്ണിയപ്പം സ്ഥലത്തെത്തി. ഉറുമ്പുകേശവന് ബോധമുണ്ടായിരുന്നില്ല.

"നീയവനെ അടിച്ചു ബോധം കെടുത്തിയോ എന്റെ പോഞ്ഞിക്കരേ...? എന്തു പണിയാ നീയീ കാണിച്ചത്?" എല്ലാരും ഒരേ സ്വരത്തിലാണ് ചോദിച്ചത്.

"ഏയ്.. ഞാനെത്തുന്നതിനു മുമ്പുതന്നെ അവന്റെ ബോധം പോയിരുന്നു. എന്റെ മസ്സിലൊക്കെ സ്ട്രോങ്ങ് ആയതുകൊണ്ട് ഞാൻ എടുത്തുകൊണ്ടുവന്നു എന്നേയുള്ളൂ." പോഞ്ഞിക്കര വിനീതനായി.

ദേഷ്യത്തിലായിരുന്നെങ്കിലും മധുരപലഹാരങ്ങളല്ലേ... അവരുടെ മനസ്സ് പെട്ടെന്നലിഞ്ഞു.

"അയ്യോ... എന്തോ അപകടമാണ്. വേഗം ആശുപത്രിയിൽ കൊണ്ടുപോണം."

അവർ പെട്ടെന്നുതന്നെ, മാധുരിബേക്കറിയിലെ 'ഉഴുന്നുവട മെമ്മോറിയൽ മെഡിക്കൽ ക്ലിനിക്കി'ലേക്ക് വച്ചു പാഞ്ഞു.

അകാലത്തിൽ വലിവുവന്ന് മരിച്ചുപോയ ഉഴുന്നുവട അപ്പൂപ്പന്റെ ഫോട്ടോയ്ക്ക് മുന്നിൽ നിന്നുകൊണ്ട് ഡോ. പരിപ്പുവട എം ബി ബി എസ്, ആ ഉറുമ്പുകള്ളനെ പരിശോധിച്ചു. എന്നിട്ട് തലയ്ക്കു രണ്ടു തട്ടും കൊടുത്ത് എണീപ്പിച്ചു. എന്നിട്ട് തന്റെ വട്ടക്കണ്ണടയുയർത്തി ഉറക്കെ പ്രഖ്യാപിച്ചു:

"ഇറ്റ്സ് എ മെഡിക്കൽ മിറാക്കിൾ! ലോകത്ത് ആദ്യ

മായി അങ്ങനെ ഒരുറുമ്പിന് ഡയബറ്റീസ് വന്നിരിക്കുന്നു. സാധാരണ എത്ര മധുരം കഴിച്ചാലും അവർക്ക് ഈ അസുഖം വരാത്തതാണ്... എന്തായാലും ഇനി ഇവൻ ഒരു നുള്ള് പഞ്ചസാര കഴിച്ചാൽ അപ്പോ തട്ടിപ്പോകും..."

"ന്തോന്ന്? ഷുഗറാ... ന്റമ്മച്ചീ!"

കേശവൻ തകർന്നു തരിപ്പണമായി...

മധുരപലഹാരങ്ങൾ നിർവികാരമായി മുഖത്തോടു മുഖം നോക്കി. എന്നിട്ട്, 'കക്കക്കക്കാ'ന്ന് ഒരു ചിരിയങ്ങ് തുടങ്ങി.

ഒടുവിൽ ഒരുവിധം ചിരി നിർത്തി, വിവർണ്ണനായിരിക്കുന്ന ഉറുമ്പുകേശവന്റെ മുഖത്തു നോക്കി ഉണ്ടമ്പൊരി പറഞ്ഞു:

"ശരിയാ... ഇറ്റ്സ് എ മെഡിക്കൽ മിറാക്കിൾ. അതുകൊണ്ടു മാത്രമാണ് ഒരു ഗുണ്ടയുടെ തല്ലുകിട്ടാതെ നീ രക്ഷപ്പെടുന്നത്. പോടാ, പോയി തരം നോക്കി കളിക്കെടാ! ഇനി ഈ പരിസരത്ത് കണ്ടുപോകരുത്."

അധോലോക ബാദുഷ അതീവഗൗരവത്തിൽ ആ വിഷയവുമായി ഒരു ബന്ധവുമില്ലാത്ത ഒരു മാസ് ഡയലോഗ് പറഞ്ഞു...

"നാൻ ഒരു തടൈവ് സൊന്നാൽ നൂറു തടൈവ് സൊന്നമാതിരി..."

ലഡുക്കുഞ്ഞി ചിരിയടക്കി ബാദുഷയുടെ ചെവിയിൽ പതിയെപ്പറഞ്ഞു...

"അണ്ണാ ഡയലോഗ് മാറിപ്പോയി!"

************************

അങ്ങനെ..

ഉറുമ്പുകേശവൻ, മധുരപലഹാരങ്ങളുടെ കണ്ണാടിമാളികയിൽനിന്ന് നാടുകടത്തപ്പെട്ടു. ഇപ്പോൾ അവൻ ഉഴുന്നുവട മെമ്മോറിയൽ ആശുപത്രിയിൽ മരുന്നുകച്ചവടവുമായി ചുറ്റിക്കറങ്ങുന്നുണ്ട് എന്നാണ് കേൾക്കുന്നത്. പക്കാവടയും, ഉള്ളിവടയുമെല്ലാമാണ് കസ്റ്റമർമാർ... ഫുൾ ജൈവം! അതാണ് ആശാന്റെ സെല്ലിങ്ങ് പോയിന്റ്.

മധുരപലഹാരങ്ങളുടെ കണ്ണാടിക്കൂട്ടിൽ ഇപ്പോ ഒരു ജിം തുടങ്ങിയിട്ടുണ്ട്... ലഡുക്കുഞ്ഞിയാണ് ട്രെയിനർ. തൊട്ടടുത്ത് ജിലേബിയമ്മായിയുടെ യോഗ ക്ലാസുമുണ്ട്. ജിമ്മിന്റെ മുന്നിൽ യോഗ നടത്തുന്നതുമായി ബന്ധപ്പെട്ട് അവരുതമ്മിലുള്ള അടികലശ്ശൽ ഇപ്പോ ഏതാണ്ട് സ്ഥിരമാണ്.

അരിയുണ്ടയമ്മൂമ്മ ഇപ്പോ അടികൂടാനൊന്നും പോവില്ല. ആള് ഈയിടയായി കട്ട സീരിയൽ ഫാനായി മാറിയിട്ടുണ്ട്.

'നെയ്യിൽ പൊരിഞ്ഞ മാവ്' എന്ന കദനകഠോരമായ കുടുംബകഥ കണ്ട് കണ്ണീരൊഴുക്കുകയാണ് ഇപ്പോഴുള്ള പ്രധാന ഹോബി.

ഉണ്ടമ്പൊരിയും ബാദുഷയും ചേർന്ന് 'ഷുഗർ ബ്രദേഴ്സ് കൊട്ടേഷൻ പ്രൈവറ്റ് ലിമിറ്റഡ്' എന്നൊരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. രണ്ടാൾക്കും നല്ല തല്ലു കിട്ടുന്നുണ്ട് എന്നാണ് അറിയാൻ കഴിയുന്നത്.

അവലോസങ്കിൾ മാധുരി ബേക്കറിയിലെ ആത്മീയനേതാവായി സ്വയം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് വിമത പ്രവർത്തനം നടത്തുന്നു എന്നും പറഞ്ഞ് അലിയാരുകുഞ്ഞദ്ദേഹം അദ്ദേഹത്തെ അവലോസുപൊടികളുടെ സംഘടനയിൽനിന്ന് പുറത്താക്കി.

ഉണ്ണിയപ്പം ഇടയ്ക്ക് തറവാടായ കൊട്ടാരക്കരയിൽ വിരുന്നിനു പോയി മിസ്റ്റർ കൊട്ടാരക്കരയായി തിരിച്ചെത്തിയിട്ടുണ്ട്.

തനിക്ക് ഓട്ടോ ഇമ്യൂൺ ഡിസീസ് ഇല്ല എന്നറിഞ്ഞ ഓട്ടട ഇപ്പോ ഓട്ടമത്സരത്തിലൊക്കെ പങ്കെടുത്ത് പ്രൈസ് വാങ്ങാറുണ്ട്.

സുഖിയന് പതിവുപോലെ സുഖത്തോടുസുഖം!

തന്റെ ലിവറിന്റെ ലിവറായ അലുവയ്ക്ക് ഫാറ്റിലിവർ ഇല്ലെന്നറിഞ്ഞ ഹൽവ തികച്ചും സന്തുഷ്ടനാണ്.

അച്ചപ്പം, അട, പഴംപൊരി, കിണ്ണത്തപ്പം, കുമ്പിളപ്പം, കൊഴുക്കട്ട , നെയ്യപ്പം, മുട്ടമാല, ഉന്നക്കായ്, പഴംപോള, കേക്ക്, കുക്കി, പേഡ, മൈസൂർ പാക്ക്, ശർക്കരവരട്ടി, മധുരസേവ, ബോളി, ഗുലാബ് ജാമുൻ, എള്ളുണ്ട, കപ്പലണ്ടി മിട്ടായി അങ്ങനെ മറ്റുള്ള എല്ലാവർക്കും സുഖം. പരമസുഖം!

കൂടുതൽ വിശേഷങ്ങൾ അറിയണോ..

ചെന്നോളൂ..

പ്രൊ: മാധവൻ മാമൻ,
മാധുരി ബേക്കറി,
മധുരക്കഥകളുടെ ബസ്സ് സ്റ്റോപ്പ്,
മധുലോകം പി. ഓ.
മധുരപ്രദേശ്.

## തിരുത്ത്

2023 സെപ്റ്റംബർ ലക്കത്തിൽ ചന്ദ്രനിലേക്ക് ഇന്ത്യയും എന്ന ലേഖനത്തിൽ 13ാം പേജിൽ ചന്ദ്രയാൻ 3 എന്ന ഭാഗത്ത് 2023 ഓഗസ്റ്റ് 23നായിരുന്നു വിക്ഷേപണം എന്നു ചേർത്തിരുന്നു. വിക്ഷേപണം എന്നത് ലാൻഡിങ് എന്നു തിരുത്തിവായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പിശകുപറ്റിയതിൽ ഖേദിക്കുന്നു.

എഡിറ്റർ

# വാക്കിന്റെ പോക്ക്

സാബു കോട്ടുക്കൽ

നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതുപോലെ നല്ല വാക്കുകളെയും തിരഞ്ഞെടുത്ത് കൂടെ കൂട്ടേണ്ടത് അത്യാവശ്യമാണ്. നല്ലഭാഷയ്ക്ക് നല്ല വാക്കുകളുടെ കൂട്ട് വേണം. നല്ലത് എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? ഭരണഘടന വിഭാവനം ചെയ്യുന്നതും പൊതുസമൂഹം അംഗീകരിക്കുന്നതുമായ എല്ലാം അതിൽ ഉള്ളടങ്ങിയിട്ടുണ്ട്.




ഭാഷയിലെ ഏറ്റവും പ്രധാന ഘടകം വാക്യമാണ്. ഒരു കാര്യം വാക്യത്തിൽ പറയുമ്പോഴാണ് ഏറെക്കുറെയെങ്കിലും അർഥബോധം ഉണ്ടാകുന്നത്. വാക്കുകൾ കൂട്ടിച്ചേർത്താണല്ലോ വാക്യമുണ്ടാക്കുന്നത്.

നല്ല ശ്രദ്ധയോടെ വാക്കുകൾ തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നവരാണ് ഭാഷാപ്രയോഗത്തിൽ വിജയിക്കുന്നത്. വേണ്ട വാക്ക് വേണ്ടിടത്ത് ഉപയോഗിക്കാൻ കഴിയണം. പ്രിയംവദമാരെ ശ്രദ്ധിച്ചുനോക്കൂ. അവർ വശ്യമായ വാക്കുകൾ വാക്യത്തിൽ വിന്യസിക്കുന്നതു കാണാം.

'അവന്റെ തൊണ്ട ശവക്കുഴിയാകുന്നു' എന്ന് ബൈബിളിൽ പ്രയോഗമുണ്ട്. ഏറ്റവും നീചമായ നിലയിൽ ഭാഷ ഉപയോഗിക്കുന്നവരെയാണ് ഈ പ്രയോഗം ലക്ഷ്യമാക്കുന്നത്. അപ്രിയമായ വാക്കുകൾ പ്രതിപക്ഷബഹുമാനമില്ലാതെ നിരത്തിയാണ് അത്തരം ആളുകൾ വാക്യം നിർമ്മിക്കുന്നത്. അതു ശീലമാക്കിയാൽ ഭാഷയും അതുവഴി വ്യക്തിത്വവും ചീത്തയാകും.

അതിശയിപ്പിക്കുന്ന ഒരു ഭാഷാവസ്തുവാണ് വാക്ക്. വാക്കിന്റെ കളികൾ അനന്തമാണ്. ചില വാക്കുകൾ നോക്കൂ. വെട്ടുക്കിളി, രക്തസാക്ഷി, കൈക്കൂലി, കള്ളവണ്ടി. ഈ വാക്കുകൾക്കുള്ള അർഥമെന്താണ്? വെട്ടുക്കിളി കിളിയല്ലല്ലോ. കിളിക്ക് ഭക്ഷണമാകുന്ന ഒരു പ്രാണിയാണത്. എന്നിട്ടും നാമതിനെ കിളി എന്നു വിളിക്കുന്നു. രക്തസാക്ഷി ഒന്നിനും സാക്ഷിയല്ല. കൈക്കൂലി കൂലിയല്ലല്ലോ. കള്ളൻ കയറുമ്പോഴാണ് വണ്ടിക്ക് കള്ളവണ്ടിയെന്ന ചീത്തപ്പേര് വീഴുന്നത്.

പച്ചവെള്ളം, പച്ചമീൻ, പച്ചപ്പരിഷ്കാരി, പച്ചച്ചിരി, പച്ചരി എന്നീ വാക്കുകൾ നോക്കൂ. ഒന്നിനും പച്ചനിറമില്ല. എന്നിട്ടും പച്ചില, പച്ചോന്ത് എന്നിവയെപ്പോലെ പ്രയോഗിക്കുന്നു. നിറം മാത്രമല്ല, ഗുണത്തെയും പച്ച എന്ന വാക്ക് സൂചിപ്പിക്കും. ജീവനുള്ളത്, പഴുക്കാത്തത്, വേവിക്കാത്തത്, ഏറ്റവും പുതിയത് എന്നെല്ലാമാണ് മേൽപ്പറഞ്ഞ വാക്കുകളിൽ പച്ച എന്നതിന് അർഥം. വാക്കുകൾക്കുള്ളിൽ അർഥം കുടിപാർക്കുന്നത് പല തരത്തിലാണ് എന്നാണ് ഇതു കാണിക്കുന്നത്.

# തെയ്യം പറഞ്ഞ കഥകൾ


ഡോ. രാജാ വാര്യർ



വര: ആതിര ടി സജീവ്

തെയ്യം എന്നും തിറ എന്നും മറ്റും നിങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കുമല്ലോ? മറ്റു ചിലർ, അതായത് ഉത്തര കേരളത്തിലുള്ളവർ തെയ്യം കണ്ടിട്ടുമുണ്ടാകും. തെയ്യം എന്നു പറഞ്ഞാൽ 'ദൈവം' എന്നുതന്നെയാണ് അർത്ഥം. നൃത്തം ചെയ്യുകയും വർത്തമാനം പറയുകയുമൊക്കെ ചെയ്യുന്ന ദൈവത്തെയാണ് തെയ്യം എന്ന അനുഷ്ഠാനകലാരൂപത്തിൽ നാം കാണുന്നത്. അതായത്, മനുഷ്യൻ ദൈവത്തിന്റെ വേഷം കെട്ടി ആടുകയും പാടുകയുമൊക്കെ ചെയ്യുന്നു.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ കലാരൂപങ്ങൾ കേരളത്തിലുണ്ട്. തെയ്യം ക്ഷേത്രകലയല്ല. കാവുകളിലാണ് തെയ്യം കെട്ടിയാടാറുള്ളത്. തറവാടുകളിലും തെയ്യം അരങ്ങേറാറുണ്ട്. നമുക്കിത്, പാട്ടും കൊട്ടും നൃത്തച്ചുവടുകളുമൊക്കെയുള്ള ഒരു കലാരൂപമായി തോന്നുമെങ്കിലും അത് അവതരിപ്പിക്കുന്ന ദേശത്തെ ജനങ്ങൾക്കിത് ഒരു അനുഷ്ഠാനമാണ്. 'അനുഷ്ഠാനം' എന്നു പറഞ്ഞാൽ, ദേവീദേവന്മാരെ സന്തോഷിപ്പിക്കാനായി ചെയ്യുന്നത്. നമ്മൾ ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളെ ആരാധിക്കാറില്ലേ? അതുപോലെയുള്ള ഒരു ആരാധനതന്നെയാണ് ഇതും. പക്ഷേ, ഇവിടെ മനുഷ്യർ ദൈവത്തിന്റെ വേഷം കെട്ടുകയും മറ്റുള്ളവർ അതിനെ ആരാധിക്കുകയും ചെയ്യുന്നുവെന്നു മാത്രം.



കോഴിക്കോട് സാമൂതിരിയുടെ ഭരണാധികാരത്തിൽപ്പെട്ടിരുന്ന സ്ഥലങ്ങളിലാണ് തിറയാട്ടം കൂടുതലായുള്ളത്. അതുകൊണ്ടുതന്നെ ഇന്നും കോഴിക്കോട് ജില്ലയിൽ തിറയാട്ടം കൂടുതലായുണ്ട്. വയനാട് ജില്ലയിലും തിറയാട്ടമുണ്ട്. കോഴിക്കോടിന് വടക്കുഭാഗത്ത്, അതായത് കണ്ണൂർ, പയ്യന്നൂർ ദേശങ്ങളിൽ ദേവതാരൂപം ധരിച്ച് ആടുന്ന കോലങ്ങളെയാണ് തെയ്യം എന്നു പറയുന്നത്.

ദേവീദേവന്മാരുടെ മാത്രമല്ല, യക്ഷഗന്ധർവന്മാരുടെയും ഭൂതങ്ങളുടെയും മരിച്ചുപോയ കാരണവന്മാരുടെയും മൺമറഞ്ഞ വീരപരാക്രമികളുടെയുമൊക്കെ തെയ്യം കെട്ടിയാടാറുണ്ട്. അനുഗ്രഹിക്കാൻ ശക്തിയുള്ളവരാണ് തെയ്യങ്ങൾ എന്നാണ് സങ്കല്പം. ഇന്ന് അമ്പലങ്ങളിലും പള്ളികളിലുമൊക്കെ ആളുകൾ ഓരോ കാര്യത്തിനായി നേർച്ച നടത്തി പ്രാർത്ഥിക്കാറില്ലേ? അതുപോലെതന്നെ തെയ്യം കെട്ടിയാടിക്കുന്നതും നേർച്ചയായിട്ടാണ്. പണ്ടുകാലത്ത് പകർച്ചവ്യാധികൾ ഇല്ലാതാക്കുന്നതിനും ഇഷ്ടമുള്ള കാര്യങ്ങൾ നേടിയെടുക്കുന്നതിനുമൊക്കെ ആളുകൾ നേർച്ചയായി തെയ്യം കെട്ടിയാടുമായിരുന്നു. ഇങ്ങനെ കാവുകളിലും തറവാടുകളിലും വർഷാവർഷം തെയ്യം കഴിപ്പിക്കുന്നതിന് കളിയാട്ടം എന്നാണു പറയുന്നത്. വളരെക്കാലംകൂടി കളിയാട്ടം കഴിപ്പിക്കുന്നതിനെ പെരുംകളിയാട്ടം എന്നു പറയുന്നു.

കേരളത്തിൽ സാധാരണയായുള്ള എല്ലാ ഉത്സവങ്ങളെയുംപോലെ തെയ്യവും ഉത്സവമായി ആഘോഷിക്കുന്നത്; കൃഷിചെയ്ത് വിളവെടുത്തുകഴിഞ്ഞ്, വീണ്ടും വിളവിറക്കാൻവേണ്ടി കൃഷിചെയ്യുന്നതിന് ഇടയിലുള്ള കാലത്താണ്. ഇത് അനുഷ്ഠാനം ആണെന്നു പറഞ്ഞുവല്ലോ? അതോടൊപ്പം തെയ്യം കലാരൂപവുമാണെന്ന് നമുക്ക് തിരിച്ചറിയാം. അതിനാൽ നമുക്കിതിനെ **'അനുഷ്ഠാനകലാരൂപം'** എന്നു വിളിക്കാം.

തെയ്യം കെട്ടുന്ന ആളിനെ കോലക്കാരൻ എന്നാണു പറയുന്നത്. കോലക്കാരനിൽ ഒട്ടേറെ ചമയഭംഗികൾ കെട്ടിക്കുമ്പോഴാണ് തെയ്യത്തിന്റെ രൂപമാകുന്നത്. ദൈവത്തിന്റേതെന്ന് തോന്നിപ്പിക്കുന്ന വേഷവും ആ വേഷത്തിന് ആവശ്യമായ നിറങ്ങളുമൊക്കെ അവയിൽ ഉണ്ടാകും. തെയ്യങ്ങൾക്ക് തലയിൽ വെച്ചുകെട്ടുന്ന വലിയ കിരീടങ്ങൾ ഉണ്ട്. ഇതിനെ മുടി എന്നാണുപറയുക. ഓരോ തെയ്യത്തിന്റെയും മുഖത്ത് പ്രത്യേകമായ നിറങ്ങളും വരകളുംകൊണ്ട് നിറച്ചിരിക്കും. ഇതിനെ മുഖത്തെഴുത്ത് എന്നാണ് പറയുന്നത്. മുടിക്കും മുഖത്തെഴുത്തിനും ആഭരണങ്ങൾക്കും ഉപയോഗിക്കുന്ന ആയുധങ്ങൾക്കുമൊക്കെ സാധാരണയിൽനിന്ന് വ്യത്യസ്തമായ രൂപവും നിറവുമൊക്കെയാണുണ്ടാവുക. മന്ത്രതന്ത്രങ്ങൾ, ബലിപൂജാദികൾ, നൃത്തപ്രകടനങ്ങൾ, വെളിച്ചപ്പെടൽ, ആയുധപ്രയോഗങ്ങൾ തുടങ്ങി പലതും ഈ ആരാധനാപ്രകടനത്തിൽ അടങ്ങിയിരിക്കുന്നു.

തെയ്യാട്ടത്തിലും തിറയാട്ടത്തിലുമായി അഞ്ഞൂറോളം കഥാപാത്രങ്ങൾ ഉണ്ടെന്ന് കരുതപ്പെടുന്നു. ഓരോ തെയ്യത്തിലുമുള്ള കഥാപാത്രങ്ങളെക്കുറിച്ച്, അവയ്ക്ക് പാടുന്ന പാട്ടുകളിലൂടെ നമുക്കു മനസ്സിലാക്കാൻ കഴിയും. ഇങ്ങനെ പാടുന്ന പാട്ടുകളെ തോറ്റംപാട്ട് എന്നാണ് പറയുന്നത്. തെയ്യം അവതരിപ്പിക്കുന്നതിന്റെ തലേദിവസം കോലക്കാരൻ കുറച്ചു മാത്രം വേഷമണിഞ്ഞുകൊണ്ട് ചെണ്ടകൊട്ടി പാട്ടുപാടുന്നതാണ് തോറ്റംപാട്ട്. ഇതിനായി ഒരുങ്ങി തയ്യാറാകുന്ന വേഷക്കാരനെയാണ് തോറ്റം എന്ന് പറയുന്നത്. അവതരിപ്പിക്കുന്ന ദേവതയുടെ ഉദ്ഭവം, മാഹാത്മ്യം, രൂപവിശേഷം







മലയാളമാസം
തുലാം മുതൽ
ഇടവം വരെയാണ്
തെയ്യത്തിന്റെ
അവതരണകാലം.
അതായത്, ഒക്ടോബർ
പകുതിക്കുശേഷം
തുടങ്ങുകയും
മെയ് മാസ
ത്തോടു കൂടി
അവസാനി
ക്കുകയും
ചെയ്യുന്നു.



തുടങ്ങിയവയൊക്കെയും തോറ്റംപാട്ടുകളിൽ വർണ്ണിക്കും.

വീരപുരുഷന്മാർ കഥാപാത്രങ്ങളായി വരുന്ന തെയ്യങ്ങൾക്ക് വെള്ളാട്ടം എന്ന ചടങ്ങുണ്ടാകും. തെയ്യത്തിന്റെ മുടിക്കു പകരം ചെറിയ കിരീടം മാത്രം അണിഞ്ഞുകൊണ്ടുവന്ന് പല അഭ്യാസങ്ങളും നൃത്തമുറകളും കാണിക്കുന്നതാണ് വെള്ളാട്ടം. തോറ്റംപാട്ടും വെള്ളാട്ടവും ഉണ്ടെങ്കിൽ അവയ്ക്കു ശേഷമാണ് തെയ്യം കെട്ടിയൊരുങ്ങുന്നത്. തോറ്റംപാടിയ ശേഷം അല്പനേരം ഉറയുന്നു. കോലക്കാരന്റെ ശരീരത്തിൽ ദൈവം കുടികൊള്ളുന്നതിനാണ് ഉറയൽ എന്നു പറയുന്നത്.

നമ്മുടെ നാട്ടിലെ എല്ലാ ഉത്സവങ്ങളെയും പോലെ തെയ്യത്തിന്റെ അവതരണത്തിനും പ്രത്യേകകാലമുണ്ട്. മലയാളമാസം തുലാം മുതൽ ഇടവം വരെയാണ് തെയ്യത്തിന്റെ അവതരണകാലം. അതായത്, ഒക്ടോബർ പകുതിക്കു ശേഷം തുടങ്ങുകയും മെയ്മാസത്തോടുകൂടി അവസാനിക്കുകയും ചെയ്യുന്നു. രാത്രികാലത്ത് മാത്രമല്ല, പകൽ സമയത്തും തെയ്യം അരങ്ങേറാറുണ്ട്. സ്ഥിരമായ കാവുകൾ ഇല്ലാത്തിടത്ത് ഓലകൊണ്ട് കെട്ടിയുണ്ടാക്കിയ താൽക്കാലികസ്ഥലം അവതരണത്തിനായി ഒരുക്കുന്നു. രാത്രിയിൽ വെളിച്ചത്തിനായി ഓലച്ചൂട്ടോ പന്തങ്ങളോ ഉപയോഗിക്കും. ചില തെയ്യങ്ങളുടെ അരയിലും മുടിയിലും പന്തങ്ങൾ കത്തിച്ചുവെച്ചിരിക്കും.

വണ്ണാൻ, മലയൻ, വേലൻ, പുലയൻ, പരവർ, മാവിലൻ, ചിങ്കത്താൻ, ചെറവൻ, പമ്പത്തർ, കോപ്പാളൻ, മുന്നൂറാൻ, അഞ്ഞൂറാൻ തുടങ്ങിയവരാണ് തെയ്യം കെട്ടിയാടുന്ന സമുദായക്കാർ. തെയ്യാട്ടം നടത്തുന്നതിന് തലേദിവസം തന്നെ കോലക്കാരൻ അവതരിപ്പിക്കുന്നയിടത്തുവന്ന് ചടങ്ങുകൾ ആരംഭിക്കും. ഇതിന് തെയ്യംകൂടൽ എന്നാണു പറയുന്നത്. തെയ്യം തുടങ്ങുന്ന രാത്രിയിൽ കതിനവെടികൾ മുഴക്കും. അതിനു ശേഷം ചെണ്ടവേല തുടങ്ങുകയായി. വേലയ്ക്കു ശേഷമാണ് കോലങ്ങൾ കളത്തിൽ വന്ന്, തോറ്റംചൊല്ലി വെളിച്ചപ്പെടുന്നത്.

ഇതിനടുത്ത ദിവസമാണ് ശരിയായ ഉത്സവദിനം. അന്ന് അതിരാവിലെതന്നെ കതിനാവെടികൾ മുഴക്കും. കൂടാതെ, നിരവധി പൂജകളുമുണ്ടാകും. ഇളനീരും മറ്റ് താലോപഹാരങ്ങളുമായി ജനങ്ങൾ പ്രധാന കാവുകളിൽ ‘അടിയറകൾ’ നടത്താറുണ്ട്. സന്ധ്യയോടുകൂടി വാദ്യഘോഷ

ങ്ങളോടെ കൊടിവിളക്ക് പിടിച്ചുകൊണ്ട് 'ഇളംകോലം' (വെള്ളാട്ടക്കോലം) പുറപ്പെടുന്നു. ഇതിന് പ്രത്യേകമായ മുഖത്തെഴുത്തോ വേഷ വിധാനമോ ഒന്നും ഉണ്ടാകില്ല. വെള്ളാട്ടക്കോലം താളമേളങ്ങൾക്കനുസരിച്ച് നൃത്തംചെയ്യും. പിന്നീട് കാവിൽനിന്ന് കോമരം ചെന്ന് അരി എറിഞ്ഞുകൊണ്ട് ദൈവത്തെ സ്വീകരിക്കുന്നു. തെയ്യം നൃത്തംവെച്ചുകൊണ്ട് കാവിനെ വലം വെയ്ക്കും. കോമരത്തെ പൂപ്രസാദം നൽകി അനുഗ്രഹിച്ചതിനു ശേഷവും ഇളംകോലത്തിന്റെ നൃത്തം തുടരും. പിന്നീടാണ് തോറ്റം ആരംഭിക്കുന്നത്. അർദ്ധരാത്രി വരെ വെള്ളാട്ടക്കോലമുണ്ടാകാറുണ്ട്.

ഇത്രയുമായാൽ സാക്ഷാൽ തെയ്യങ്ങൾ അരങ്ങിൽ വരികയായി. അവ പീഠത്തിൽ ക്കയറി നൃത്തംചെയ്യും. നൃത്തത്തിനൊടുവിൽ അരുളപ്പാട് ഉണ്ടാവുകയും ഭക്തരെ അനുഗ്രഹിക്കുകയും ചെയ്യും. പിന്നെയാണ് 'മുടിവെപ്പ്' എന്ന ചടങ്ങ്. സന്തോഷം അറിയിച്ചുകൊണ്ടും ഭക്തജനങ്ങളെ അനുഗ്രഹിച്ചുകൊണ്ടും അരുളപ്പാടുകൾ നടത്തിയ ശേഷം മുടി അഴിക്കും. ശേഷം, അരിനിവേദ്യവും മറ്റും ഉണ്ടാകാറുണ്ട്. പിന്നെ, വേഷം അവസാനിപ്പിച്ച് തൊഴുത് കളമൊഴിയുന്നു. ഇങ്ങനെ ഓരോ തെയ്യങ്ങളായി രംഗത്തെത്തും. ഈ അവതരണം മൂന്നു ദിവസംവരെ നീണ്ടു പോവാറുമുണ്ട്.

> മനുഷ്യരുടെ പരസ്പര സ്നേഹവും വിശ്വാസവുമാണ് ഇതുപോലെയുള്ള കലാരൂപങ്ങളിലൂടെ തെളിയുന്നത്.

കുരുതിതർപ്പണം തെയ്യാട്ടത്തിലെ ഒരു പ്രധാന ചടങ്ങാണ്. ആട്, കോഴി എന്നിവയെ അറുത്താണ് കുരുതി നടത്തുന്നത്. തെയ്യം കെട്ടിപ്പുറപ്പെടുന്ന സമയത്താണ് കുരുതി കൊടുക്കുന്നത്. കർമ്മി കുരുതിയൊരുക്കി, അരി വാരിയെറിഞ്ഞാൽ മാത്രമേ തെയ്യം ഉറഞ്ഞുതുള്ളുകയുള്ളൂ. തെയ്യത്തിനു മുന്നിൽ കാണികളായ ആരാധകർ വിവിധങ്ങളായ നേർച്ചകൾ നൽകാറുണ്ട്. ആൾ, കണ്ണ്, ചെവി, കൈ, കാൽ, തല, മൂക്ക് തുടങ്ങിയവയുടെ സ്വർണംകൊണ്ടും വെള്ളികൊണ്ടുമുള്ള രൂപങ്ങളും പക്ഷികളുടെയും മൃഗങ്ങളുടെയും പ്രതിമകളുമൊക്കെയാവും പലപ്പോഴും നേർച്ച. കോഴി, ആട്, പണം മുതലായവയും നേർച്ചയായി കൊടുക്കാറുണ്ട്.

ഒരു ദേശത്തിലെ മനുഷ്യരുടെ കൂട്ടായ്മ തെയ്യംപോലുള്ള കലാരൂപങ്ങളിൽ കാണാൻ കഴിയുന്നു. ഗ്രാമത്തിലെ മനുഷ്യരുടെ പരസ്പര സ്നേഹവും വിശ്വാസവുമൊക്കെയാണ് ഇതുപോലെയുള്ള കലാരൂപങ്ങളിലൂടെ തെളിയുന്നത്. പ്രാക്തനകാലം മുതൽ തുടങ്ങിയ തെയ്യം എന്ന അനുഷ്ഠാനകലാരൂപം ഇന്ന്, ഈ ആധുനികയുഗത്തിലും മങ്ങലേൽക്കാതെ സാമൂഹിക പ്രാധാന്യത്തോടെ നിലനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്.



# ബ്ലാക്ക്‌വെൽദ്വീപിലെ ജയിൽ

ഒ ഹെൻറി

പുനരാഖ്യാനം: സനൽ പി സണ്ണി



(ഒ ഹെൻറി 1904 ൽ എഴുതിയ പ്രശസ്തമായ ചെറുകഥയാണ് ദി കോപ്പ് ആൻഡ് ദി ആന്തം(The Cop and the Anthem.) ഒരു നൂറ്റാണ്ടു മുമ്പുള്ള ന്യൂയോർക്കിലെ ജീവിത പശ്ചാത്തലം കഥയിൽ കാണാം. )

വര: ആതിര ടി സജീവ്



മാസിഡൺ സ്ക്വയറിലെ ഒരു പ്രഭാതം. സോപ്പി പുറത്തേക്കു നോക്കി അവന്റെ കസേരയിൽ അസ്വസ്ഥനായി ഇരുന്നു. മഞ്ഞുകാലം വരുന്നതിന്റെ ലക്ഷണങ്ങൾ പുറത്തു കണ്ടുതുടങ്ങിയിരുന്നു. പക്ഷികൾ തെക്കൻ നാടുകളിലേക്ക് പറന്നുതുടങ്ങി. ആൾത്തിരക്കില്ലാത്ത പാർക്കിലെ ബെഞ്ചിൽ സോപ്പി അസ്വസ്ഥനായി ഇരുന്നു. അയാൾക്ക് മനസ്സിലാകുന്നുണ്ടായിരുന്നു, മഞ്ഞുകാലമിങ്ങെത്തിയെന്ന്.

കാറ്റിൽ ഒരു ഇല കൊഴിഞ്ഞ് അയാളുടെ കാൽച്ചുവട്ടിൽ വീണു. മാസിഡൺ സ്ക്വയറിലെ ജനങ്ങൾ തണുപ്പിനെ നേരിടാൻ തയ്യാറെടുക്കേണ്ട സമയമായി. സോപ്പിക്കും ഉറപ്പായിരുന്നു, താനും ആവശ്യമായ മുൻകരുതലുകളെടുക്കണമെന്ന്. അയാളുടെ അസ്വസ്ഥതയ്ക്കു കാരണവും അതുതന്നെ.

സോപ്പിക്ക് മഞ്ഞുകാലത്തെക്കുറിച്ച് വലിയ പ്രതീക്ഷകളൊന്നുമില്ലായിരുന്നു. കപ്പൽമാർഗം ദൂരെയെവിടെയെങ്കിലും പോകുന്നതിനെക്കുറിച്ചോ നേപ്പിൾസ് ഉൾക്കടലിലൂടെയുള്ള യാത്രയെക്കുറിച്ചോ അവൻ ചിന്തിച്ചിരുന്നില്ല. ഒരു മൂന്നുമാസം ബ്ലാക്ക്‌വെൽ ദ്വീപിലെ ജയിലിൽ കഴിച്ചുകൂട്ടുന്നതിനെക്കുറിച്ചായിരുന്നു അവന്റെ ആലോചന. മൂന്നുമാസത്തേക്ക് ഭക്ഷണവും തണുപ്പിൽനിന്നും പോലീസിൽനിന്നും രക്ഷപ്പെടാൻ സുരക്ഷിതമായൊരു സ്ഥലവും. അതായിരുന്നു അവനാവശ്യം.

ബ്ലാക്ക്‌വെൽ ദ്വീപ് വർഷങ്ങളോളം സോപ്പിയുടെ ശൈത്യകാലവസതിയായിരുന്നു. ധനികരായ ന്യൂയോർക്കുകാർ ഓരോ വർഷവും ഫ്ളോറിഡയിലേക്കോ മെഡിറ്ററേനിയൻ തീരത്തേക്കോ പോകാൻ വലിയ പദ്ധതികൾ തയ്യാറാക്കുമ്പോൾ സോപ്പിയുടെ ചെറിയ പ്ലാനുകൾ ബ്ലാക്ക്‌വെൽ ദ്വീപിനെ ലക്ഷ്യം വെച്ചുള്ളതായിരുന്നു. വീണ്ടും അതിന് സമയമായിരിക്കുന്നു.

കോട്ടിനുള്ളിലും കാലുകൾക്ക് മുകളിലുമായി വെച്ചിരുന്ന ന്യൂസ്പേപ്പറുകൾ അവന്റെ ശരീരത്തെ ഈ രാത്രി മുഴുവൻ തണുപ്പിൽനിന്നു രക്ഷിക്കാൻ മതിയാകുമായിരുന്നില്ല. അതുകൊണ്ട് സോപ്പിയുടെ ചിന്തകളിൽ മുഴുവൻ ദ്വീപായിരുന്നു.

ഈ നഗരത്തിൽ സോപ്പിക്ക് ഭക്ഷണവും താമസസൗകര്യവും ലഭിക്കുന്ന ചില താവളങ്ങളില്ലാഞ്ഞിട്ടല്ല. ഒന്നിൽനിന്ന് മറ്റൊരിടത്തേക്ക് മാറിമാറി സഞ്ചരിച്ച് അവന് ഈ തണുപ്പുകാലം കഴിച്ചുകൂട്ടാവുന്നതേയുള്ളു. പക്ഷേ അവന് ആ ദ്വീപിനോടെന്തോ പ്രത്യേക ഇഷ്ടം എന്നുമുണ്ടായിരുന്നു. മാത്രമല്ല അവൻ അഭിമാനിയായിരുന്നു. നഗരത്തിലെ ആളുകളുടെ അടുത്തു പോകേണ്ടിവന്നാൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അവരുടെ സഹായങ്ങൾക്ക് അവൻ ചിലതെല്ലാം തിരികെ ചെയ്യേണ്ടതായി വരും.

വേണ്ട, ജയിൽതന്നെയാണ്

ഭേദം. ജയിലിൽ ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. പക്ഷേ അതിനകത്ത് ഏതൊരാളുടെയും ജീവിതം അവന്റെ ജീവിതംപോലെ തന്നെയാവും.

സമത്വമുള്ളൊരു ലോകം സോപ്പി തീരുമാനിച്ചുകഴിഞ്ഞിരുന്നു. അവൻ പദ്ധതികൾ ആവിഷ്കരിച്ചുതുടങ്ങി.

അതിന് പല എളുപ്പവഴികളുമുണ്ട്. ഏറ്റവും രസകരമായ വഴി എന്നത് ഒരു വലിയ റെസ്റ്ററന്റിൽ പോയി ഏറ്റവും നല്ല ഭക്ഷണം കഴിക്കുക. അതിനു ശേഷം പണമില്ലെന്നു പറയുക. ഒരു പോലീസുകാരൻ എവിടെനിന്നോ പ്രത്യക്ഷപ്പെടുന്നു... എല്ലാം വളരെ എളുപ്പത്തിലും സാവധാനത്തിലും കഴിയും. പോലീസ് അവനെ അറസ്റ്റുചെയ്യുന്നു. ജഡ്ജിനടുത്തേക്കെത്തിക്കുന്നു. ബാക്കിയെല്ലാം ജഡ്ജ് ചെയ്തോളും.

സോപ്പി എഴുന്നേറ്റു നടന്നു. മാസിഡൺ സ്ക്വയറിനു പുറത്ത് ബ്രോഡ്‌വേയിലൂടെ കുറച്ചുകൂടി വടക്കോട്ട് സഞ്ചരിച്ച് ഒടുവിൽ വളരെ വലുതും ആകർഷകവുമായ ഒരു റെസ്റ്ററന്റിനു മുന്നിൽ നടത്തമവസാനിപ്പിച്ചു. ഏറ്റവും മികച്ച ഭക്ഷണവും ഏറ്റവും മികച്ച ആളുകളും ഏറ്റവും മികച്ച വസ്ത്രങ്ങളും എല്ലാ വൈകുന്നേരങ്ങളിലും സംഗമിക്കുന്നതവിടെയാണ്.

അരയ്ക്കു മുകളിലേക്ക് താൻ മാന്യനും സുന്ദരനുമാണെന്നായിരുന്നു സോപ്പിയുടെ വിശ്വാസം. മുഖം വൃത്തിയുള്ളതായിരുന്നു. കോട്ടിനും കുഴപ്പമില്ല. വൃത്തിഹീനമായ പാന്റ് ആരെങ്കിലും ശ്രദ്ധിക്കുന്നതിനുമുമ്പ് ഒരു മേശയ്ക്കരികിൽ ഇരിക്കാനായാൽ താൻ രക്ഷപ്പെട്ടു എന്നവൻ കണക്കുകൂട്ടി. അവനാവശ്യപ്പെടുന്നതെല്ലാം വെയിറ്റർ അവനു നൽകും.

എന്തൊക്കെയാണ് കഴിക്കേണ്ടത്? കഴിക്കാൻ പോകുന്ന മുഴുവൻ ഭക്ഷണവും അവൻ മനസ്സിൽ കണ്ടു. ബിൽ തുക ഒരുപാട് കൂടാൻ പാടില്ല. റെസ്റ്ററന്റിലെ ആളുകൾക്ക് ഒരുപാട് ദേഷ്യംവന്നാലും പ്രശ്നമാവും. പക്ഷേ ഭക്ഷണം രുചികരവും ദ്വീപിലെത്തുന്നതുവരെ മനസ്സിൽ തങ്ങിനിൽക്കുന്നതുമാവണം.

പക്ഷേ റെസ്റ്ററന്റിലേക്ക് കാലെടുത്തു വെച്ചതും ഹെഡ് വെയ്റ്റർ അവന്റെ പൊട്ടിയ ഷൂസും പിഞ്ഞിത്തുടങ്ങിയ പാന്റും കണ്ടു. ശക്തമായ കൈകൾ അവനെ റെസ്റ്ററന്റിനു പുറത്തേക്കു തള്ളി. എല്ലാം ഏതാനും നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞു.

സോപ്പി ബ്രോഡ്‌വേ വിട്ടു. പുതിയൊരു വഴി തേടേണ്ടിയിരിക്കുന്നു. സിക്സ്ത് അവെന്യുവിന്റെ മൂലയിലൊരിടത്ത് ഇലക്ട്രിക് ലൈറ്റുകളാൽ അലങ്കരിച്ച വലിയ ചില്ലുകളുള്ള ഒരു കട അവൻ കണ്ടെത്തി. അധികമാലോചിക്കാനൊന്നുമില്ലായിരുന്നു. വലിയൊരു കല്ലെടുത്ത് ഒറ്റയേറ്. ആളുകൾ തടിച്ചുകൂടി. കൂട്ടത്തിലൊരു പോലീസുകാരനും. സോപ്പി അനങ്ങിയില്ല. പോലീസുകാരനെ കണ്ടപ്പോൾ അവന്റെ മുഖം തെളിഞ്ഞു.

“ആരാണ് ഈ പണി ചെയ്തത്?” പോലീസുകാരൻ ചോദിച്ചു.

“അതെന്താ ഞാനാണിതു ചെയ്തതെന്ന് തനിക്കു മനസ്സിലായില്ലേ?” സോപ്പി ചോദിച്ചു.

അവൻ വളരെ സന്തോഷവാനായിരുന്നു. അവനാഗ്രഹിച്ച നിമിഷം അടുത്തെത്തിയിരിക്കുന്നു.

പക്ഷേ പോലീസുകാരൻ അവനെ ഗൗനിച്ചതേയില്ല. ജനലുകൾ പൊട്ടിച്ചൊരാൾ പോലീസിനോട് സംസാരിക്കാൻവേണ്ടി കാത്തുനിൽക്കുന്നുണ്ടെന്ന് അയാളുണ്ടോ കരുതുന്നു. പ്രതി ഓടി രക്ഷപ്പെട്ടിട്ടുണ്ടാവുമെന്ന് അയാൾക്കുറപ്പായിരുന്നു. അയാൾ നോക്കുമ്പോൾ അതാ ദൂരെയൊരാൾ ഓടിപ്പോകുന്നു. ഒട്ടും അമാന്തിക്കാതെ പോലീസുകാരൻ അയാളുടെ പിന്നാലെ ഓടാനാരംഭിച്ചു. നിരാശനായ സോപ്പി, അവിടെനിന്നു മെല്ലെ നടന്നകന്നു. അവൻ രണ്ടാംവട്ടവും പരാജയപ്പെട്ടിരിക്കുന്നു!

ആ തെരുവിന്റെ അങ്ങേയറ്റത്ത് മറ്റൊരു റസ്റ്ററന്റുണ്ടായിരുന്നു. ബ്രോഡ്‌വേയിൽ കണ്ട റസ്റ്ററന്റിനോളം വരില്ലെന്നു മാത്രമല്ല, അവിടത്തെ സന്ദർശകരും അത്ര ധനികരൊന്നുമായിരുന്നില്ല. ഭക്ഷണത്തിന്റെ കാര്യവും ഏതാണ്ട് അങ്ങനെയൊക്കെത്തന്നെയായിരുന്നു. കീറിയ വസ്ത്രവും പൊട്ടിയ ഷൂസും കണ്ട് ഇവിടെയാരും അവനെ തടഞ്ഞില്ല. അവൻ ഒരു മേശയ്ക്കരികിലിരുന്ന് ഭക്ഷണം കഴിച്ചുതുടങ്ങി. ഭക്ഷണത്തിനുശേഷം തന്റെ കൈയിൽ പണമില്ലെന്നവൻ വെയ്റ്ററെ അറിയിച്ചു.

“എന്താണ് താമസം. വേഗം പോലീസിനെ വിളിക്കൂ. എനിക്ക് കാത്തുനിൽക്കാൻ സമയമില്ല.”

“നിനക്കൊന്നും പോലീസിന്റെ ആവശ്യമില്ല,”

വെയ്റ്റർ പറഞ്ഞു. അയാൾ മറ്റൊരു വെയ്റ്ററെ വിളിച്ചു. രണ്ടുപേരും ചേർന്ന് സോപ്പിയെ ചെവിക്കു പിടിച്ച് പുറത്തേക്കെ

**ഏറ്റവും രസകരമായ വഴി എന്നത് ഒരു വലിയ റെസ്റ്ററന്റിൽ പോയി ഏറ്റവും നല്ല ഭക്ഷണം കഴിക്കുക. അതിനു ശേഷം പണമില്ലെന്നു പറയുക. ഒരു പോലീസുകാരൻ എവിടെനിന്നോ പ്രത്യക്ഷപ്പെടുന്നു... എല്ലാം വളരെ എളുപ്പത്തിലും സാവധാനത്തിലും കഴിയും. പോലീസ് അവനെ അറസ്റ്റുചെയ്യുന്നു. ജഡ്ജിനടുത്തേക്കെത്തിക്കുന്നു.**

റിഞ്ഞു. പതിയെ എഴുന്നേറ്റ് അവൻ ശരീരത്തിലെ പൊടി തട്ടിക്കളഞ്ഞു.

ജയിൽ ഒരു മധുരസ്വപ്നമായി അവശേഷിക്കുമോ? ദ്വീപ് വളരെ കാതങ്ങൾ അകലെയാണെന്നവനു തോന്നി, ഒരിക്കലും അവിടേക്കെത്താനാവില്ലെന്നും. ഇതെല്ലാം കണ്ടുകൊണ്ടുനിന്ന ഒരു പോലീസുകാരൻ ചെറുചിരിയോടെ നടന്നകന്നു.

ഏതാണ്ട് അരമൈൽ ദൂരം കൂടി സോപ്പി സഞ്ചരിച്ചു, അടുത്ത ശ്രമത്തിനുമുമ്പ്.

ഇത്തവണ അവന് വിജയത്തെക്കുറിച്ച് നല്ല തീർച്ചയുണ്ടായിരുന്നു. അവിടെ ഒരു യുവതി ഒരു കടയുടെ വാതിൽക്കൽ അകത്തുള്ള സാധനങ്ങൾ സൂക്ഷ്മമായി നോക്കിക്കൊണ്ട് നിൽപ്പുണ്ടായിരുന്നു. കുറച്ചു മാറി ഒരു പോലീസുകാരനും. സോപ്പി ആലോചിച്ചത് ആ സ്ത്രീയെ ശല്യപ്പെടുത്തുന്നതിനെക്കുറിച്ചായിരുന്നു. താൻ ഒരു ശല്യക്കാരനാണെന്നു തോന്നിയാൽ അവർ പോലീസിനെ വിളിക്കുമെന്ന് അവൻ കരുതി.

അവനവളുടെ അടുത്തേക്ക് ചെന്നു. പോലീസുകാരൻ തന്നെ നിരീക്ഷിക്കുന്നുണ്ടെന്ന് അവനു മനസ്സിലായി. യുവതി ഒരല്പം മാറിനിന്നു. സോപ്പി വീണ്ടും അവരുടെ അടുത്തേക്കു നീങ്ങി. അവളുടെ തൊട്ടടുത്തെത്തി അവൻ പറഞ്ഞു.

“ഗുഡ് ഈവനിങ് സേഡെലിയാ, നീ എനിക്കൊപ്പം വരുന്നോ?”

യുവതി കൈയൊന്നനക്കിയാൽ മതി, അടുത്തനിമിഷം സോപ്പിയുടെ മേൽ പോലീസിന്റെ പിടിവീഴും. സ്വപ്നസ്ഥലത്തേക്കുള്ള യാത്രയും അവിടത്തെ ഊഷ്മളമായ അന്തരീക്ഷവും സോപ്പിയുടെ മനസ്സിൽ തെളിഞ്ഞു.

പക്ഷേ യുവതി സോപ്പിയുടെ നേരെ തിരിഞ്ഞു. അവന്റെ കൈയിൽ പിടിച്ചു.

“തീർച്ചയായും മൈക്ക്”, അവൾ ഉത്സാഹത്തോടെ പറഞ്ഞു. “നീയെനിക്ക് കുടിക്കാനെന്തെങ്കിലും വാങ്ങിത്തരാമോ?” തീർത്തും അപ്രതീക്ഷിതമായ പെരുമാറ്റം.

തന്റെ കൈയിൽ പിടിച്ചിരിക്കുന്ന യുവതിയുമായി സോപ്പി ആ പോലീസുകാരന്റെ മുന്നിലൂടെ നടന്നുനീങ്ങി. അവൻ തീർത്തും നിരാശനും ദുഃഖിതനുമായിരുന്നു. ഇപ്പോഴും അവൻ ജയിലിനു പുറത്താണ്. എക്കാലവും ഇങ്ങനെത്തന്നെ കഴിയേണ്ടിവരുമോ എന്തോ? അടുത്ത ഒരു തിരിവിൽ വെച്ച് അവൻ യുവതിയുടെ കൈ തട്ടിമാറ്റി ഓടി.

സോപ്പി ചെന്നുനിന്നത് കുറച്ചു തീയേറ്ററുകളുടെ സമീപത്താണ്. വിലയേറിയതും മനോഹരവുമായ കോട്ടുകൾ ധരിച്ച സ്ത്രീപുരുഷന്മാർ തിരക്കിട്ട് എവിടേക്കെല്ലാമോ പോകുന്നുണ്ടായിരുന്നു.

അപ്പോഴാണ് ഒരു തീയേറ്ററിനു മുന്നിലൊരു പോലീസുകാരൻ നിൽക്കുന്നത് അവൻ കണ്ടത്. എന്തെങ്കിലും ചെയ്തേ പറ്റൂ. അവൻ ഉറക്കെ ശബ്ദമുണ്ടാക്കാനും വിളിച്ചുകൂവാനും തുടങ്ങി. ഒപ്പം നൃത്തംചെയ്യാനും. ഒരു കുടിയന്റെ എല്ലാ ലക്ഷണങ്ങളും അവൻ കാണിക്കാൻ തുടങ്ങി.

പോലീസുകാരനാവട്ടെ തൊട്ടടുത്തു നിന്നിരുന്ന മറ്റൊരാളോട് സംസാരിച്ചു.

“ഇതാ കോളേജ് പയ്യനല്ലേ. അവനാരെയും ഉപദ്രവിക്കുന്നില്ല. ബഹളം വച്ചതുകൊണ്ടു മാത്രം അവരെ പിടിക്കരുതെന്നാണ് ഉത്തരവ്.”

ഇതുകേട്ട സോപ്പി നിശ്ശബ്ദനായി. തന്നെ പിടികൂടാൻ ഇന്നാട്ടിലൊരു പോലീസുകാരൻ പോലുമില്ലെന്നോ! സ്വർഗത്തേക്കാൾ ദൂരെയാണ് ബ്ലാക്ക്‌വെൽ ദ്വീപെന്നവനു തോന്നി. അവന്റെ പുറംകോട്ട് അവൻ ഒന്നുകൂടെ വലിച്ചുപിടിച്ചു. കാറ്റിന്റെ തണുപ്പ് പിന്നെയും കൂടിയിരിക്കുന്നു.

അപ്പോഴാണ് തൊട്ടടുത്ത കടയിൽനിന്ന് ഒരാൾ ന്യൂസ് പേപ്പർ വാങ്ങുന്നത് അവൻ കണ്ടത്. അയാളുടെ കുട തൊട്ടടുത്തായി ചാരിവെച്ചിരിക്കുന്നു. സോപ്പി അടുത്തേക്കു ചെന്നു. കുടയെടുത്തു. ഒന്നും മിണ്ടാതെ പതിയെ നടക്കാൻ തുടങ്ങി. ആ മനുഷ്യൻ പെട്ടെന്നുതന്നെ അവനെ പിന്തുടർന്നു.

“എന്റെ കുട...” അയാൾ വിളിച്ചുപറഞ്ഞു.

“ആഹാ, ആണോ? എന്നിട്ടെന്താ നിങ്ങൾ പോലീസിനെ വിളിക്കാത്തത്? ഞാനിതെടുത്തു. നിങ്ങളുടെ കുട. പോലീസിനെ വിളിക്കുന്നില്ലേ? ഒരു പോലീസുകാരൻ ദാ, അവിടെ നിൽപ്പുണ്ട്.”

സോപ്പി പ്രതികരിച്ചു. ആ മനുഷ്യന്റെ നടത്തം മെല്ലെയായി. സോപ്പിയും വേഗത കുറച്ചു. പോലീസുകാരൻ ഇരുവരെയും മാറി മാറി നോക്കുന്നുണ്ട്.

കുടയുടെ ഉടമ സംസാരിച്ചു തുടങ്ങി:

“ഞാൻ... അത്, അത് നിങ്ങളുടെ കുടയാണെങ്കിൽ എന്നോട് ക്ഷമിക്കണം... എനിക്കത് രാവിലെ ഒരു റെസ്റ്ററന്റിൽ നിന്നു കിട്ടിയതാണ്. അത് നിങ്ങളുടെയാണെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ...”

**ഭക്ഷണത്തിനുശേഷം തന്റെ കൈയിൽ പണമില്ലെന്നവൻ വെയ്റ്ററെ അറിയിച്ചു. “എന്താണ് താമസം. വേഗം പോലീസിനെ വിളിക്കൂ. എനിക്ക് കാത്തുനിൽക്കാൻ സമയമില്ല.”**
**“നിനക്കൊന്നും പോലീസിന്റെ ആവശ്യമില്ല,” വെയ്റ്റർ പറഞ്ഞു. അയാൾ മറ്റൊരു വെയ്റ്ററെ വിളിച്ചു.**

"ഇതെന്റെയാണ്..."

അതികഠിനമായ ദേഷ്യത്തോടെ സോപ്പി അലറി. ആ മനുഷ്യൻ അവിടെനിന്നു പറപറന്നു. പോലീസുകാരനാവട്ടെ ഒരു പ്രായം ചെന്ന സ്ത്രീയെ റോഡുമുറിച്ചു കടക്കാൻ സഹായിക്കുന്ന തിരക്കിലായിരുന്നു.

സോപ്പി കിഴക്കുദിക്കിലേക്ക് നടക്കാൻ തുടങ്ങി. അവൻ ആ കുട കഴിയുന്നത്ര ശക്തി ഉപയോഗിച്ച് വലിച്ചെറിഞ്ഞു. പോലീസുകാരെ ശപിച്ചുകൊണ്ട് അവൻ മുന്നോട്ടു നടന്നു. അവർ അവനെയൊരു രാജാവിനെപ്പോലെയാണ് കാണുന്നത് എന്നവനു തോന്നി. ഒരിക്കലും തെറ്റുപറ്റാത്ത ഒരു രാജാവിനെപ്പോലെ.

ഒടുവിൽ സോപ്പി മാസിഡൺ സ്ക്വയറിന്റെ കിഴക്കുള്ള ഏറ്റവും നിശ്ശബ്ദമായ തെരുവിലൂടെ നഗരത്തിന്റെ ഹൃദയഭാഗത്തേക്കു തന്നെ നടക്കാൻ തുടങ്ങി. അവൻ വീട്ടിലേക്കു മടങ്ങുകയായിരുന്നു, ആ പഴയ പാർക്കിലെ ആ ബെഞ്ചിലേക്കു തന്നെ.

പെട്ടെന്നൊരിടത്ത് അവൻ നിന്നു. വളരെ വളരെ പഴക്കം ചെന്ന ആ പള്ളിക്കു മുമ്പിൽ. അതിന്റെ ഒരു ജനാലയിലൂടെ വെളിച്ചം പുറത്തേക്കൊഴുകുന്നുണ്ടായിരുന്നു. അതോടൊപ്പം ഒഴുകിയ മനോഹരഗാനം അവനോട് അവിടെത്തന്നെ നിൽക്കാനാവശ്യപ്പെടുന്നതുപോലെ തോന്നി.

ചന്ദ്രൻ ആകാശത്ത് തിളങ്ങിനിന്നു. പക്ഷികളുടെ ശബ്ദം കേൾക്കാമായിരുന്നു. പള്ളിയിൽനിന്ന് വരുന്ന കീർത്തനം അവനെ അവിടെത്തന്നെ പിടിച്ചുനിർത്തി. വർഷങ്ങൾക്കു മുമ്പ് സുപരിചിതമായിരുന്ന കീർത്തനം. അക്കാലത്ത് അവന്റെ ജീവിതം സ്നേഹവും പ്രതീക്ഷകളും നല്ല ചിന്തകളും നിറഞ്ഞതായിരുന്നു.

സോപ്പിയുടെ മനസ്സ് ഇത്തരമൊരു അനുഭവത്തിനുവേണ്ടി ആഗ്രഹിച്ചിരുന്നുവെന്നുവേണം കരുതാൻ. ഇവിടേക്കെത്തിയത് ഏറ്റവും ശരിയായ നിമിഷത്തിലാണെന്നവനു തോന്നി. അവന്റെ ആത്മാവിൽ അദ്ഭുതകരമായൊരു മാറ്റം നടന്നു. താൻ എത്രമാത്രം അധഃപതിച്ചിരിക്കുന്നുവെന്ന് അവൻ ഭീതിയോടെ മനസ്സിലാക്കി. അവൻ കഴിഞ്ഞകാലമോർത്തു. താൻ പുതഞ്ഞുപോയിരിക്കുന്ന ചെളിയിൽനിന്ന് കരകയറേണ്ടിയിരിക്കുന്നു എന്നവന് പൂർണ്ണ ബോധ്യം വന്ന നിമിഷം! അവൻ ഒരു പുതിയ മനുഷ്യനാവാൻ പോകുന്നു.

ഇനിയും സമയമുണ്ട്. അവൻ ഇപ്പോഴും ചെറുപ്പമാണ്. അവന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്തെന്ന് അവൻ കണ്ടെത്തും. അതിനെ പിന്തുടരും. ആ സംഗീതം അവനെ അടിമുടി മാറ്റിയിരിക്കുന്നു. നാളെമുതൽ അവൻ ജോലിക്ക് പോയിത്തുടങ്ങും. അവൻ ഈ ലോകത്തിൽ എന്തെങ്കിലുമൊക്കെ ആകാൻ പോകുന്നു...

അവൻ...

സോപ്പിയുടെ കൈയിൽ ഒരു പിടിവീണു. അവൻ നോക്കിയത് ഉറച്ച ഭാവത്തോടെ നിൽക്കുന്ന ഒരു പോലീസുകാരന്റെ മുഖത്തേക്കാണ്.

"നീയെന്താണിവിടെ ചുറ്റിത്തിരിയുന്നത്?"

പോലീസുകാരൻ ചോദിച്ചു.

"ഒന്നുമില്ല." അവൻ പറഞ്ഞു.

"ഞാനതു വിശ്വസിക്കുന്നില്ല."

പോലീസുകാരൻ വീണ്ടും പറഞ്ഞു. സോപ്പി അയാളോട് തർക്കിച്ചു. പക്ഷേ ഒരു ന്യൂയോർക്ക് പോലീസുകാരനോട് തർക്കിക്കുന്നത് അത്ര ബുദ്ധിയല്ല എന്ന് അവനറിഞ്ഞില്ല.

"വാ ഇവിടെ..." അയാൾ പറഞ്ഞു.

"ബ്ലാക്‌വെൽ ദ്വീപിൽ മൂന്നു മാസം."

അടുത്ത ദിവസം രാവിലെ ജഡ്ജ് ഉത്തരവിട്ടു.





# സൂര്യനെ ലക്ഷ്യമിട്ട് ആദിത്യ എൽ 1

അനുരാഗ് എസ്



ബഹിരാകാശത്തുനിന്ന് സൂര്യനെ നിരീക്ഷിച്ചു പഠിക്കുക. അതാണ് ഇന്ത്യ വിക്ഷേപിച്ച ആദിത്യ എൽ 1 എന്ന ദൗത്യം. ഇന്ത്യയുടെ ആദ്യ ബഹിരാകാശ സൗര പര്യവേക്ഷണദൗത്യമാണിത്. 2023 സെപ്റ്റംബർ 2ന് ശ്രീഹരിക്കോട്ടയിൽനിന്നായിരുന്നു വിക്ഷേപണം. ചന്ദ്രയാൻ 3ന്റെ വിജയത്തിനുശേഷം ശാസ്ത്രസമൂഹം ഉറ്റുനോക്കുന്ന ദൗത്യമാണ് ആദിത്യ. ഇസ്രോയുടെ രണ്ടാമത്തെ ജ്യോതിശാസ്ത്ര നിരീക്ഷണദൗത്യമാണിത്. ആദ്യത്തേത് ആസ്ട്രോസാറ്റ് എന്ന ബഹിരാകാശ ടെലിസ്കോപ്പായിരുന്നു.

സൗരയൂഥത്തിന്റെ കേന്ദ്രമായ നക്ഷത്രമാണ് നമ്മുടെ സൂര്യൻ. പ്രധാനമായും ഹൈഡ്രജനും ഹീലിയവും അടങ്ങുന്ന സ്വയം ഊർജം ഉത്പാദിപ്പിക്കുന്ന ഭീമാകാരമായ വാതകഗോളം. ചെറിയ ആറ്റങ്ങൾ കൂട്ടിച്ചേർത്ത് വലിയ ആറ്റങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയായ അണുസംയോജനത്തിന്റെ ഫലമായി ഹൈഡ്രജനെ ഹീലിയം ആക്കി മാറ്റിക്കൊണ്ടാണ് സൂര്യനിൽ ഊർജോത്പാദനം നടക്കുന്നത്. ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന് അടിസ്ഥാനമായ ചൂടും പ്രകാശവും ഉത്പാദിപ്പിക്കപ്പെടുന്നത് സൂര്യനിലാണ്. 450 കോടി വർഷത്തോളമാണ് സൂര്യന്റെ പ്രായം.


## എന്തിന് സൂര്യനെക്കുറിച്ചു പഠിക്കണം?

സൂര്യൻ നക്ഷത്രമാണ്. ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം. വേറെ ഏതു നക്ഷത്രത്തെക്കുറിച്ചു പഠിക്കുന്നതിലും എളുപ്പമാണ് സൂര്യനെക്കുറിച്ചു പഠിക്കാൻ. സൂര്യനെക്കുറിച്ചുള്ള പഠനം മറ്റു നക്ഷത്രങ്ങളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനും സഹായകമാകും എന്നതാണ് ഏറെ പ്രധാനം.

ഇതു മാത്രമല്ല, സൂര്യനിൽനിന്നു വരുന്ന വികിരണങ്ങൾ ഭൂമിയിൽ ഉണ്ടാക്കുന്ന മാറ്റം പഠിക്കുക എന്നതും ഏറെ പ്രധാനപ്പെട്ടതാണ്.

ഇലക്ട്രിക് - ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കേടുപാടുകൾ വരുത്താനും സൗരവികിരണങ്ങൾക്കു കഴിയും. എന്തിനേറെ, സൂര്യനിൽ വരുന്ന വലിയ മാറ്റങ്ങൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനുതന്നെ അപകടകരമാവാം. എന്നാൽ ഇത്തരം മാറ്റങ്ങൾ മുൻകൂട്ടി അറിയാൻ കഴിഞ്ഞാൽ അവശ്യമായ മുൻകരുതലുകൾ എടുക്കാനാവും. അതിന് സൂര്യനെക്കുറിച്ച് പഠിച്ചേ മതിയാവൂ.

ഈ സ്പെക്ട്രം വയലറ്റു മുതൽ ചുവപ്പുവരെ തുടർച്ചയായി നിറങ്ങൾ മാത്രമാണെന്നാണ് അന്നു കരുതിയിരുന്നത്. എന്നാൽ **William Wollaston** എന്ന ശാസ്ത്രജ്ഞൻ ഈ സ്പെക്ട്രത്തെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ അതിൽ ചില കറുത്ത വരകൾ കണ്ടു. **1802**ലായിരുന്നു ഇത്. പിന്നീട് **Joseph von Fraunhofer** എന്ന ശാസ്ത്രജ്ഞനാണ് ഈ രേഖകളെപ്പറ്റി സമഗ്രപഠനം



▲
സോളാർ സ്പെക്ട്രം. വയലറ്റ് മുതൽ ചുവപ്പുവരെയുള്ള ഭാഗം ചിത്രത്തിൽ കാണാം. കറുത്ത രേഖകൾ സൂര്യന്റെ അന്തരീക്ഷത്തിലെ മൂലകങ്ങൾ ആഗിരണം ചെയ്യുന്ന തരംഗദൈർഘ്യങ്ങളാണ്.
ഫോട്ടോ: Rudy Kokich

നടത്തിയത്. ഫ്രാങ്ക്ഹോഫർ രേഖകൾ എന്നാണ് സോളാർ സ്പെക്ട്രത്തിലെ ഈ രേഖകൾ ഇന്ന് അറിയപ്പെടുന്നത്.

പല മൂലകങ്ങളും കത്തുമ്പോൾ കിട്ടുന്ന പ്രകാശം പ്രിസത്തിലൂടെ കടത്തിവിട്ടു കിട്ടുന്ന സ്പെക്ട്രം പരിശോധിച്ചാലും ഇത്തരം രേഖകൾ കാണാമെന്നു മനസ്സിലാക്കിയത് പിന്നീടാണ്. ഓരോ മൂലകത്തിനും ഈ വരകൾ വ്യത്യസ്തമായിരിക്കും. സ്പെക്ട്രൽ രേഖകൾ പരിശോധിച്ചാൽ മാത്രം മതി മൂലകമേതെന്നു തിരിച്ചറിയാം. റോബർട്ട് ബൻസനും ഗസ്റ്റവ് കിർച്ചോഫും നടത്തിയ പരീക്ഷണങ്ങളാണ് ഇതിനു വഴിതെളിച്ചത്.

അറിയാവുന്ന മൂലകങ്ങളുടെ സ്പെക്ട്രൽ രേഖകളും സൂര്യപ്രകാശത്തിന്റെ സ്പെക്ട്രവും താരതമ്യപ്പെടുത്തി നോക്കിയാൽ സൂര്യനിൽ എന്തെല്ലാം മൂലകങ്ങളുണ്ടെന്നു മനസ്സിലാക്കാനാവും എന്ന് ഇതോടെ മനസ്സിലായി. ഹൈഡ്രജനും ഹീലിയവും അടക്കമുള്ള മൂലകങ്ങൾ ഇങ്ങനെയാണ് കണ്ടെത്തിയത്. ഇത് സ്റ്റെല്ലാർ സ്പെക്ട്രോസ്കോപ്പിക്കും ബഹിരാകാശ ഭൗതികശാസ്ത്രത്തിന്റെ തുടക്കത്തിനും വഴിവെച്ചു.

സൂര്യനുള്ളിൽ എന്താണെന്നു തിരിച്ചറിയാൻ സോളാർ സ്പെക്ട്രം പരിശോധിച്ചാൽ മതി എന്നു ചുരുക്കം.

## സൂര്യനുള്ളിലെന്തെന്ന് എങ്ങനെ അറിയും?

സൂര്യനിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഊർജം ഭൂമിയിൽ എത്തുന്നത് പല തരംഗദൈർഘ്യമുള്ള വൈദ്യുതകാന്തികതരംഗങ്ങളായാണ്. അതിൽ നമ്മൾ കാണുന്ന ദൃശ്യപ്രകാശം കൂടാതെ റേഡിയോ തരംഗങ്ങൾ ഇൻഫ്രാറെഡ്, അൾട്രാവയലറ്റ്, എക്സ്-റേ, ഗാമ റേ തുടങ്ങിയവയുമുണ്ട്. ഇതുകൂടാതെ സൂര്യനിൽനിന്ന് പലപ്പോഴും ചാർജുള്ള കണങ്ങളുടെ (പ്ലാസ്മ) പ്രവാഹങ്ങൾ ഉണ്ടാകാറുണ്ട്. സോളാർ ഫ്ലയേഴ്സ്, സൗരവാതങ്ങൾ, കൊറോണൽ മാസ് ഇജക്ഷനുകൾ തുടങ്ങിയ പല പ്രതിഭാസങ്ങളും സൂര്യനിലുണ്ട്. സൂര്യനിലെ ശക്തമായ കാന്തിക മേഖലകളായ സൗരകളങ്കങ്ങളാണ് ഇത്തരം സൗരപ്രവർത്തനങ്ങളുടെ കേന്ദ്രം. സൂര്യന്റെ ശക്തമായ കാന്തികമണ്ഡലവും ശാസ്ത്രജ്ഞരുടെ ശ്രദ്ധയാകർഷിക്കുന്നു.

പതിനേഴാം നൂറ്റാണ്ടിൽ ഐസക് ന്യൂട്ടൺ സൂര്യപ്രകാശത്തെ പ്രിസത്തിലൂടെ കടത്തിവിട്ടു നടത്തിയ പരീക്ഷണങ്ങളാണ് ദൃശ്യപ്രകാശം വിവിധ നിറങ്ങളുടെ കൂട്ടമാണെന്നു തിരിച്ചറിഞ്ഞത്. സോളാർ സ്പെക്ട്രം എന്നാണ് ഇതിനെ വിളിക്കുക.



▲
കൊടൈക്കനാലിലെ സൗരനിരീക്ഷണാലയം. ലോകത്തെതന്നെ പഴക്കമേറിയ സൗരനിരീക്ഷണാലയങ്ങളിൽ ഒന്നാണിത്. ഫോട്ടോ: Marcus334 @ English Wikipedia


ദൃശ്യപ്രകാശം മാത്രമല്ല നമുക്ക് ഇങ്ങനെ പരിശോധിക്കാനാവുന്നത്. ഇൻഫ്രാറെഡും അൾട്രാവയലറ്റും ഉൾപ്പടെയുള്ള മേഖലകൾ പരിശോധിച്ചാലും സൂര്യനിൽ നടക്കുന്ന പല കാര്യങ്ങളെക്കുറിച്ചും അറിയാനാകും.

ഇങ്ങനെ സൂര്യനെ പഠിക്കുന്ന പല നിരീക്ഷണശാലകളും ഇന്നു ഭൂമിയിലുണ്ട്. 1899ൽ സ്ഥാപിതമായ കൊടൈക്കനാൽ സോളാർ ഒബ്സർവേറ്ററി ഇന്ത്യയിലെ ഒരു പ്രധാന നിരീക്ഷണകേന്ദ്രമാണ്. രാജസ്ഥാനിലെ ഉദയ്പൂരിലും ഉത്തരാഖണ്ഡിലെ നൈനിറ്റാലിലും സൗരനിരീക്ഷണികളുണ്ട്. പ്രകാശം മാത്രമല്ല, സൂര്യനിൽനിന്നു വരുന്ന ന്യൂട്രിനോകളും ഭൂഗർഭനിരീക്ഷണശാലകളിൽ നമ്മൾ പഠനവിധേയമാക്കുന്നുണ്ട്.

## എന്തിനാണ് ഭൂമിയെ വിട്ട് ബഹിരാകാശത്തേക്കു പോകുന്നത്?

സൂര്യനിൽനിന്നു വരുന്ന എല്ലാത്തരം പ്രകാശവും ഭൂമിയുടെ ഉപരിതലത്തിലേക്ക് എത്തില്ല. ഭൂമിയുടെ അന്തരീക്ഷം ഭൂമിയിലെത്തുന്ന പല തരംഗദൈർഘ്യങ്ങളും ആഗിരണം ചെയ്യും. ഇവയെക്കൂടി പഠിച്ചാൽ മാത്രമേ സൂര്യനെക്കുറിച്ചോ

ദൃശ്യപ്രകാശത്തിന് ഭൂമിയുടെ അന്തരീക്ഷത്തിലൂടെ കടന്ന് ഭൗമോപരിതലത്തിൽ എത്താൻ കഴിയും. എന്നാൽ ഗാമ, എക്സ്, അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് രശ്മികളെ അന്തരീക്ഷം വലിയ തോതിൽ തടയും. റേഡിയോ തരംഗങ്ങളിൽ തരംഗദൈർഘ്യം കുറഞ്ഞവയ്ക്ക് ഭൂമിയിൽ എത്താനാകും. ദൈർഘ്യമേറിയവയെ അന്തരീക്ഷം തടയും.
▼



നക്ഷത്രങ്ങളെക്കുറിച്ചോ ഉള്ള കൂടുതൽ വിവരങ്ങൾ ലഭ്യമാകൂ. ഭൂമിയുടെ അന്തരീക്ഷം സൗര - നക്ഷത്രപഠനങ്ങൾക്കു ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. സൂര്യനിൽനിന്നെത്തുന്ന ഹാനികരകമായ UV രശ്മികളെ ഓസോൺ പാളി ആഗിരണം ചെയ്യുന്നത് കൂട്ടുകാർക്ക് അറിയുമല്ലോ. സൂര്യനിൽ നിന്നെത്തുന്ന എക്സ്-റേയും ഊർജം കൂടിയ UV രശ്മികളും അന്തരീക്ഷത്തിന്റെ പുറംപാളിയിലെ ആറ്റങ്ങളിൽ ഇടിച്ച് അവയെ അയോണുകളാക്കി മാറ്റുന്നത് (ചാർജുള്ള കണങ്ങൾ) അയണോസ്ഫിയർ രൂപീകരണത്തിന് കാരണമാകുന്നു. സൂര്യനിൽനിന്നെത്തുന്ന ഇൻഫ്രാറെഡ് രശ്മികളെ അന്തരീക്ഷത്തിലെ നീരാവിയും കാർബൺ ഡൈഓക്സൈഡുംപോലുള്ള ഹരിതഗൃഹവാതകങ്ങൾ ആഗിരണം ചെയ്ത് താപോർജമാക്കി മാറ്റുകയും അന്തരീക്ഷത്തെ ചൂടുപിടിപ്പിക്കുകയും ചെയ്യുന്നു.

സൗരപ്രതിഭാസങ്ങളുടെ ഫലമായി ഭൂമിയിലേക്ക് എത്തുന്ന പ്ലാസ്മയെ ഭൂമിയുടെ കാന്തികമണ്ഡലം തടയുകയും ധ്രുവപ്രദേശങ്ങളിൽ സുന്ദരമായ ധ്രുവദീപ്തിക്ക് കാരണമാകുകയും ചെയ്യുന്നു. ഭൂമിയുടെ കാന്തികമണ്ഡലത്തിന്റെ സാന്നിധ്യം കാരണം ഭൂമിയിൽ നിന്നോ ഭൂമിയോടടുത്തുള്ള പരിക്രമണപഥത്തിൽനിന്നുകൊണ്ടോ സൂര്യന്റെ കാന്തികമണ്ഡലത്തെക്കുറിച്ചു പഠിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കും. ഇക്കാരണങ്ങളാലാണ് സൂര്യന്റെ ഉപരിതലത്തെയും അന്തരീക്ഷത്തെയും കുറിച്ചു പഠിക്കാൻ ബഹിരാകാശനിരീക്ഷണികൾ ആവശ്യമായി വരുന്നത്.

## ആദിത്യ

സെപ്റ്റംബർ 2 രാവിലെ 11:50 നു PSLV C 57 ഉപയോഗിച്ച് വിക്ഷേപിച്ച ആദിത്യ L1 ഭൂമിയിൽനിന്ന് 15 ലക്ഷം കിലോമീറ്റർ അകലെ (ഭൂമിയിൽനിന്ന് സൂര്യനിലേക്കുള്ള ദൂരത്തിന്റെ നൂറിലൊന്ന്) ഒന്നാം ലഗ്രാഞ്ചിയൻ പോയിന്റിൽ (L1) ഡിസംബറോടു കൂടി എത്തിച്ചേരും. ഭൂമിക്കൊപ്പം ഭൂമിയുടെ അതേ വേഗതയിൽ സൂര്യനെ ചുറ്റിക്കൊണ്ട് തടസ്സങ്ങൾ ഇല്ലാതെ സൂര്യനെ നിരീക്ഷിക്കാൻ പറ്റും എന്നതാണ് ഒന്നാം ലഗ്രാഞ്ചിയൻ പോയിന്റിന്റെ സവിശേഷത. സ്ഥാനം കൃത്യമായി നിലനിർത്താൻ കുറച്ച് ഇന്ധനം ആവശ്യമാണെന്നു മാത്രം. ഇത് തീരുംവരെ ആദിത്യ L1 പ്രവർത്തനക്ഷമമായിരിക്കും. വാർത്താവിനിമയത്തിനും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനും ആവശ്യമായ വൈദ്യുതി സോളാർ പാനലുകളാണു നൽകുക.



പഠനാവശ്യങ്ങൾക്കായി ഏഴ് ശാസ്ത്രഉപകരണങ്ങൾ അല്ലെങ്കിൽ പേലോഡുകളാണ് ആദിത്യയിൽ ഉള്ളത്. ഒരു കൃത്രിമ ഉപഗ്രഹത്തിൽ പ്രത്യേക പഠന ആവശ്യത്തിനായി ഘടിപ്പിക്കുന്ന ഉപകരണങ്ങളെയാണ് പേലോഡുകൾ എന്നു വിളിക്കുക.

സൂര്യന്റെ അന്തരീക്ഷമായ കൊറോണയെ പഠനവിധേയമാക്കുകയാണ് ആദിത്യയുടെ പ്രധാന ലക്ഷ്യം. സൂര്യന്റെ ഉപരിതലം എന്നു പറയാവുന്ന ഫോട്ടോസ്ഫിയറിന്റെ താപനില ഏകദേശം 6000 കെൽവിനാണ്. എന്നാൽ അതിനുപുറത്തുള്ള കൊറോണയുടെ താപനില 10,00,000 കെൽവിനാണ്. ഫോട്ടോസ്ഫിയറിനെക്കാളും ഏറെയേറെ ഉയർന്ന താപനില. ശാസ്ത്രലോകത്തിന് ഇന്നും പൂർണ്ണമായി ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണിത്.

സൗരവാതങ്ങൾ, പ്ലാസ്മാ പ്രവാഹം, കൊറോണൽ മാസ് ഇജക്ഷൻ, സൂര്യന്റെ കാന്തികക്ഷേത്രം തുടങ്ങിയ സൗരപ്രതിഭാസങ്ങളെ ആദിത്യ പഠനവിധേയമാക്കും. ഏഴു പഠനോപകരണങ്ങളിൽ നാലെണ്ണം വിദൂരസംവേദനത്തിലൂടെ സൂര്യനെ പഠിക്കുമ്പോൾ മൂന്നെണ്ണം ആദിത്യ നിൽക്കുന്ന ബിന്ദുവിൽ അനുഭവപ്പെടുന്ന കാന്തികതയും അയോണുകളുടെ സാന്നിധ്യവും പഠിക്കും. അൾട്രാ വയലറ്റ്, ദൃശ്യപ്രകാശം, ഊർജം കൂടിയതും കുറഞ്ഞതുമായ എക്സ് റേ എന്നീ തരംഗദൈർഘ്യങ്ങളിലാണ് ആദിത്യയിലെ വിദൂരസംവേദന ഉപകരണങ്ങൾ പ്രവർത്തിക്കുക.

ശാസ്ത്രസമൂഹത്തിനു മുതൽക്കൂട്ടാകാവുന്ന ഒട്ടനവധി കണ്ടെത്തലുകളാവും ആദിത്യയിലൂടെ നമുക്ക് ലഭ്യമാവുക. സൂര്യനെക്കുറിച്ചുള്ള ഈ പഠനങ്ങൾ ഭാവി പര്യവേക്ഷണങ്ങൾക്കും പഠനങ്ങൾക്കും മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല.

കഥ

# വെള്ളപ്പക്ഷിയുടെ കാലുകൾ

**പുനരാഖ്യാനം: രാഹുൽ എസ്**

വാമൊഴികളായി പകർന്നുപോന്നവയാണ് നാടോടിക്കഥകൾ. ആഫ്രിക്കയിൽ പിറന്ന നാടോടിക്കഥകൾക്ക് അവരുടെ പൂർവകാലത്തെ സംസ്കാരവുമായും ജീവിതവുമായും ബന്ധമുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുള്ള കാലത്തെ അവരുടെ ജീവിതപശ്ചാത്തലം മുന്നിൽക്കണ്ടു വേണം നാടോടിക്കഥകൾ വായിക്കാൻ.



വര: ബാസി മറിയം



വെള്ളപ്പക്ഷി വെള്ളത്തിൽനിന്ന് ഇരതേടുകയായിരുന്നു. പെട്ടെന്ന് തടിച്ചുകൊഴുത്ത ഒരു ഞണ്ട് അതിന്റെ മുന്നിൽപ്പെട്ടു. വിശന്നിരുന്ന വെള്ളപ്പക്ഷി ഞണ്ടിനെ അപ്പോൾത്തന്നെ അകത്താക്കി. പക്ഷേ ആ ഞണ്ട് കുളത്തിലെ ഞണ്ടുകളുടെ രാജാവായിരുന്നു. കുളത്തിലെ മറ്റു ഞണ്ടുകൾ പ്രതികാരം ചെയ്യാനായി തീരുമാനിച്ചു.

“രണ്ടു നീളൻ ചുവന്നകാലുകളും വെളുത്ത തൂവലുമുള്ള പക്ഷിയായിരുന്നു അത്.” കൂട്ടത്തിൽ ഒരു ഞണ്ട് വിളിച്ചു പറഞ്ഞു.

‘കണ്ടുകിട്ടിയാലുടൻ അവന്റെ രണ്ടു കാലും കടിച്ചു പറിക്കണം’ എന്നലറിക്കൊണ്ട് ഞണ്ടുകൾ വെള്ളപ്പക്ഷിയെ തെരഞ്ഞിറങ്ങി.

ഇതെല്ലാം കേട്ട തവളക്കുഞ്ഞൻ ഉടനെ വെള്ളപ്പക്ഷിയുടെ അടുത്തേക്കു പാഞ്ഞു. തവളക്കുഞ്ഞനിൽനിന്ന് കാര്യങ്ങളുടെ അപകടം മനസ്സിലാക്കിയ വെള്ളപ്പക്ഷി പേടികൊണ്ട് വിറച്ചു.

അപ്പോൾ തവളക്കുഞ്ഞൻ പറഞ്ഞു:

“നീ പേടിക്കണ്ട, ഒരു കാൽ പൊക്കിനിന്നാൽ മതി. മറ്റേതെങ്കിലും ജീവിയാണെന്ന് കരുതി അവർ തിരികെപ്പൊയ്ക്കോളും.”

വെള്ളപ്പക്ഷി തവളക്കുഞ്ഞൻ പറഞ്ഞതനുസരിച്ച് ഒരു കാൽ പൊക്കി വെള്ളത്തിൽ നിന്നു.

വെള്ളപ്പക്ഷിയുടെ അടുത്ത് ഞണ്ടുകൾ എത്തിയെങ്കിലും ഒറ്റക്കാലിൽ നിൽക്കുന്ന ജീവിയെയാണു കണ്ടത്. അത് അവരന്വേഷിക്കുന്ന ആളാണെന്ന് തിരിച്ചറിയാനായില്ല.

അതിൽപ്പിന്നെ വെള്ളപ്പക്ഷി എപ്പോഴും ഒറ്റക്കാൽ ഉയർത്തി മാത്രമേ വെള്ളത്തിൽ നിൽക്കാറുള്ളത്രേ!



# വിമാനം

**ശ്രീജിത്ത് അരിയല്ലൂർ**

കാവിൽ വേല കഴിഞ്ഞു വരുമ്പോൾ
കൊട്ടു വാശി പിടിച്ചു വാങ്ങുന്നൂ,
പൊന്നിൻ നൂലിൽ കെട്ടിയോരൂ
ഹൈഡ്രജനെ കുടിച്ചൊരാ
വിമാനരൂപിയാം വെൺബലൂണിനെ!

കുഞ്ഞുവിരൽത്തുമ്പിൽനിന്നായ്
അമ്മ കൈപിടിച്ച വികൃതിയെപ്പോൽ
കുതറിയോടാൻ നോക്കുമാ ബലൂണിനെ
ചേർത്തുവെയ്ക്കുന്നു കൗതുകം!

വീടിൻ മേൽക്കൂരയിൽ ചെന്നുതൊടുമത്.
ചാടിയോടിക്കളിച്ചുകൊണ്ട്
ബെഡിൽ പോയി കിടക്കുമിടയ്ക്കിടെ...
പണ്ടുകാലം മറന്നയാരെയോ-
അടുക്കളയിരുളിൽ തിരയുമത്.

കുഞ്ഞുവിരലിൽ തൂങ്ങിയൊന്ന്
മുറ്റമെത്തുന്നു വിമാനം!
മുകളിലാകാശം കണ്ടു കൊതിക്കുന്നൂ
നൂലു പൊട്ടിച്ചു കുതിക്കുന്നു വേഗം.

രണ്ടു മൂന്നു തെങ്ങുയരത്തിൽ
മാഞ്ഞുമാഞ്ഞു പോയ് വിമാനം
കുഞ്ഞിൻ തേങ്ങൽ കേൾക്കാത്ത ദൂരം
പൊങ്ങിപ്പൊങ്ങി പോയ് വിമാനം.

വിങ്ങി വിങ്ങിക്കരഞ്ഞുറങ്ങീ
അന്നു പകലിൻ സൂര്യനും

പുലരി വന്നു വിളിച്ച നേരം
വാനിലൂടെ പോകുന്നതാ വിമാനം
പഴയൊരോർമ്മ പോയ് മറഞ്ഞൂ
പുതിയൊരൂർജ്ജം കുഞ്ഞിൽ നിറഞ്ഞൂ!



വര: ജാസില ലുലു

ശാസ്ത്രം

# കടലിലൊരു കാട്

**ശ്രീപ്രസാദ് വടക്കേപ്പാട്ട്**

കടലിൽ വെള്ളത്തിനടിയിലുള്ള, കാടിനു സമാനമായ ആവാസ വ്യവസ്ഥയാണ് **കെൽപ് വനങ്ങൾ.** കാഴ്ചയിൽ ഏകദേശം കരയിലെ സസ്യങ്ങളെപ്പോലെതന്നെയാണെങ്കിലും കെൽപ്, ആൽഗ (Alga) വിഭാഗത്തിൽപ്പെടുന്നവയാണ്. ഭൂമിയിൽ രൂപംകൊണ്ട ആദ്യ സസ്യവിഭാഗമായാണ് ആൽഗകളെ (Algae) ശാസ്ത്രജ്ഞർ പരിഗണിക്കുന്നത്. അതിലെ ഒരു വിഭാഗത്തിന് പരിണാമം സംഭവിച്ചായിരിക്കാം കരയിലെ സസ്യലോകം ഉണ്ടായത്. ആൽഗകൾ ഒരുതരം പായലാണ്. നമുക്ക് നഗ്ന നേത്രങ്ങൾകൊണ്ട് കാണുവാൻ കഴിയാത്തതു മുതൽ 60 മീറ്ററിൽ കൂടുതൽ നീളത്തിൽ വളരുന്ന വൻ വിഭാഗങ്ങൾവരെ ആൽഗകളിലുണ്ട്. നീളം കൂടിയ വിഭാഗത്തെയാണ് കെൽപ് (Kelp) എന്നു വിളിക്കുന്നത്.

ജീവജാലങ്ങളിൽ ഒരേയിനം ഘടനയും, ഒരേ പൂർവികകോശത്തിൽനിന്നു രൂപം കൊള്ളുന്നതുമായ കോശസമൂഹമാണല്ലോ കലകൾ (tissue). സാധാരണ സസ്യ-ജന്തുജാലങ്ങളിൽ വിവിധതരം കലകൾ ഉള്ളതിനാൽ അവയുടെ ശരീരഘടന അത്ര ലളിതമല്ല. എന്നാൽ, ആൽഗകളുടെ ശരീരത്തിൽ കലകളുടെ വേർതിരിവില്ല. അതിനാൽത്തന്നെ കരയിലെ സസ്യജാലവുമായി താരതമ്യം ചെയ്യുമ്പോൾ ആൽഗകളുടെ ശരീരഘടന വളരെ ലളിതമാണ്. അവയിൽ ഹരിതകം അടങ്ങിയിരിക്കുന്നതിനാൽ സ്വന്തമായി ഭക്ഷണം ഉത്പാദിപ്പിക്കാനും സാധിക്കും. അതിനാൽ അവയ്ക്ക് സ്വതന്ത്രമായ ജീവിതം നയിക്കാൻ കഴിയുന്നു.

ചില കെൽപ് വിഭാഗങ്ങൾക്ക് അറുപത് മീറ്ററിൽ കൂടുതൽ ഉയരത്തിൽ വളരാൻ സാധിക്കുമെന്ന് പറഞ്ഞുവല്ലോ. തണുത്തതും (6°C-നും 14°C-നും ഇടയ്ക്കുള്ള) പോഷകസമൃദ്ധവുമായ വെള്ളമാണ് കെൽപ്പിന്റെ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നത്. പവിഴപ്പുറ്റുകൾ, കണ്ടൽക്കാടുകൾ,







കടലിലൊരു കാട്! കടലിലെങ്ങിനെ കാടുണ്ടാകും? ഇതാവും എല്ലാവരുടെയും ആദ്യചിന്ത. തിരകളടിക്കുന്ന വിശാലമായ കടലിലേക്ക് നോക്കിയാൽ അതിൽ എവിടെയും കാട് കാണാറുമില്ല. എന്നാൽ അതല്ല വസ്തുത. കടലിലും കാടുണ്ട്! നല്ല നിബിഡമായ കാടും അതിൽ സ്വച്ഛന്ദം വിഹരിക്കുന്ന ജീവികളും! കടലിലെ വെള്ളത്തിനടിയിലുള്ള, കാടിനു സമാനമായ ആവാസവ്യവസ്ഥയാണ് കെൽപ് വനങ്ങൾ.

ഫോട്ടോ: Rhinopias / Wikimedia Commons




കടൽപ്പുല്ലുകൾ തുടങ്ങിയവയെല്ലാം കാണപ്പെടുന്ന ഉഷ്ണമേഖലയിലെ കടലുകളിൽ സാധാരണയായി കെൽപ് വളരുന്നില്ല. ഇവയുടെ വളർച്ചയ്ക്ക് താരതമ്യേന മലിനമല്ലാത്ത ജലം ആവശ്യമാണ്.

ശാന്തസമുദ്രത്തിൽ തീരങ്ങളോട് അടുത്ത് അധികം ആഴമില്ലാത്ത കടലിലാണ് (Shallow Seas) കെൽപ് വനങ്ങൾ ധാരാളമായി കണ്ടുവരുന്നത്. അവ ജലത്തിന്റെ ഉപരിതലത്തിലേക്ക് വളരുകയും ഭക്ഷണവും ഊർജവും ഉത്പാദിപ്പിക്കുന്നതിന് സൂര്യപ്രകാശത്തെ ആശ്രയിക്കുകയും ചെയ്യുന്നു. അനുയോജ്യമായ ഭൗതികസാഹചര്യങ്ങളിൽ കെൽപ്പിന് ഒരു ദിവസം അര മീറ്ററിനടുത്ത് വളരാൻ കഴിയും! ത്വരിതമായ ഈ വളർച്ചയുടെ ഫലമായി കെൽപ് വനങ്ങൾക്ക് വളരെ വേഗത്തിൽ പടർന്ന് വികസിക്കാൻ സാധിക്കുന്നു.

സമുദ്രത്തിലെ ഏറ്റവും വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളിൽ ഒന്നാണ് കെൽപ് വനങ്ങൾ. വിവിധതരം മത്സ്യങ്ങൾ, കടൽചേന (Sea urchin), ചിലയിനം ചെമ്മീനുകൾ, കടൽ സിംഹങ്ങൾ (Sea lion), കൂന്തൾ (Squid), ഞണ്ടുകൾ, നക്ഷത്രമത്സ്യങ്ങൾ, ഇരപിടിയരായ ജലജീവിവർഗത്തിൽപ്പെട്ട സീ അനിമോൺ തുടങ്ങിയവയെല്ലാം കെൽപ് കാടുകളിൽ ധാരാളമായി കാണാം.

ചില കടൽജീവികൾ മുട്ടയിടാനും വേട്ടക്കാരായ മറ്റ് ജീവികളിൽനിന്നു കുഞ്ഞുങ്ങളെ സംരക്ഷിക്കാനും കെൽപ് വനങ്ങൾ പ്രയോജനപ്പെടുത്തുന്നു. കടൽചേനകളുടെ പ്രധാന ഭക്ഷണം കെൽപ് ആണ്. ഇവയുടെ ആധിക്യം ഈ കാടുകളുടെ നാശത്തിനു കാരണമായിത്തീരാറുണ്ട്. എന്നാൽ കടൽചേനകളെ വേട്ടയാടുന്ന കടൽനീർനായ്ക്കൾ കെൽപ് വനങ്ങളിൽ ധാരാളമായി വന്ന് അവയെ ഭക്ഷണമാക്കാറുണ്ട്. ഇത് കടൽചേനകളുടെ ക്രമാതീതമായ പെരുപ്പം നിയന്ത്രിക്കുകയും കെൽപ് വനങ്ങളിലെ ആവാസവ്യവസ്ഥയെ താളം തെറ്റാതെ സംരക്ഷിക്കുകയും ചെയ്യുന്നു.

ലോകമെമ്പാടുമുള്ള മനുഷ്യർക്കും മൃഗങ്ങൾക്കും കെൽപ് ഒരു പ്രധാന ഭക്ഷണസ്രോതസ്സാണ്. കെൽപിന് ധാരാളം ഔഷധഗുണങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. വിറ്റാമിനുകൾ, അയോഡിൻപോലുള്ള ധാതുക്കൾ, ആന്റി ഓക്സിഡന്റുകൾ എന്നിവയാൽ നിറഞ്ഞ പോഷകസമൃദ്ധവും ഭക്ഷ്യയോഗ്യവുമായ ജലവിഭവമാണ് കെൽപ്. ഇത് ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ക്യാൻസർ തടയുന്നതിനും ഹൃദയാരോഗ്യം വർദ്ധിപ്പിക്കുന്നതിനും കുടലിലെ കൊഴുപ്പ് ആഗിരണം കുറയ്ക്കുന്നതിനും



അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിനെ കുറയ്ക്കാനും കെൽപ് സഹായകരമാവുന്നുണ്ട്. അതിവേഗം വളരുന്ന കെൽപിന്റെ ഭാഗങ്ങൾ ആഴക്കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്നുണ്ട്. പ്രകാശസംശ്ലേഷണത്തിലൂടെ ശേഖരിക്കപ്പെടുന്ന കാർബൺ ഇത്തരത്തിൽ കടലിന്റെ അടിയിൽ ബയോമാസിന്റെ രൂപത്തിൽ അടിഞ്ഞുകൂടും. ഇത് അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് നിയന്ത്രിക്കുന്നതിൽ ഒരു പങ്കു വഹിക്കുന്നു.

ഫോട്ടോ: NOAA National Ocean Service & Ocean Facts



സഹായിക്കുമെന്ന് പഠനങ്ങളുണ്ട്. പ്രമേഹമുള്ളവരെ സഹായിക്കുന്ന വനേഡിയം എന്ന ധാതു കെൽപിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്. മൃഗങ്ങളിലും മനുഷ്യരിലും നടത്തിയിട്ടുള്ള പഠനങ്ങളിൽ ഇത് രക്തത്തിലെ പഞ്ചസാരയെ നിയന്ത്രിക്കാൻ സഹായിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ മനുഷ്യൻ ഭക്ഷണേതര ആവശ്യങ്ങൾക്ക് കെൽപ് ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. ഏഷ്യ, യൂറോപ്പ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ അത് വളമായും കാലിത്തീറ്റ നിർമ്മാണത്തിനും വെടിമരുന്നിലെ ഘടകമായും പ്രയോജനപ്പെടുത്തിയിരുന്നതായി കാണാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, കെൽപ് ഉണക്കി കത്തിച്ചുണ്ടാക്കുന്ന ചാരം സോപ്പ്, ഗ്ലാസ് എന്നിവയുടെ നിർമ്മാണത്തിൽ ഉപയോഗിച്ചിരുന്നു. അക്കാലത്ത് സോഡാ ആഷിന്റെ (സോഡിയം കാർബണേറ്റ്) ഉത്പാദനത്തിലും പ്രധാനമായി ആശ്രയിച്ചിരുന്നത് കെൽപിനെയായിരുന്നു.

കെൽപിൽ ആൽജിൻ (ആൽജെനിക് ആസിഡ്) എന്ന പദാർത്ഥം ധാരാളമായി അടങ്ങിയിട്ടുണ്ട്. ഭക്ഷ്യസംസ്കരണത്തിനും വ്യാവസായിക ആവശ്യങ്ങൾക്കും ആൽജിൻ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. മധുര പലഹാരങ്ങൾ, ജെൽ, മിൽക്ക് ഷേക്ക് മിശ്രിതങ്ങൾ, പാലുൽപ്പന്നങ്ങൾ, ടിന്നിലടച്ച ഭക്ഷണങ്ങൾ എന്നിവയുടെ നിർമ്മാണത്തിലും ആൽജിൻ ഉപയോഗിക്കുന്നുണ്ട്. റെഡി ടു ഈറ്റ് ഭക്ഷണസാധനങ്ങളിൽ ഈർപ്പവും സ്വാഭാവികമായ ഘടനയും നിലനിർത്തുന്നതിനും ശീതീകരിച്ച ഭക്ഷണസാധനങ്ങളുടെ സ്വാഭാവികഘടന നിലനിർത്തുവാനും എന്തിനേറെ ബിയറിന്റെ നുര വർദ്ധിപ്പിക്കുന്നതിനുവരെ കെൽപ്പിൽ നിന്നു വേർതിരിച്ചെടുക്കുന്ന ആൽജിൻ ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്.

വ്യാവസായിക ഉപയോഗങ്ങളിൽ പേപ്പർ, വെൽഡിങ്ങ് റോഡുകൾ, തുണികൾക്ക് നിറം നൽകുന്നതിനുള്ള ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ആൽജിൻ ഉപയോഗിക്കുന്നുണ്ട്. ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിൽ ആന്റാസിഡുകൾ, സൗന്ദര്യവർദ്ധക ക്രീമുകൾ, ലോഷനുകൾ, ടൂത്ത്പേസ്റ്റ് തുടങ്ങിയവയുടെ നിർമ്മാണത്തിലും കെൽപ്പിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്.


കൃത്രിമ ഉപഗ്രഹങ്ങളിൽനിന്നും എടുക്കുന്ന ചിത്രങ്ങളിൽ, കടലിലെ കെൽപ് മേലാപ്പുകൾ ഇരുണ്ട പ്രദേശങ്ങളായി കാണപ്പെടുന്നു. അവ വെള്ളത്തിനടിയിലുള്ള വലിയ ആവാസവ്യവസ്ഥയെയാണ് പ്രതിനിധീകരിക്കുന്നത്. നോർവേയുടെ തീരത്തുള്ള കെൽപ് വനത്തിന് അയ്യായിരം ചതുരശ്ര കിലോമീറ്ററിലേറെ വിസ്തൃതി ഉണ്ടെന്ന് പറയപ്പെടുന്നു!

കടലിലെ കെൽപ് വനങ്ങൾ ആയിരക്കണക്കിനു സമുദ്രജീവികൾക്ക് ഭക്ഷണവും പാർപ്പി



ടവും പ്രദാനം ചെയ്യുന്നു. മനുഷ്യന് ഉപകാര പ്രദമായ പല സാധനങ്ങളും അതിൽനിന്ന് ലഭിക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി വ്യാവസായിക അടിസ്ഥാനത്തിൽ കെൽപ് കൃഷിചെയ്യുന്ന രീതിയും പല രാജ്യങ്ങളും ആരംഭിച്ചിട്ടുണ്ട്.

അശാസ്ത്രീയവും വിനാശകരവുമായ മത്സ്യബന്ധനരീതികൾ, തീരദേശ മലിനീകരണം, ബോട്ട്-അന്തർവാഹിനി-കപ്പൽ എന്നിവയിൽ കുടുങ്ങിയുണ്ടാകുന്ന നാശങ്ങൾ തുടങ്ങിയവ സ്വാഭാവിക കെൽപ് വനങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. ആഗോളതാപനത്തിന്റെ ഫലമായി സമുദ്രജലത്തിന്റെ ഊഷ്മാവ് വർദ്ധിക്കുന്നതും കെൽപ് വനങ്ങൾക്ക് ഭീഷണിയാണ്. കെൽപ് വളരുന്ന തീരപ്രദേശങ്ങളെ സംരക്ഷിതപ്രദേശങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ സമീപകാലത്ത് വർദ്ധിച്ചിട്ടുള്ളത് ഈ ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനു സഹായമാകുമെന്നു പ്രതീക്ഷിക്കാം.




ലാൻഡ്സാറ്റ് 5, ലാൻഡ്സാറ്റ് 8 എന്നീ ഉപഗ്രഹങ്ങൾ പകർത്തിയ ചിത്രങ്ങൾ. 2008ൽ തീരപ്രദേശത്തോടു ചേർന്നുണ്ടായിരുന്ന കെൽപ് വനങ്ങൾ 2019 ആയപ്പോഴേക്കും അപ്രത്യക്ഷമായി.



# കടുവയും അണ്ണാനും

പള്ളിയറ ശ്രീധരൻ

വര: സുധീർ പി വൈ

ഒരു കാട്ടിൽ ഒരു കടുവ താമസിച്ചിരുന്നു. നല്ല ഒരു കൂട് പണിതാണ് കടുവ താമസിച്ചിരുന്നത്. എല്ലാ ദിവസവും പുറത്തുപോകും. ആഹാരം ശേഖരിച്ചു കഴിക്കും. കൂടുതൽ കിട്ടിയാൽ സ്വന്തം കൂട്ടിൽ കൊണ്ടുവന്ന് സൂക്ഷിക്കും; വിശക്കുമ്പോൾ അത് എടുത്ത് കഴിക്കും.

ഒരു ദിവസം കടുവയ്ക്ക് പുറത്തുപോയപ്പോൾ ആഹാരമൊന്നും ലഭിച്ചില്ല. പട്ടിണി തന്നെ. കൂട്ടിൽ വന്ന് കിടന്നു. ക്ഷീണംകൊണ്ട് വേഗം ഉറങ്ങിപ്പോയി.

പിറ്റേന്നു രാവിലെ എഴുന്നേറ്റു. തന്റെ കൂട്ടിൽ ഭക്ഷണമൊന്നും ഇല്ല എന്ന് മുമ്പേ അറിയാം. പക്ഷേ വല്ലാതെ വിശക്കുന്നു. എന്തു ചെയ്യും? തലേദിവസം മാത്രമല്ല അതിന്റെ മുൻദിവസങ്ങളിലും ഭക്ഷണം കുറവായിരുന്നു. അതിനാൽ കടുവയ്ക്ക് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു.

ഭക്ഷണത്തിന് എന്താണു വഴി? കടുവ ആലോചിച്ചു. അടുത്ത കൂട്ടിൽ ഒരു പുലി താമസിക്കുന്നുണ്ട്. തൽക്കാലം അതിനോട് ചോദിക്കാം. വേറെ വഴി ഇല്ലല്ലോ?

കടുവ അടുത്ത കൂട്ടിലെത്തി വാതിലിൽ മുട്ടി. പുലി പുറത്തു വന്നു.

“ഹലോ സുഹൃത്തേ, ഞാൻ വലിയ വിഷമത്തിലാണ്. കുറച്ചു ദിവസങ്ങളായി നല്ല പോലെ ഭക്ഷണം കഴിച്ചിട്ട്

ഇന്നലെ പട്ടിണി ആയിരുന്നു. വല്ലാത്ത വിശപ്പ്. ഭക്ഷണമൊന്നും കിട്ടിയില്ലെങ്കിൽ ചത്തുപോകുമെന്ന സ്ഥിതിയാണ്. തന്റെ കൂട്ടിൽ വല്ലതുമുണ്ടെങ്കിൽ തരുമോ. ഞാനൊന്നു വിശപ്പടക്കട്ടെ. നിനക്ക് വിഷമം പറ്റുന്ന സമയത്ത് ഞാൻ സഹായിക്കാം."

കടുവ തന്റെ ദയനീയ സ്ഥിതി അവതരിപ്പിച്ചു.

"അയ്യോ സുഹൃത്തേ, എന്റെ കൂട്ടിൽ ഒന്നുമില്ല. ഞാനും കുറച്ചു കഷ്ടത്തിലാണ്, ഒരു രക്ഷയുമില്ല. പുലി തന്റെ നിസ്സഹായവസ്ഥ ബോധ്യപ്പെടുത്തി.

കടുവ അടുത്ത കൂട്ടിൽ പോയി. അവിടെ ഒരു കുറുക്കനാണ് താമസിച്ചിരുന്നത്. വാതിലിൽ മുട്ടിവിളിച്ചു. കുറുക്കൻ പുറത്തുവന്നു.

"എന്താ ചങ്ങാതീ വിശേഷം?"

കുറുക്കൻ കടുവയോട് ചോദിച്ചു.

കടുവ തന്റെ ദയനീയ സ്ഥിതി അവതരിപ്പിച്ചു.

"അയ്യോ ചങ്ങാതീ, ഇവിടെ ഭക്ഷണമായി ഒന്നും സ്റ്റോക്കില്ല. ഉണ്ടെങ്കിൽ വല്ലതും തരാമായിരുന്നു."

വലിയ മൃഗങ്ങൾ താമസിക്കുന്ന കൂടുകളിലെല്ലാം പോയി കടുവ ഭക്ഷണം അഭ്യർത്ഥിച്ചു.

ആരും ഒന്നും കൊടുത്തില്ല. അങ്ങിനെ കടുവ ഒരു വലിയ മരത്തിന്റെ ചുവട്ടിൽ ക്ഷീണിച്ച് അവശനായി കിടന്നു.

"ചിൽ... ചിൽ... ചിൽ..."

മരത്തിന്റെ മുകളിൽനിന്ന് ഒരു ഒച്ച കേട്ടു. കർണ്ണാനന്ദകരമായ ശബ്ദം.

കടുവ പതുക്കെ മുകളിലേക്കു നോക്കി.

മരക്കൊമ്പിലിരുന്ന് ഒരു അണ്ണാൻ തന്നെ സൂക്ഷിച്ചു നോക്കുന്നു.

"എന്താ സുഹൃത്തേ ഇവിടെ കിടക്കുന്നത്? വല്ലാത്ത ക്ഷീണമുണ്ടല്ലോ മുഖത്ത്. എന്തുപറ്റി?"

അണ്ണാറക്കണ്ണൻ ചോദിച്ചു.

"എന്ത് പറയാനാ ചങ്ങാതീ. വല്ലാത്ത ക്ഷീണം. കുറച്ചു ദിവസമായി നല്ല ഭക്ഷണം കഴിച്ചിട്ട്. കുറേ കൂടുകളിൽ ചെന്ന് ഭക്ഷണം ചോദിച്ചു. ആരും ഒന്നും തന്നില്ല. എല്ലാം വലിയ മൃഗങ്ങൾ. പറഞ്ഞിട്ടെന്താ കാര്യം. ആർക്കും അന്യരെ സഹായിക്കണമെന്ന ലക്ഷ്യമില്ല."

"ശരിയാണ്. മിക്കവർക്കും ഇപ്പോൾ സ്വന്തം കാര്യം സിന്ദാബാദ്. ഞാനൊരു ചെറിയ ജീവി. താങ്കളെ എനിക്ക് സഹായിക്കണമെന്നുണ്ട്. താങ്കളുടെ നിസ്സഹായവസ്ഥയിൽ എനിക്ക് നല്ല വിഷമം തോന്നുന്നു. എന്റെ കൂട്ടിൽ സമ്പാദ്യമായത് കുറച്ചേ ഉള്ളൂ. അത് ഞാൻ സുഹൃത്തിനു തരാം."

അണ്ണാൻ തന്റെ കൂട്ടിൽ ചെന്ന് അതിലുണ്ടായിരുന്ന അണ്ടിപ്പരിപ്പും മറ്റു ചില വസ്തുക്കളും കടുവയുടെ മുന്നിലിട്ടു കൊടുത്തു. ആ മരത്തിന്റെ മുകളിൽ മറ്റ് അണ്ണാൻമാരും പക്ഷികളും കൂടുകെട്ടി താമസിച്ചിരുന്നു.

"സുഹൃത്തേ ഈ മരത്തിന്റെ മുകളിൽ മറ്റു ചിലരും കൂടുകെട്ടി താമസിക്കുന്നുണ്ട്. ഞാൻ അവരുടെ അടുത്തു പോയി എന്തെങ്കിലും ഉണ്ടെങ്കിൽ സംഘടിപ്പിച്ചു തരാം."

അണ്ണാൻ ഉടനെ മറ്റു കൂടുകളിൽ പോയി കുറച്ച് ഭക്ഷണപദാർത്ഥങ്ങൾ സംഘടിപ്പിച്ചു കൊടുത്തു. കടുവ അതെല്ലാം ആർത്തിയോടെ ഭക്ഷിച്ചു.

"സുഹൃത്തേ, അണ്ണാർക്കണ്ണാ, എനിക്ക് സന്തോഷമായി. വലിയ മൃഗങ്ങളൊന്നും എനിക്ക് യാതൊരു സഹായവും ചെയ്തുതന്നില്ല. താങ്കൾ ചെറിയതായിട്ടുപോലും വലിയ സഹായം എനിക്ക് ചെയ്തു തന്നു. വളരെ നന്ദി. നീ താഴെ വരൂ. നിന്നെ നന്നായി ഒന്ന് കാണട്ടേ." കടുവ അണ്ണാനോട് പറഞ്ഞു.

"വേണ്ട. നന്നായി വിശക്കുന്ന താങ്കൾ എന്നെ തിന്നാനും മടിക്കില്ല. ഞാൻ വരുന്നില്ല." അണ്ണാൻ പറഞ്ഞു.

"ഛേ, എന്തായിത്? എന്റെ ജീവൻ രക്ഷിച്ച എന്റെ പ്രിയപ്പെട്ട സുഹൃത്തിനെ ഞാൻ വഞ്ചിക്കുകയോ. ഒരിക്കലുമില്ല ധൈര്യമായി വരൂ."

**എന്ത് പറയാനാ ചങ്ങാതീ. വല്ലാത്ത ക്ഷീണം. കുറച്ചു ദിവസമായി നല്ല ഭക്ഷണം കഴിച്ചിട്ട്. കുറേ കൂടുകളിൽ ചെന്ന് ഭക്ഷണം ചോദിച്ചു. ആരും ഒന്നും തന്നില്ല. എല്ലാം വലിയ മൃഗങ്ങൾ. പറഞ്ഞിട്ടെന്താ കാര്യം. ആർക്കും അന്യരെ സഹായിക്കണമെന്ന ലക്ഷ്യമില്ല.**

അണ്ണാൻ പതുക്കെ കടുവയുടെ മുന്നിലെത്തി. കടുവ അണ്ണാന്റെ പുറത്ത് പതുക്കെ തലോടി.

"നീ എന്റെ ജീവൻ രക്ഷിച്ച ആളാണ് എന്റെ അനുഗ്രഹം എന്നും നിന്നിലുണ്ടാകും."

അണ്ണാൻ പതുക്കെ മരത്തിന്റെ മുകളിൽ കയറി. അപ്പോൾ മുകളിലുള്ള ഒരു അണ്ണാൻ വിളിച്ചു പറഞ്ഞു.

"സുഹൃത്തേ, ദാ പുറത്ത് മൂന്ന് വരകൾ. നല്ല രസമാണ് കാണാൻ."

പിന്നീടുണ്ടായ അണ്ണാൻമാർക്കെല്ലാം ശരീരത്തിൽ മൂന്ന് വരകൾ കാണപ്പെടാൻ തുടങ്ങിയത്രേ!

# എന്റെ ഇന്ത്യ

ഗാന്ധിജി നടത്തിയ സത്യഗ്രഹസമരങ്ങളിൽ പ്രധാനപ്പെട്ട രണ്ട് സമരങ്ങളെക്കുറിച്ചറിയാം.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്* എന്ന പുസ്തകത്തിൽനിന്ന് തിരഞ്ഞെടുത്ത ഭാഗമാണിത്.

1918ൽ ഖേദാസമരം നടക്കുന്ന സമയത്തുള്ള ഗാന്ധിജി.

▼



## ഖേദാസമരം

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന രണ്ടാമത്തെ സത്യഗ്രഹസമരം ഗാന്ധിജിയുടെ ജന്മനാടായ ഗുജറാത്തിലായിരുന്നു. ഗുജറാത്തിലെ ഖേദ ജില്ലയിലെ വരൾച്ചയും ക്ഷാമവുമായിരുന്നു പ്രശ്നം. കാലം ചതിച്ചതുമൂലം ഗുജറാത്തിൽ മഴ ലഭിച്ചിരുന്നില്ല. പാടങ്ങൾ മഴയുടെ ദൗർലഭ്യം മൂലം ഉണങ്ങി വിണ്ടുകീറുകയും കൃഷിയ്ക്കു യോഗ്യമല്ലാതാവുകയും ചെയ്തു. പലരും കൃഷിപ്പണി നടത്തിയില്ല. വെള്ളമില്ലാതെ വിത്തിറക്കിയിട്ട് പ്രയോജനമെന്ത് എന്ന പരിഭ്രാന്തിയിലായിരുന്നു അവർ. അതോടെ ക്ഷാമം പിടിപെടുകയും ജനങ്ങൾ പട്ടിണിയിലാവുകയും ചെയ്തു. എന്നാൽ ഇതൊന്നും നികുതി ഉദ്യോഗസ്ഥരുടെ കാഴ്ചപ്പാടിൽ അവർക്ക് നികുതികൊടുക്കാതിരിക്കാനുള്ള കാരണമായിരുന്നില്ല. നിയമാനുസൃതമായി, വിളയുടെ നാലിൽ മൂന്നു ഭാഗം വിളവ് നാശം വന്നാൽ കർഷകരെ നികുതിഭാരത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. പക്ഷേ, സർക്കാർ വിളനാശത്തിനുനേരെ അന്ധത നടിച്ചു.

അഭ്യർത്ഥനകളും അപേക്ഷകളുമെല്ലാം നിഷ്ഫലമായപ്പോൾ 1918 മാർച്ചിൽ നികുതി നിഷേധസമരം തുടങ്ങാൻ ഗാന്ധിജി കൃഷിക്കാരെ ആഹ്വാനം ചെയ്തു.

'കണ്ണിൽ ചോരയില്ലാത്ത, പ്രതികാരവാഞ്ഛയോടുകൂടിയ നയത്തിനെതിരെ മരണംവരെ പൊരുതാൻ' ഗാന്ധിജി ഉദ്ബോധിപ്പിച്ചു. "ജനങ്ങളുടെ അനുമതിയില്ലാതെ അവരെ ഭരിക്കുക അസാധ്യമാണെന്ന് കാണിച്ചുകൊടുക്കണം." അദ്ദേഹം പറഞ്ഞു. വല്ലഭായ് പട്ടേൽ, ഇന്ദുലാൽയജ്ഞിക്ക് തുടങ്ങിയവരോടൊപ്പം ഗാന്ധിജി ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് കർഷകർക്ക് ധൈര്യം പകർന്നു. ദേശീയനേതാക്കളിലൊരാളായി വളർന്ന വല്ലഭായ് പട്ടേൽ ഖേദ ജില്ലക്കാരനാണ്.

നികുതിനിഷേധസമരത്തെ സർക്കാർ ശക്തമായിത്തന്നെ നേരിട്ടു. നികുതികൊടുക്കാൻ വിസമ്മതിക്കുന്ന കർഷകരുടെ വീട്ടുപകരണങ്ങൾ ബലമായി എടുത്തുകൊണ്ടുപോയി. ഭീഷണി

കൾക്കും മർദനങ്ങൾക്കും മുമ്പിൽ കർഷകർ മുട്ടു കുത്തിയില്ല. വിളനാശം സംഭവിച്ച കർഷകരുടെ നികുതി ഒഴിവാക്കാൻ സമ്മതിച്ചില്ലെങ്കിൽ, നികുതി നൽകില്ലെന്ന് കർഷകർ യോഗംചേർന്നു പ്രതിജ്ഞ യെടുത്തു. തികച്ചും ന്യായമായ ആവശ്യമാണ് കർഷകർ ഉന്നയിച്ചത്. കർഷകരുടെ സമരത്തിനു മുമ്പിൽ കീഴടങ്ങി, ആവശ്യം അംഗീകരിച്ചു എന്നു സമ്മതിക്കാൻ സർക്കാർ തയ്യാറായിരുന്നില്ല. അതുകൊണ്ട് സർക്കാർ ഒരു രഹസ്യനിർദേശം നൽകി. നികുതി കൊടുക്കാൻ ശേഷിയുള്ള കർ ഷകരിൽനിന്നു മാത്രം നികുതി ഈടാക്കിയാൽ മതി. സർക്കാർ പരസ്യമായി സമ്മതിച്ചില്ലെങ്കിലും കർഷകരുടെ ആവശ്യം അംഗീകരിച്ചതോടെ സമരം പിൻവലിച്ചു. നികുതിനിഷേധ സമരമുറയുടെ വിജയമായിരുന്നു ഖേദയിൽ നടന്നത്.

## തുണിമിൽ തൊഴിലാളി സമരം

ഇതുപോലൊരു സമരമായിരുന്നു ഗുജറാത്തിലെ തന്നെ അഹമ്മദാബാദിൽ നടന്നത്.

അഹമ്മദാബാദ് തുണിമില്ലുകളുടെ കേന്ദ്ര മായിരുന്നു. യുദ്ധകാലമായതിനാൽ മില്ലുടമ കൾക്കും വ്യാപാരികൾക്കും നല്ല കൊയ്ത്താ യിരുന്നു. അവർക്കു മാത്രമായിരുന്നില്ല, കരിഞ്ച ന്തക്കാർക്കും പൂഴ്ത്തിവെപ്പുകാർക്കും സുവർണ്ണ കാലമായിരുന്നു. കഷ്ടപ്പെടുന്നതും ദുരിതം പേ റുന്നതും സാധാരണക്കാർ. അഹമ്മദാബാദിലെ മില്ലുടമകൾ അവരുടെ സ്ഥാപനത്തിലെ തൊഴി ലാളികളുമായി നിരന്തരമത്സരത്തിലായിരുന്നു. തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു എന്നും വേതനം കൃത്യമായി ലഭിക്കുന്നില്ല എന്നും വേതനവർദ്ധനവിന് കാലമായിട്ടും മുതലാളിമാർ നൽകാൻ കൂട്ടാക്കുന്നില്ല എന്നുമുള്ള പരാ തികളായിരുന്നു തൊഴിലാളികൾക്ക്. മധ്യസ്ഥ ശ്രമങ്ങൾ പലവട്ടം നടന്നിട്ടും മുതലാളിമാരുടെ മർക്കടമുഷ്ടികാരണം എല്ലാം പാഴായി.

ഈ സാഹചര്യത്തിലാണ് ഗാന്ധിജി ഇട പെടണമെന്നു തൊഴിലാളികൾ അഭ്യർഥിച്ചത്. ഗാന്ധിജി തുണിമിൽ മുതലാളിമാരുമായി ഇക്കാര്യം സംസാരിച്ചു. അവർ പിടിവാശി യിൽത്തന്നെ നിന്നു. ഗത്യന്തരമില്ലെന്നുകണ്ട് ഗാന്ധിജി തൊഴിലാളികളോട് കമ്പനിയുടമ കൾക്കെതിരെ സമരം നടത്താൻ ആവശ്യപ്പെട്ടു. മുതലാളിമാർക്കു മനസ്സുമാറ്റമുണ്ടാകുംവരെ താൻ ഉപവസിക്കുകയാണ് എന്നു പ്രസ്താ വിച്ചുകൊണ്ടാണ് ഗാന്ധിജി സമരമാരംഭിച്ചത്.

ഗാന്ധിജിയുടെ ഉപവാസസമരവാർത്ത ഇന്ത്യയിലും വിദേശങ്ങളിലുമുള്ള പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും മുഖപ്രസംഗങ്ങളെഴുതുകയും ചെയ്തു. വിദേശങ്ങ ളിൽനിന്ന് പത്രപ്രതിനിധികൾ അഹമ്മദാബാദി ലെത്തി. ഗാന്ധിജി നാലുദിവസത്തെ ഉപവാസം പൂർത്തിയാക്കും മുമ്പ് മുതലാളിമാർ ഗാന്ധിജിയെ സന്ദർശിച്ച് ഉപവാസം പിൻവലിക്കാൻ അഭ്യർ ഥിച്ചു. തൊഴിലാളികളുടെ ആവശ്യങ്ങൾ നിറ വേറ്റാമെന്ന് അവർ ഗാന്ധിജിക്കു വാക്കു കൊടുത്തു.

തൊഴിലാളികൾക്ക് മുപ്പത്തിയഞ്ചു ശതമാനം വേതനവർദ്ധനവു നൽകി. അതോടെ ഗാന്ധി ജിയുടെ പ്രശസ്തി ഉയർന്നു. ഗാന്ധിജി ഇന്ത്യയിലെ സാധാരണക്കാരുടെ നേതാവായി. ഇന്ത്യൻ ദേശീയത ഓഫീസ് മുറികളിലെ കസേരകളിൽ നിന്നും താഴോട്ടിറങ്ങുകയും സാധാരണക്കാരുടെ ഹൃദയസ്പന്ദനങ്ങളുടെ ഭാഗമായിത്തീരുകയും ചെയ്തു.

> പട്ടിണിപ്പാവങ്ങൾക്കുപോലും ഇതു തന്റെ നാടാണ് എന്ന് ബോധ മുണ്ടാവുന്ന ഒരിന്ത്യയ്ക്കു വേണ്ടിയാണ് നാം യത്നിക്കേണ്ടത്. ഈ നാട് പടു ത്തുയർത്തുന്നതിൽ അവർക്കുകൂടി സജീവ പങ്കാളിത്തമുണ്ടാവണം. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ഇന്ത്യ യിൽ താഴ്ന്നവരെന്നോ ഉയർന്നവ രെന്നോ ഭേദമുണ്ടാവില്ല. സമുദായ ങ്ങൾ തമ്മിൽ വൈജാത്യമുണ്ടാവില്ല. അവിടെ ഭിന്നതയില്ല. അപകടകര മായ മാത്സര്യമില്ല. അയിത്താചരണ ത്തിനു സ്ഥാനമുണ്ടാവില്ല. ഹിന്ദുവെന്നൊ മുസ്ലിമെന്നൊ പാർസിയെന്നൊ ക്രിസ്ത്യാനിയെന്നോ ഭേദമുണ്ടാവില്ല. എല്ലാവരും ഒരേ മാതാവിന്റെ സന്തതികൾ. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യഅവകാശം. തുല്യപ്രാതി നിധ്യം. ഹിന്ദുവിനും അഹിന്ദുവിനും തുല്യപങ്കാളിത്തം. തുല്യനീതി, തുല്യനിയമം, തുല്യ പങ്കാളിത്തം. ഇതാണ് എന്റെ സങ്കല്പത്തിലുള്ള ഇന്ത്യ.

▲ ഇന്ത്യ എന്തായിരിക്കണം എന്ന് ഗാന്ധിജി അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിരുന്നു.

കഥ

# കർഷകന്റെ കരച്ചിൽ

**കെ എൻ കുട്ടി കടമ്പഴിപ്പുറം**

ഒരു കർഷകൻ തന്റെ കഴുത പ്പുറത്തുകയറി ചന്തയിൽ നിന്നു മടങ്ങുകയാണ്.

ഒപ്പം ചന്തയിൽനിന്നു വാങ്ങിയ ആട്ടിൻകുട്ടിയുമുണ്ട്.

ആട്ടിൻകുട്ടി പുറകെയു ണ്ടെന്ന് ഉറപ്പുവരുത്താൻ അയാൾ അതിന്റെ കഴുത്തിൽ ഒരു മണി കെട്ടിത്തൂക്കിയിട്ടു ണ്ടായിരുന്നു.

കുറച്ചകലെനിന്ന് മൂന്നു കള്ളന്മാർ ഈ കാഴ്ച കണ്ടു.

"ഹയ്യട, നല്ല ഒന്നാംതരം ആട്ടിൻകുട്ടിതന്നെ! അതിനെ ഞാൻ മോഷ്ടിക്കും..." ഒന്നാമൻ പറഞ്ഞു.

"എന്നാൽ ആ കഴുതയെ ഞാനും മോഷ്ടിക്കും..." രണ്ടാമൻ വിട്ടുകൊടുത്തില്ല.

അതുകേട്ട് മൂന്നാമൻ പറഞ്ഞു: "നിങ്ങൾ ആട്ടിൻകുട്ടി യെയും കഴുതയെയും മോഷ്ടി ച്ചാൽ ഞാനയാളുടെ വസ്ത്രങ്ങൾ മോഷ്ടിക്കും, അല്ല പിന്നെ..."

ഒന്നാമൻ പതുക്കെ നടന്ന് ആട്ടിൻകുട്ടിയുടെ അടുത്തെത്തി. മെല്ലെ അതിന്റെ മണി അഴിച്ചെ ടുത്തു. എന്നിട്ട് അത് കഴുത യുടെ വാലിൽ കെട്ടി. പിന്നെ ആട്ടിൻകുട്ടിയെയുംകൊണ്ട് ഓടിമറഞ്ഞു.

കുറച്ചുദൂരം നീങ്ങിയപ്പോൾ വെറുതെ തിരിഞ്ഞുനോക്കിയ കർഷകൻ ഞെട്ടിപ്പോയി.

'ങേ, ആട്ടിൻകുട്ടിയെ കാൺ മാനില്ല.' - അയാൾ വേഗം താഴെ യിറങ്ങി.

അപ്പോഴേക്കും രണ്ടാമൻ കർഷകന്റെ അടുത്തെത്തി. അയാളോട് കർഷകൻ ചോദിച്ചു:

"ഒരാട്ടിൻകുട്ടിയെ ഇവിടെയെ ങ്ങാനും കണ്ടോ?"

"ഉവ്വ്, ഒരാൾ ആട്ടിൻകുട്ടിയു മായി അങ്ങോട്ട് ഓടിയിട്ടുണ്ട്."

അയാൾ അതുംപറഞ്ഞ് ദൂരേക്കു കൈചൂണ്ടി.

"എന്നാൽ ഈ കഴുതയെ ഒന്നു പിടിക്കാമോ? ഞാനിപ്പോൾ വരാം."

കർഷകൻ കഴുതയെ അയാ ളെ ഏൽപ്പിച്ച് ആട്ടിൻകുട്ടിയെ തേടി ഓടാൻ തുടങ്ങി.

ഈ തക്കം നോക്കി രണ്ടാ മത്തെ കള്ളൻ കഴുതയെയും കൊണ്ടു സ്ഥലംവിട്ടു.

കുറേദൂരം ഓടിയിട്ടും ആട്ടിൻ കുട്ടിയെ കാണാതെ നിരാശനായി കർഷകൻ മടങ്ങിപ്പോന്നു.

പഴയസ്ഥലത്ത് എത്തിയ പ്പോഴല്ലേ രസം! കഴുതയുമില്ല, ഏൽപ്പിച്ചുപോയ ആളുമില്ല. കർഷകൻ അമ്പരന്നുപോയി!



വര: ടി ആർ രാജേഷ്

# വിരുന്നൊരുക്കുന്ന വസന്തം

സിജിത അനിൽ

മഞ്ഞത്തെച്ചി പൂങ്കുല വിടർത്തി
മാടി വിളിച്ചു വസന്തം
മഞ്ഞക്കിളിയും തുത്തുകുണുക്കിയും
മഞ്ഞക്കാഴ്ചയൊരുക്കി.

ചുള്ളനുറുമ്പുകൾ വരിവരിയായി
ചുള്ളിക്കാട്ടിൽ ചേക്കേറി
കാക്കപ്പൂവും കൈതപ്പൂവും
കണിവെയ്ക്കാതെ പൂവിട്ടു.

പച്ചിലച്ചാർത്തിൽ പുൽച്ചാടി
തത്തിതത്തി നടക്കുന്നു
ചന്നംപിന്നം പെയ്യും മഴയിൽ
തൊട്ടാവാടികൾ ലജ്ജാവതിയായി.

കൊന്നയും പുന്നയും പൂമരച്ചില്ലയിൽ
സ്നേഹത്തിൻ കതിരോല മെടയുന്നു
കണ്ണുകൾ ചിമ്മി മനവും തിങ്ങി
കുഞ്ഞുകിനാവിൻ സുന്ദരകാലം.



വര: ടി ആർ രാജേഷ്

അയാളും തന്നെ പറ്റിച്ചതാണെന്ന് കർഷകൻ മനസ്സിലാക്കി. ആട്ടിൻകുട്ടിയും പോയി, കഴുതയുംപോയി. ഇനി എന്തുചെയ്യും? ആലോചിച്ച് ഒരു പിടിയും കിട്ടാതെ കർഷകൻ നേരെ വീട്ടിലേക്കു നടന്നു.

നടന്നുനടന്ന് അയാൾ ഒരു കുളക്കരയിലെത്തി.

അവിടെ മൂന്നാമത്തെ കള്ളൻ നിൽപ്പുണ്ടായിരുന്നു.

അയാളുടെ നിൽപ്പു കണ്ടപ്പോൾ അയാളെയും കള്ളന്മാർ പറ്റിച്ചെന്നു കർഷകനുതോന്നി.

"അല്ലാ, തന്നെയും ആ കള്ളന്മാർ പറ്റിച്ചൂല്ലേ?" കർഷകൻ ചോദിച്ചു.

"ഇല്ല, പക്ഷേ രാജാവിന്റെ വിലപിടിച്ച മുത്തുമാല എന്റെ കൈയിൽനിന്ന് ഈ കുളത്തിൽ വീണുപോയി. അതില്ലാതെ കൊട്ടാരത്തിൽ ചെന്നാൽ എന്റെ തലപോകും. എനിക്കാണെങ്കിൽ നീന്താനും അറിയില്ല..." അയാൾ തലയിൽ കൈവച്ചുകൊണ്ട് പറഞ്ഞു.

അയാളുടെ ദയനീയാവസ്ഥ കണ്ട കർഷകൻ പറഞ്ഞു:

"നോക്കൂ, താങ്കൾ വിഷമിക്കേണ്ട. ഞാനത് മുങ്ങി എടുത്തുതരാം..."

"എന്നാൽ ഞാൻ തനിക്കൊരു സ്വർണ്ണനാണയം തരാം."

അതുകൂടി കേട്ട കർഷകന് സന്തോഷമായി.

അയാൾ തന്റെ വസ്ത്രങ്ങളൊക്കെ അഴിച്ചുവച്ച് കുളത്തിൽ ചാടി മുത്തുമാല തപ്പാൻ തുടങ്ങി.

ഒടുവിൽ തപ്പിത്തപ്പി അവശനായപ്പോൾ കർഷകൻ കുളത്തിൽനിന്നു കയറി.

അപ്പോഴേക്കും കർഷകന്റെ വസ്ത്രങ്ങളുമായി മൂന്നാമൻ സ്ഥലംവിട്ടിരുന്നു.

"അയാളെ കാണുന്നില്ലല്ലോ... അയ്യോ എന്റെ വസ്ത്രങ്ങൾ? അയാളും ആ കള്ളന്മാരുടെ കൂട്ടത്തിൽപ്പെട്ടവനായിരിക്കുമോ? എന്റെ ഈശ്വരാ..." കർഷകൻ അലമുറയിട്ടു കരഞ്ഞു.

ആലോചനയില്ലാത്ത പ്രവൃത്തികൊണ്ട് അബദ്ധം പറ്റിയ കർഷകൻ ഉച്ചത്തിൽ കരഞ്ഞെങ്കിലും അതു കേൾക്കാൻ അവിടെ ആരും ഉണ്ടായില്ല.

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## തളിരമ്മാവന്റെ കത്ത്

കൂട്ടുകാരേ,

നിങ്ങൾ കാടും മേടും കണ്ടവരാണോ? വനാന്തരീക്ഷത്തിന്റെ മഹത്വം മനസ്സിലാക്കിയവരാണോ?

ഉത്തരം 'അല്ല' എന്നാണെങ്കിൽ നിങ്ങൾ കാട്ടിലേക്കൊരു യാത്ര പോകണം.

'ആണ്' എന്നാണു മറുപടിയെങ്കിൽ പ്രകൃതിപാഠങ്ങൾ സഹപാഠികളുമായി പങ്കുവയ്ക്കണം.

ഒക്ടോബർ 2 ന്റെ പ്രാധാന്യം നിങ്ങൾക്കറിയാമല്ലോ? ഗാന്ധിയുടെ ജന്മദിനം. അന്ന് അന്താരാഷ്ട്ര അഹിംസാദിനം കൂടിയാണ്. ഗാന്ധിജിയുടെ ആത്മകഥ - *എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ*, നിങ്ങൾ വായിക്കണം.

അറിവിന്റെ അദ്ഭുതലോകത്തിലേക്കുള്ള നിങ്ങളുടെ യാത്രകൾ തുടരണം.

അപൂർവ കെ എസ് എഴുതിയ 'വിഷമം' നന്നായി. കൃഷി നമ്മെ രക്ഷിക്കട്ടെ! വൈഗ ജി ബാബു എഴുതിയ 'ഒരു രാത്രി' കവിത അമ്മാവന് ഇഷ്ടായി.

അമേയ എഴുതിയ 'അപ്പുവിന്റെ ബുദ്ധി' കഥ എല്ലാ കുട്ട്യോൾക്കും, അവരുടെ അച്ഛനമ്മമാർക്കും ഒരു മുന്നറിയിപ്പാണ്.

നിദാൽ അമിഗോ, ഫാത്തിമ സിയ എന്നിവർ വരച്ച ചിത്രങ്ങൾ നന്നായി.

സ്നേഹത്തോടെ,

**സി ആർ ദാസ്**
**തളിരമ്മാവൻ**

## വര



**നിദാൽ അമിഗോ**
ക്ലാസ് 2
ജി എം യു പി എസ് തിരൂർ
മലപ്പുറം

# വിഷമം

**അപൂർവ്വ കെ എസ്**
ക്ലാസ് 5
ജി എച്ച് എസ് പൊറ്റശ്ശേരി,
പാലക്കാട്

ആ ഭീമാകാരമായ വണ്ടിയിൽ കുറെ ആൾക്കാർ കൂടി വന്നു.

അവർ മറ്റുള്ളവരെ പരിചയപ്പെട്ടു. നെല്ലു പറഞ്ഞു,

"ഹായ് ഞാൻ ആന്ധ്രയിൽ നിന്നുവരുന്നു. 'നെല്ല്' എന്നാണ് എന്റെ പേര്... അല്ലാ, നിങ്ങൾക്കെന്താണ് ഒരു വിഷമം?"

അപ്പോൾ തൊട്ടടുത്തിരിക്കുന്ന ആപ്പിൾ പറഞ്ഞു,

"നീ പറയുന്നത് ശരിയല്ല നെല്ലേ, നമ്മളെപ്പോലെയാണോ ഇവർ? എന്ത് ആരോഗ്യവും ഗുണവും ഉള്ളവരാണ് ഇവർ."

ഇത് കേട്ടുകൊണ്ടിരിക്കുന്ന തക്കാളി പറഞ്ഞു,

"കൂട്ടുകാരേ, നെല്ലു പറഞ്ഞത് കുറെയൊക്കെ ശരിയാണ്. നിങ്ങൾക്ക് ഞങ്ങളുടെ വിഷമം അറിയില്ല. ഒരു നിയന്ത്രണവുമില്ലാതെ, അളവൊന്നും നോക്കാതെ, അശാസ്ത്രീയമായ രീതിയിൽ കീടനാശിനികൾ ഉപയോഗിച്ച് ഞങ്ങളുടെ നല്ല ഗുണങ്ങളെല്ലാം കുറഞ്ഞു. ഞങ്ങളെ കഴിക്കുന്നവർക്ക് ഒരുപാട് അസുഖങ്ങളും വരും."

ഇത് കേട്ടുകൊണ്ടിരുന്ന ചക്ക പറഞ്ഞു:

"നിങ്ങൾ വിഷമിക്കാതിരിക്കൂ... ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്താൽ മതി. കൂടാതെ എന്നെപ്പോലെ നിങ്ങളെയും പറ്റുന്നത്ര വീട്ടിൽത്തന്നെ കൃഷി ചെയ്തു വളർത്തിയാലും ഏറെ നന്നായിരുന്നു..."

വര: സചീന്ദ്രൻ കാറഡ്ക്ക





# ഒരു രാത്രി

**വൈഗ ജി ബാബു**
ക്ലാസ് 6
ഗവ. യു പി എസ് നെടുമ്പ്രക്കാട്,
ആലപ്പുഴ

ഈ നിദ്രയ്ക്കു ശാന്തിയായി മിന്നും താരങ്ങളേ,
ഈ രാത്രിയ്ക്കു കുളിരേകും നിലാ വെളിച്ചമേ
വാനിൽ നിങ്ങളൊത്തു പ്രകാശിക്കും നേരത്ത്
വന്നുനിറയുന്നു കണ്ണിൽ വിഷാദച്ചാലുകൾ.

ചാറ്റൽ മഴയായ് വന്നെൻ മനസ്സിൽ
കുളിരേകും നീ കാണുന്നില്ല
സങ്കടക്കടൽ തിരയിലിളകും
എൻ മനസ്സിലുണരും നോവുകൾ.
കൂട്ടുകാർ തന്നിടും പുഞ്ചിരിയെങ്ങനെ
മായ്ക്കും ഞാനെൻ ചുണ്ടിൽനിന്ന്
ദൈവമേ, കേഴുന്നു ഞാൻ നിന്നോട്
ഒരിക്കൽ കൂടി തരേണമേ
ഈ മണ്ണിലിനിയൊരു ജീവിതം.



വര: സചീന്ദ്രൻ കാറഡ്ക്ക

# അപ്പുവിന്റെ ബുദ്ധി

**അമേയ**
ക്ലാസ് 7
എസ് എച്ച് സി ജി എച്ച് എസ് എസ്
തൃശ്ശൂർ



വര: സചീന്ദ്രൻ കാറഡ്ക്ക

ചിന്നുവും അനിയൻ അപ്പുവും അമ്മയുടെയും അച്ഛന്റെയും കൂടെ ഓണത്തിന് പുത്തനുടുപ്പുകൾ വാങ്ങാൻ ടൗണിലേക്ക് പോയതായിരുന്നു. കുറെ നിലകളുള്ള നല്ല തിരക്കുള്ള കടയിലാണ് അവർ കയറിയത്. ഓരോ നിലകളിലായി പ്രത്യേകം വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന വസ്ത്രങ്ങൾ കണ്ട് അവർക്ക് നല്ല സന്തോഷം തോന്നി.

"അമ്മേ... എനിക്ക് തിളങ്ങുന്നൊരു പട്ടുപാവാട വേണം." ചിന്നു പറഞ്ഞു.

"അമ്മേ... എനിക്ക് ജീൻസും ഓവർകോട്ട് ഉള്ള ടോം ആൻഡ് ജെറിയുടെ ബനിയനും വേണം." അപ്പു ചിണുങ്ങിക്കരയാൻ തുടങ്ങി.

"രണ്ടാൾക്കും ഇഷ്ടമുള്ളത് വാങ്ങിത്തരാം." അച്ഛനുമമ്മയും ഒന്നിച്ചു പറഞ്ഞു.

രണ്ടാളും സന്തോഷം കൊണ്ട് തുള്ളിച്ചാടി.

വാതിൽ കടന്ന് ഒന്നാം നിലയിലെ കുട്ടികളുടെ വിഭാഗത്തിലേക്ക് പടികൾ കയറിയെത്തിയപ്പോൾ കണ്ണഞ്ചിപ്പിക്കുന്ന വസ്ത്രങ്ങൾക്കൊപ്പം കളിപ്പാട്ടങ്ങളും പല തരത്തിലുള്ള മാലകളും ഹെയർ ബാൻഡുകളുമൊക്കെ കണ്ട് ചിന്നുവിന്റെയും അപ്പുവിന്റെയും കണ്ണുകൾ തള്ളിപ്പോയി. അവരവിടെ അതൊക്കെയും നോക്കിയങ്ങനെ നിന്നു.

തൊട്ടപ്പുറത്ത് അച്ഛനും അമ്മയും വസ്ത്രങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ചിന്നുവും അപ്പുവിന്റെ കൈപിടിച്ച് അങ്ങോട്ടേക്ക് നീങ്ങി നിന്നു.

അമ്മ ചിന്നുവിന് പട്ടുപാവാടകൾ വെച്ചു നോക്കുമ്പോഴേക്കും അച്ഛനൊരു ഫോൺ വന്നു. ദൂരേക്കു മാറി നിന്ന് അച്ഛൻ സംസാരിക്കുന്നതു കണ്ട അപ്പു കിട്ടിയ തക്കത്തിനു കളിപ്പാട്ടങ്ങൾ വെച്ചിരിക്കുന്ന വശത്തേക്കോടി.

ഭീമൻ ടിപ്പറുകൾ, ബസ്സുകൾ, ജെ സി ബികൾ, ചെണ്ട കൊട്ടുന്ന കുരങ്ങൻ... എത്രയെത്ര കളിപ്പാട്ടങ്ങളാണ്. ജെ സി ബിയിൽ അവൻ കൗതുകത്തോടെ തൊട്ടു നോക്കി. പെട്ടെന്നാണ് പുറകിൽനിന്ന് ഒരു ശബ്ദം കേട്ടത്.

"മോനിത് വേണോ?" അവന് പരിചയമില്ലാത്ത ഒരാൾ ചിരിച്ചുകൊണ്ട് അവന്റെയടുത്തേക്കു വന്നു.

"ഉം." അവൻ തലയാട്ടി.

"പക്ഷേ അച്ഛൻ വാങ്ങിത്തരില്ല." അവൻ പറഞ്ഞു.

"മോന് മാമൻ വാങ്ങിത്തരാം. മോന് മിഠായി ഇഷ്ടാണോ?"

അയാൾ ഒരു മിഠായി അവനു നേരെ നീട്ടി. അവനത്

വാങ്ങിക്കഴിച്ചു. അയാൾ ആ ജെ സി ബി അവന്റെ കൈയിൽ കൊടുത്തു. അത് തിരിച്ചും മറിച്ചും നോക്കുമ്പോൾ പതുക്കെ കണ്ണുകൾ അടഞ്ഞുപോകുന്നതുപോലെ അവനു തോന്നി.

“മാമാ, എനിക്കു തലകറങ്ങുന്നു.”

അയാൾ അവന്റെ കൈപിടിച്ച് പടികളിറങ്ങി.

“മാമാ ഇതെങ്ങോട്ടാണ് എന്നെ കൊണ്ടുപോകുന്നത്?” അവൻ ചോദിച്ചു.

പെട്ടെന്ന് അയാൾ അവന്റെ വായ പൊത്തിപ്പിടിച്ചു.

‘അയ്യോ...’ എന്നുറക്കെ വിളിക്കാൻ അവൻ ശ്രമിച്ചു. പക്ഷേ നാക്കുകൾ കുഴഞ്ഞുപോകുന്നു.

അച്ഛമ്മ പറയാറുള്ള കുട്ടികളെ പിടുത്തക്കാരുടെ കഥ അവനോർമ്മ വന്നു. കൈകൾ അടിച്ചൊടിച്ച് കണ്ണുകൾ കുത്തിപ്പൊട്ടിച്ച് പിച്ചതെണ്ടാൻ ഇരുത്തുമത്രേ. ഓർക്കുമ്പോഴേക്കും അവന് കണ്ണുനിറഞ്ഞു.

“ഇനി ഒരിക്കലും അച്ഛനെയും അമ്മയെയും കാണാൻ പറ്റില്ലേ? എന്റെ ചിന്നുച്ചേച്ചീ...”

അവരെയൊന്നും ഇനി കാണാനാകില്ലല്ലോ എന്നോർത്തപ്പോൾ അവനു കരച്ചിൽ അടക്കാനായില്ല.

എങ്ങിനെയും രക്ഷപ്പെട്ടേ മതിയാകൂ. അയാളിൽനിന്ന് കുതറി രക്ഷപ്പെടാൻ ശ്രമിച്ചിട്ടും രക്ഷയുണ്ടായിരുന്നില്ല. പെട്ടെന്നാണ് അവനൊരു ബുദ്ധി തോന്നിയത്. അവൻ സർവശക്തിയുമെടുത്ത് അയാളുടെ കൈത്തണ്ടയിൽ അമർത്തിക്കടിച്ചു. വേദനകൊണ്ട് അയാൾ പുളയുന്നതുകണ്ടിട്ടും അവൻ കടി നിർത്തിയില്ല. ഒടുവിൽ അയാൾക്ക് വായ പൊത്തിയിരുന്ന കൈയെടുക്കേണ്ടി വന്നു. അയാൾ കൈ എടുത്തപ്പോഴേക്കും,

“കുട്ടികളെ പിടുത്തക്കാരൻ... രക്ഷിക്കണേ...” അപ്പു ഒച്ചയിട്ടു.

എവിടുന്നോ രണ്ട് മൂന്നാൾക്കാർ ഓടിവന്നു. രക്ഷപ്പെടാൻ ശ്രമിച്ച അയാളെ പിടികൂടി പോലീസിലേൽപ്പിച്ചു.

അപ്പോഴേക്കും അപ്പുവിനെ തിരഞ്ഞു അമ്മയും അച്ഛനും ചിന്നുവും പുറത്തെത്തിയിരുന്നു. അമ്മയും ചിന്നുവും അപ്പുവിനെ കാണാതെ കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

അപ്പു ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. അവന്റെ കണ്ണിൽ മയക്കം വിട്ടിരുന്നില്ല.

“മിടുക്കൻ... അപ്പോൾ അവൻ ഈ ബുദ്ധി പ്രയോഗിച്ചില്ലായിരുന്നെങ്കിൽ അയാൾ അവനെയുംകൊണ്ട് കടന്നുകളഞ്ഞേനെ.”

വിവരമറിഞ്ഞ് അവിടെയെത്തിയ പോലീസുകാരൻ അപ്പുവിന്റെ തോളിൽ തട്ടി.

“എന്തായാലും അവനെ ഒന്ന് ഹോസ്പിറ്റലിൽ കൊണ്ടുപോകാം.”

അച്ഛൻ അവനെയും എടുത്ത് കാറിനരികിലേക്ക് നടന്നു.

“ഉടുപ്പ് പിന്നെയെടുക്കാം കേട്ടോ മോളേ... മോൾ വിഷമിക്കേണ്ട.”

അമ്മ ചിന്നുവിനോട് പറഞ്ഞു.

“എന്റപ്പുവിനെക്കാൾ വലുതല്ല അമ്മേ എനിക്ക് പുത്തനുടുപ്പ്.”

ചിന്നു അമ്മയുടെ കൈ പിടിച്ച് കാറിനരികിലേക്ക് നടന്നു.

അപ്പോൾ അച്ഛന്റെ തോളിൽ കിടന്ന് അപ്പു ചിന്നുവിനെ നോക്കി ചിരിച്ചു.

**ഫാത്തിമ സിയ**
ക്ലാസ് 7
ജി എച്ച് എസ് എസ് പെരളശ്ശേരി, കണ്ണൂർ

വര



ഒക്ടോബർ
2023

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# വാർത്തകൾ

## ബാലസാഹിത്യ ക്യാമ്പ് നടത്തി




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും നവയുഗ് ചിൽഡ്രൻസ് തിയ്യേറ്റർ & മൂവി വില്ലേജും ചേർന്ന് സംസ്ഥാനടിസ്ഥാനത്തിൽ ഓഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തീയതികളിൽ കുട്ടികൾക്കായി ബാലസാഹിത്യ രചനാ ക്യാമ്പ് സംഘടിപ്പിച്ചു. കോട്ടയം, കുമാരനല്ലൂരിലായിരുന്നു ക്യാമ്പ്.

ബാലസാഹിത്യരചനകളെ പരിചയപ്പെടുത്തുകയും പുസ്തകവായനയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം സർഗാത്മകരചനകൾ നടത്താനുതകും വിധം കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുക എന്നതായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം.

സംസ്ഥാനത്തുനിന്നു തിരഞ്ഞെടുക്കപ്പെട്ട 35 കുട്ടികൾ പങ്കെടുത്ത ത്രിദിന ക്യാമ്പ്, കോട്ടയം എം എൽ എ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ അവാർഡ് ജേതാവും മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരിയുമായ പ്രിയ എ എസ് മുഖ്യാതിഥിയായ ചടങ്ങിൽ കോട്ടയം എം പി തോമസ് ചാഴിക്കാടൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ പോൾ മണലിൽ, ജോഷി മാത്യു, ഫാ. റോയ് തോട്ടം, ബി എസ് പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

പ്രൊഫ. എസ് ശിവദാസ്, ഡോ. മനോജ് കുറൂർ, ഹരിശങ്കർ, കിളിരൂർ രാധാകൃഷ്ണൻ, സിജിത അനിൽ, ഉണ്ണി അമ്മയമ്പലം, പി ഒ തോമസ്, ചേരാവള്ളി ശശി, ആർട്ടിസ്റ്റ് ഷാജി വാസൻ, ഡോ. അനിൽകുമാർ വടവാതൂർ, പാർവതി, ജോസ് പനച്ചിപ്പുറം, രമ്യ ബിനോയ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ■

## തളിര് സ്കോ

തളിര് സ്കോളർഷിപ്പ് 2023 പ്രചരണാർഥം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിലേക്ക് ഇറങ്ങിച്ചെന്നു. തളിര് സ്കോളർഷിപ്പ് സംബന്ധിച്ച സംശയനിവാരണത്തിനും രജിസ്ട്രേഷനും സഹായിക്കുന്ന സ്റ്റാളുകൾ സ്ഥാപിച്ചാണ് ഇത് സാധ്യമാക്കിയത്.

ഇതോടൊപ്പം പൊതുജനങ്ങൾക്ക് നേരിട്ട്, അവരുടെ കുട്ടികൾക്കായി തളിര് വരിക്കാരാവാനുള്ള സൗകര്യം ഒരുക്കുകയും ചെയ്തു.

കുട്ടികളിൽ വായനാശീലം വർധിപ്പിക്കുന്നതിനും മലയാളഭാഷയുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കാൻ പറ്റും വിധമുള്ള ഇടപെടലുകൾ മുതിർന്നവരുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന ലക്ഷ്യത്തോടെയും തളിര് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികൾക്ക് വഴിയൊരുക്കുന്നതിനായിരുന്നു കാമ്പയിൻ.

തിരുവനന്തപുരം പബ്ലിക് ഓഫീസ്, കേരള സർവകലാശാല, കളക്ട്രേറ്റ് ഓഫീസ്, വികാസ് ഭവൻ, പി എസ് സി ഓഫിസ് പട്ടം എന്നിവിടങ്ങളിലാണ് കാമ്പയിനുകൾ നടന്നത്.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# ളർഷിപ്പ് 2023 കാമ്പയിൻ



കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് നിരവധി കുട്ടികൾ രജിസ്റ്റർ ചെയ്തു.

ജില്ലാതല പരീക്ഷ 2023 നവംബറിൽ നടക്കും. https://ksicl.org/ എന്ന സൈറ്റിൽ പരീക്ഷ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമായിരിക്കും.

പല സ്കൂളുകളിൽനിന്നും നൂറിൽ കൂടുതൽ വിദ്യാർത്ഥികളാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽനിന്ന് നൂറ്റിഅമ്പതോളം കുട്ടികളാണ് രജിസ്റ്റർ ചെയ്തത്. നിസ്സാർ അഹമ്മദ്, സൗമ്യ, രമ്യ, സന്ധ്യ എന്നീ അധ്യാപകരാണ് ഇതിനു നേതൃത്വം നൽകിയത്.

സ്കൂളിൽനിന്ന് തളിര് സ്കോളർഷിപ്പിനുള്ള 126 ഓഫ്‌ലൈൻ രജിസ്ട്രേഷൻ ഫോമുകൾ കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ സ്കൂളിലെത്തി സ്വീകരിച്ചു. കുട്ടികളുമായി സംവദിക്കുകയും ചെയ്തു.

പി ടി എ പ്രസിഡന്റ് ഇ. നസീർ അധ്യക്ഷനായ ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിനോദ് കെ മലയാളഭാഷയുടെ ഉപയോഗത്തെക്കുറിച്ച് പ്രാധാന്യത്തെക്കുറിച്ചും കുട്ടികളുമായി ആശയവിനിമയം നടത്തി.

സ്കൂൾ പ്രിൻസിപ്പൽ ജെസ്സി ജലാൽ, ഹെഡ്മാസ്റ്റർ സുജിത്ത്, സീനിയർ അസിസ്റ്റന്റ് ഷഫീഖ് എന്നിവർ സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി ബീന നന്ദി പറഞ്ഞു. ■

## പാലാ കെ എം മാത്യു ബാലസാഹിത്യ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു

ജനുവരി 2022നും ഡിസംബർ 2022നും ഇടയിൽ പ്രസിദ്ധീകരിച്ച മികച്ച ബാലസാഹിത്യത്തിനുള്ള അവാർഡിന് കൃതികൾ ക്ഷണിക്കുന്നു.

ക്യാഷ് അവാർഡും പ്രശസ്തിപത്രവും ആണ് പുരസ്കാരം. പാലാ കെ എം മാത്യു ഫൗണ്ടേഷൻ ഏർപ്പെടുത്തിയിട്ടുള്ള ഈ അവാർഡിന് തിരഞ്ഞെടുക്കുവാനുള്ള കൃതികളുടെ മൂന്നു കോപ്പികൾ ഒക്ടോബർ 15നു മുമ്പായി

സോമു മാത്യു,
എക്സിക്യൂട്ടീവ് ഡയറക്ടർ,
പാലാ കെ എം മാത്യു ഫൗണ്ടേഷൻ,
കിഴക്കയിൽ,
കളക്ടറേറ്റ് പോസ്റ്റ്,
കോട്ടയം - 686002

എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. വിശദവിവരങ്ങൾക്ക് 8086377993 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023
RNI No. 20076/1970
October 2023
Regd KL/TV (N)/399/2021-2023 Published on 29-09-2023 Vol:30, Issue: 10, ₹25


# തളിര് സ്കോളർഷിപ്പ് 2023

16 ലക്ഷം രൂപയുടെ സ്കോളർഷിപ്പ്

## ജില്ലാതല പരീക്ഷ 2023 നവംബറിൽ



പരീക്ഷ സംബന്ധിച്ച വിശദവിവരങ്ങൾ

**www.ksicl.org**

എന്ന സൈറ്റിൽ ലഭ്യമായിരിക്കും